കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ജില്ലാ ഓഡിറ്റ് കാര്യാലയം
## പാലക്കാട്

email – dopkd.ksad@kerala.gov.in

www.lfa.kerala.gov.in

## പുതുശ്ശേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2017-18

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ-പികെഡി14-810/2019

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്,

തീയതി: 24.07.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പുതുശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :- പുതുശ്ശേരി ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുതുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.
ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:-

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി14-810/2019 തിയ്യതി: 24.07.2019

## പാലക്കാട് ജില്ലയില പുതുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ പുതുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14-9 -2017 മുതൽ 22 -2-2019 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.
29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | മേരി ഹണി ജോസഫ്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23-2 -2019 മുതൽ 7-3-2019 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ.എസ്.പ്രേമാനന്ദ് | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| ശ്രീ.എസ്.എച്ച്. ഷറഫുദ്ദീൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| കെ.വി.സുസ്മിത | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| എ.സുജാത | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| കന്തസ്വാമി. | ഓഡിറ്റർ |

### (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ .ഉണ്ണികൃഷ്ണൻ | 1-4-2017 മുതൽ |

| | | |
|---|---|---|
| | | 31-3-2018 വരെ |
| സെക്രട്ടറി | ശ്രീ.ബാലചന്ദ്രൻ.എം. | 1-4-2017 മുതൽ 21.5.2017 വരെ<br>5.6.2017 മുതൽ 31-3-2018 വരെ |
| സെക്രട്ടറി ഇൻ ചാർജ്ജ് | രാജ് കുമാർ | 22.5.17 മുതൽ 4.6.2017 |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.സുധാകരൻ | 1-4-2017മുതൽ 30-05-2017 |
| “ “ | ശ്രീ.നന്ദകുമാർ | 31-05-2017 മുതൽ 14-8-2017 വരെ |
| | ശ്രീമതി. ശാന്തി കമ്മത്ത് | 14.08.2017 മുതൽ 31-3-2018 വരെ |
| വി.ഇ.ഒ - 1 | ശ്രീമതി.പ്രസന്ന.വി | 1-4-2017മുതൽ 31-3-2018 വരെ |
| | ശ്രീമതി.അനുഷ.ജെ | 1-4-2017മുതൽ 31-3-2018 വരെ |
| | ശ്രീ.മൂർത്തി.എ | 1-4-2017മുതൽ 31-3-2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സെലീന. ബി.എച്ച്. | 1-4-2017മുതൽ 31-3-2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.കെ.സി.സജീവൻ | 1-4-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ-CHC | ഡോ.ചന്ദ്രിക .സി.സി | 1-4-2017 മുതൽ വരെ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.ദിവ്യ | 1-4-2017 മുതൽ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | | 1-4-2017 മുതൽ 31-3-2018 വരെ |
| സീനിയർ വെറ്ററിനറി സർജ്ജൻ | ശ്രീ.ശിവകുമാർ | 1-4-2017 മുതൽ 31-03-2018 വരെ |
| ഹെഡ് മിസ്ട്രസ്സ് | ശ്രീമതി രത്നമ്മ | 1-4-2017 മുതൽ മുതൽ 31-3-18 |
| അസി.സെക്രട്ടറി | ശ്രീ. രാജ്കുമാർ.എസ് | 1-4-2017 മുതൽ 20-.6-2017 വരെ |
| | ശ്രീ. വിനോദ്കുമാർ | 21-06-2017 മുതൽ 27-09-2017 വരെ |
| | ശ്രീമതി.ബീന.എം.എസ് | 28-09-2017 മുതൽ |

| | | |
|---|---|---|
| | | 31.10.2017 വരെ |
| | ശ്രീ.ടി.ഗിരീഷ് | 1.11.2017 മുതൽ 31-3-2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. എം.എസ്. അഫ്സ | 1-4-2017 മുതൽ 31-3-2018 വരെ |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

24.3.2017 തീയതിയിലെ 1 തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2017 | 12-5-2017 | - | |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2017-18 | 2-7-18 & 3-7-18 | KSAPKD21/1904(87)/29-8-18 |

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 84308961 |
| വരവ് | 191956257 |
| ആകെ | 276265218 |
| ചെലവ് | 219838807 |
| നീക്കിയിരിപ്പ് | 56426411 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ ലാപ്സായത് |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ (ACR പ്രകാരം) | 0 | 38022000 | 38022000 | 35998713 | 2023287 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | 0 | 11140193 | 11140193 | 8733077.00 | 2407116 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | 0 | 2533970 | 2533970 | 1298654.00 | 1235316 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 12296000 | 12296000 | 12124861.00 | 171139 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 5821000 | 5821000 | 5806009.00 | 14991 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 17321038 | 17321038 | 17211279.00 | 109759 |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം)- central | 0 | 3078195.00 | 3078195 | 3076966.00 | 1229 |
| എം.ജി.എൻ.ആർ .ഇ.ജി.എസ് -അഡ്മിനിസ്ട്രേഷൻ | 1724 | 1759892 | 1761616 | 1758075 | 3541 |
| MNREGS തൊഴിലാളികളുടെ കൂലി | 0 | 26401374 | 26401374 | 26401374 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് -ബ്ലോക്ക് പഞ്ചായത്ത് (Appropriation പ്രകാരം)* | 100000 | 4098120 | 4198120 | 2608220 | 1589900 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് ജില്ലാ പഞ്ചായത്ത് (Appropriation പ്രകാരം) | | 4131650 | 4131650 | 4131650 | 0 |
| ബി ഫണ്ട് | | 1402452 | 1402452 | 1402452 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 9244060 | 16598000 | 25842060 | 22845989 | 2996071 |
| തനത് ഫണ്ട്- ബാങ്ക് | 74562159 | 77600171 | 152162330 | 96375482 | 55786848 |

(കുറിപ്പ് 1.ജോയിന്റ് വെഞ്ചർ അക്കൗണ്ട് -ബ്ലോക്ക് പഞ്ചായത്ത് ACRപ്രകാരമുള്ള വരവ് ചെലവാണ് രേഖപ്പെടുത്തിയത്. വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.. Redemption amt(4156308)

മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല)

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 284 | 198855232 | 229 | 119300212 | 55 | 80.63 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1724 | 1759892 | 1761616 | 1758075 | 3541 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 26401374 | 26401374 | 26401374 | 0 |
| ആകെ | 1724 | 28161266 | 28162990 | 28159449 | 3541 |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 6121500 | 508 |
| വിധവാപെൻഷൻ | 24603700 | 1991 |
| വാർദ്ധക്യകാലപെൻഷൻ | 48514600 | 3597 |
| വികലാംഗപെൻഷൻ | 5347700 | 453 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.02.2019. ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 96790.രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

# 1-10 ആഭ്യന്തരനിയന്ത്രണം

പുതുശ്ശേരി ഗ്രാമ പഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ കാര്യങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്. ഇന്റേർണൽ ഓഡിറ്റിന്റെ ഭാഗമായി പെർഫോമൻസ് ഓഡിറ്റ് വിഭാഗം കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. ഓഫീസ് മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതുമാണ്.

ചെലവുകൾ ബജറ്റിനനുസരണമായി നിയന്ത്രിക്കുകയും റിവൈസ്ഡ് ബഡ്ജറ്റ് തയ്യാറാക്കി ഭരണസമിതി ചർച്ചചെയത് പാസാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചെലവുകൾ ബഡ്ജറ്റിനനുസരണമായി നിയന്ത്രിക്കുന്നതിനുള്ള സംവിധാനം നിലവിലുള്ള സോഫ്റ്റ്വേറിലില്ല. ഓരോ ചെലവും നടത്തുമ്പോൾ അക്കൗണ്ടന്റ് ബഡ്ജറ്റിൽ അനുവദിച്ച തുകയേക്കാൾ കൂടുന്നുണ്ടോ എന്ന പ്രത്യേകം ശ്രദ്ധിക്കേണ്ടിവരുന്നുണ്ട്. എല്ലാ മേഖലകളിലേയും ആവശ്യകത വിലയിരുത്തിയതിനുശേഷമാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് തെളിയിക്കുന്ന രേഖകൾ ബജറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്ലാൻ, നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയതായും കാണുന്നില്ല.

അക്കൗണ്ടിങ്ങ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഫണ്ട്അക്കൗണ്ട് റൂൾ 13-3 പറയും പ്രകാരമുള്ള ഫണ്ട് തിരച്ചുള്ള ധനകാര്യ പത്രിക തയ്യാറാക്കുന്നില്ല. സ്ഥാപനത്തിന്റെ അക്കൗണ്ടിങ്ങ് രേഖകൾ തീപ്പിടുത്തം, കളവ്, പുറമേ നിന്നുള്ള ഇടപെടലുകൾ, വ്യാജരേഖ ചമക്കൽ എന്നിവയിൽ നിന്നും സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള മതിയായ ക്രമീകരണങ്ങൾ നടത്തിയിട്ടില്ല.

ഓരോ ഇടപാടും നടത്തുന്ന സമയത്തുതന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. പണമിടപാട് നടത്തുന്ന എല്ലാ രേഖകളുടേയും ഡ്യൂപ്ലിക്കേറ്റ് സൂക്ഷിക്കുന്നുണ്ട്. രശീതികൾ പ്രീ നമ്പേർഡ് ആണ്. രശീതി, ചെക്ക് എന്നിവ ക്യാൻസൽ ചെയ്യുമ്പോൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ മാന്വലായ രശീതികൾ സ്ഥാപനത്തിൽ ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഉപയോഗിക്കാത്തവ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ മുഴുവൻ അക്കൗണ്ടുകളും സാംഖ്യയിൽ ചേർത്തിട്ടുണ്ട്. അതിനാൽ എല്ലാ അക്കൗണ്ടുകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുണ്ട്.

ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഓരോരുത്തർക്കും login, password ലഭ്യമാക്കി സുരക്ഷിതത്വം ഉറപ്പാക്കിയിട്ടുണ്ട്. ഒരാളുടെ പാസ്സ് വേർഡ്, ലോഗിൻ എന്നിവ മറ്റുള്ളവർ ഉപയോഗിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. തുക ബാങ്കിൽ അടവാക്കുന്നത് തുക കളക്റ്റ് ചെയ്യുന്ന ആൾ അല്ല. ഓരോ ദിവസത്തെയും വരവ് തുക ക്യാഷിന്റെ ചുമതലയുള്ള സെക്ഷൻ ക്ലാർക്കിനെ (Cashier) ഏൽപ്പിക്കുകയും തുകയുടെ കൃത്യത അക്കൗണ്ടന്റ്, ജൂനിയർ സൂപ്രണ്ട്, സെക്രട്ടറി എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്. തുക അതേ ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം അക്കൗണ്ടന്റ്, ജൂനിയർ സൂപ്രണ്ട് എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്. പൗരാവകാശ രേഖ പുതുക്കി പ്രസിദ്ധീകരിച്ചിട്ടില്ല.

ആയിരം രൂപക്ക് മുകളിലുള്ള തുകകൾ ചെക്കായിട്ടാണ് നൽകുന്നത്. എല്ലാ പേമെന്റുകൾക്കും കൈപ്പറ്റ് രശീതി വാങ്ങുന്നുണ്ട്. പേമെന്റ് വൗച്ചർ സെക്ഷൻ ക്ലാർക്ക് തയ്യാറാക്കി അക്കൗണ്ടന്റ്, ജൂനിയർ സൂപ്രണ്ട് എന്നിവർ പരിശോധിച്ച ശേഷം സെക്രട്ടറി ചെക്കിൽ ഒപ്പ് വെക്കുന്നു. എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ഒറിജിനൽ ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകളിൽ സെക്രട്ടറി, പ്രസിഡണ്ട് ഇവർ ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ബ്ലാങ്ക് ചെക്കുകൾ മുൻകൂർ ഒപ്പിട്ട് വെക്കുന്ന രീതി സ്ഥാപനത്തിൽ നിലവിലില്ല. ഇഷ്യൂ ചെയ്ത ചെക്കുകൾ റിയലൈസ് ചെയ്യുന്നത് ശ്രദ്ധിച്ച് മടങ്ങി വരുന്ന ചെക്കുകൾ ചെക്ക്/ഡി.ഡി. രജിസ്റ്ററിൽ ചേർത്ത് ക്യാൻസൽ ചെയ്യുന്നുണ്ട്. തനത് ഫണ്ട് ചെലവിൽ പൊതുവെ മിതത്വം പാലിച്ചിട്ടുണ്ടെങ്കിലും പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ ജല അതോറിറ്റിക്ക് പ്രതിമാസം ഒടുക്കേണ്ട തുക അതാത് മാസം ഒടുക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടില്ല. മറ്റ് സ്ഥാപനങ്ങൾക്ക് നൽകുവാനുള്ള കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള തുടർനടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ സ്വീകരിക്കേണ്ടതാണ്.

നികുതികൾ കൃത്യമായി ഡിമാന്റ് ചെയ്യുന്നതിലും കുടിശ്ശിക പിരിച്ചെടുക്കുന്നതിലും കാര്യക്ഷമത പുലർത്തിയിട്ടില്ല. പുതിയ വരവിനങ്ങൾ കണ്ടെത്തി സ്ഥാപനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങളൊന്നും തൻവർഷം ഉയർന്നു വന്നിട്ടില്ല. ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുകകളുടെ കാലതാമത്തിന് നിയമപ്രകാരം ഫൈൻ/പിഴപ്പലിശ ഈടാക്കുന്നുണ്ട്. എല്ലാ കളക്ഷനുകളും കാഷ് ബുക്ക്, ലെഡ്ജർ എന്നിവയിൽ ഒരേസമയം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഉണ്ട്. എന്നാൽ വസ്തുനികുതി മാത്രമാണ് ഡി.സി.ബി. രജിസ്റ്റർ സാംഖ്യയുമായി ബന്ധിപ്പിച്ചിരിക്കുന്നത്. മറ്റു നികുതികളുടെയും ലൈസൻസ് ഫീസുകളുടെയും ഡി.സി.ബി പ്രത്യേകം മാന്വലായി തയ്യാറാക്കുകയാണ് ചെയ്യുന്നത്.

കാമ്പ് കലക്ഷനും ഫീൽഡ് കളക്ഷനും നടത്തി നികുതികൾ പിരിച്ചെടുത്തിട്ടുണ്ട്. പിരിഞ്ഞ് കിട്ടാനുള്ള തുകകൾ കൃത്യമായി കണക്കാക്കി അടുത്ത വർഷത്തേക്ക് ക്യാരിഓവർ

ചെയ്യുന്നുണ്ട്. 2017-18ൽ 63% പിരിവ് കൈവരിക്കാനേ സാധിച്ചിട്ടുള്ളൂ. നികുതി കുടിശികയുടെ വിവരം ഈ റിപ്പോർട്ടിന്റെ രണ്ടാം ഭാഗത്ത് ചേർത്തിട്ടുണ്ട്.

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സ്ഥാപനത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും പാലിക്കപ്പെടുന്നുണ്ട്. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ അംഗീകാരത്തോടെയാണ് പർച്ചേസുകൾ നടത്തുന്നത്. എന്നാൽ പ്രൊക്യൂർമെന്റ് പ്ലാൻ, പ്രൊക്യൂർമെന്റ് ബജറ്റ് ഇവ തയ്യാറാക്കുന്നില്ല. പർച്ചേസ് ഓർഡർ, വർക്ക് ഓർഡർ, കരാറുകൾ എന്നിവ കൃത്യമായി ചമക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്ത് ഓഫീസിലേക്ക് വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്കിലെടുക്കുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. പേമെന്റ് നടത്തുന്നതിനു മുൻപ് ഒറിജിനൽ ഇൻവോയ്സ്/ ബില്ലിൽ സ്റ്റോക്ക് എൻട്രി വിവരം ചേർത്തിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കുന്നുണ്ട്. ആസ്തികളുടെ മൂല്യം സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ആസ്തികളുടെ വർഷാന്ത്യ നീക്കിയിരുപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കുന്നില്ല. വാങ്ങിയ സാധന സാമഗ്രികൾ ഭദ്രമായി സൂക്ഷിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. പക്ഷെ സ്റ്റോക്ക്&സ്റ്റോർസ്, മറ്റ് വിലപ്പെട്ട രേഖകൾ എന്നിവക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ല.

സർവ്വീസ് ബുക്കുകളും, ലീവ് റെക്കോർഡുകളും അറ്റൻഡൻസ് രജിസ്റ്ററും ശരിയായി സൂക്ഷിക്കുന്നുണ്ട്. ടാക്സുകൾ, പി.എഫ്., മറ്റ് നിയമപരമായ റിക്കവറികൾ തുടങ്ങി ജീവനക്കാരിൽ നിന്നും ഈടാക്കുന്നവ കൃത്യമായി അടവാക്കുന്നുണ്ട്.

ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല. 2012-13വരെ ആര്ജ്ജിച്ച ആസ്തികളുടെ വിവരങ്ങൾ മാത്രമാണ് ആസ്തി രജിസ്റ്ററിൽ പരിശോധിച്ചുറപ്പാക്കിയിട്ടുള്ളൂ. ആസ്തി രജിസ്റ്റർ കാലികമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. മുഴുവൻ ആസ്തികളുടെയും മൂല്യം കണക്കാക്കി വിവരങ്ങൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തുന്നതിനും ആസ്തികളുടെ മൂല്യശോഷണം കണക്കാക്കി ബാലൻസ്ഷീറ്റിൽ കൃത്യത ഉറപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. ആസ്തികൾ കൃത്യമായി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അനാവശ്യവും കാലഹരണപ്പെട്ടതുമായ ആസ്തികൾ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അതേസമയം നാശോന്മുഖമാകുന്നതിനു മുൻപ് വില്പന നടത്താൻ ശ്രദ്ധിക്കുന്നുണ്ട്. എന്നാൽ E-Waste ആയ കമ്പ്യൂട്ടറുകളുടെയും അനുബന്ധ സാമഗ്രികളുടെയും ഭാഗങ്ങൾ ഇനിയും ഒഴിവാക്കേണ്ടതായിട്ടുണ്ട്..

പഞ്ചായത്ത് കമ്മറ്റി മീറ്റിങ്ങിന് Software ലൂടെ മിനുട്ട്സ് തയ്യാറാക്കുന്നതിന് സംവിധാനമുള്ളത്. ഗ്രാമ സഭ, വർക്കിങ്ങ് ഗ്രൂപ്പ്, സ്റ്റാന്റിങ്ങ് കമ്മറ്റി ഇവയുടെ മിനുട്ട്സുകളും Online സംവിധാനത്തിലേക്കുമാറേണ്ടതുണ്ട്.

പദ്ധതി നടത്തിപ്പ് കാര്യക്ഷമത ഉറപ്പ് വരുത്തേണ്ടതാണ്. 2017-18 വർഷം പദ്ധതിക്കായി വകയിരുത്തിയ ഗ്രാന്റുകളുടെയും അവയുടെ വിനിയോഗത്തിന്റെയും വിവരം ചുവടെ കൊടുക്കുന്നു.

| ഇനം | വകയിരുത്തിയത് | ചെലവ് | ശതമാനം |
|---|---|---|---|
| പ്ലാൻ (ജനറൽ) | 45001824 | 35998713 | 79.99 |
| പ്ലാൻ (എസ്.സി.പി) | 14047000 | 8733077 | 62.17 |
| പ്ലാൻ (ടി.എസ്.പി) | 2883197 | 1298654 | 45.04 |
| ധനകാര്യ കമ്മീഷൻ അവർഡ് | 23500663 | 17211279 | 73.24 |
| ലോക ബാങ്ക് ധനസഹായം | 3117553 | 3076966 | 98.7 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 17967146 | 12124861 | 67.48 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 9235488 | 5806009 | 62.87 |

ചെലവഴിക്കാത്ത ഗ്രാന്റുകൾ തുടർ വർഷങ്ങളിൽ ലഭ്യമാവാത്ത സാഹചര്യത്തിൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി അതാത് വർഷങ്ങളിൽ തന്നെ ഉപയോഗപ്പെടുത്തി ഗ്രാമ പഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ ഗ്രാമപഞ്ചായത്തിലെ ജനങ്ങളും ഭരണ സമിതി അംഗങ്ങളും സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും ജിവനക്കാരും ശ്രദ്ധാപൂർവ്വം പ്രവർത്തിക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.1.19-30.1.19 | 12/18 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.2.16 to 11.3.17 | 2010-11 to 2014-15 | 2.5.16 |

# 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകൾ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 വസ്തു നികുതി കുറവായി ഈടാക്കി

വസ്തു നികുതി നിർണ്ണയ രജിസ്റ്റർ (സഞ്ചയ സോഫ്റ്റ്വെയറിലെ ഫോറം-6), മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചപ്പോൾ, പഞ്ചായത്ത് പ്രദേശത്തെ താഴെ പറയുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചിട്ടുള്ളത് അവയുടെ യഥാർത്ഥ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിലല്ല എന്നും തന്മൂലം നികുതി നഷ്ടം ഉണ്ടാകുന്നതായും കണ്ടെത്തി.

| ക്രമ നം | ഉടമ | ഡോർ നം | തറ വിസ്തീർണ്ണം | ഈ ടാക്കി വരുന്ന നിരക്ക് (ഒരു ച. മീറ്ററിന്) | ഈടാക്കി വരുന്ന വാർഷിക വസ്തു നികുതി ലൈബ്രറി സെസ്സ് ഉൾപ്പടെ | ഈടാക്കേണ്ട നിരക്ക് (ഒരു ച. മീറ്ററിന്) | നിശ്ചയിക്കാവുന്ന വാർഷിക വസ്തു നികുതി ലൈബ്രറി സെസ്സ് ഉൾപ്പടെ | 2017-18 വർഷത്തെ നികുതി നഷ്ടം |
|---|---|---|---|---|---|---|---|---|
| 1 | പ്രസിഡൻറ്, ഇൻഡ്യൻ മെഡിക്കൽ അസോസിയേഷൻ | 2/21 | 291 | 30 (100 ച.മീ. വരെ തറവിസ്തീർണ്ണമുള്ള ഷോപ്പുകൾ) | 9922 | 50 (100 ച.മീ. ന് മുകളിൽ തറവിസ്തീർണ്ണമുള്ള ഷോപ്പുകൾ) | 12222 | 2300 |
| 2 | കെ. പ്രകാശ് ബാബു | 3/1269 | 214 | 30 (100 ച.മീ. വരെ തറവിസ്തീർണ്ണമുള്ള ഷോപ്പുകൾ) | 8764 | 80 (100 ച.മീ. വരെ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ്,ഷോപ്പിംഗ് മാളുകൾ) | 23369 | 14605 |
| 3 | പി ആർ കൃഷ്ണകുമാർ | 10/735 | 293.37 | 30 (100 ച.മീ. വരെ തറവിസ്തീർണ്ണമുള്ള ഷോപ്പുകൾ) | 9243 | 50 (100 ച.മീ. ന് മുകളിൽ തറവിസ്തീർണ്ണമുള്ള ഷോപ്പുകൾ) | 15403 | 6160 |
| 4 | ജനറൽ മാനേജർ | 2/97 | 264 | 30 (100 ച.മീ. വരെ തറവിസ്തീർണ്ണമുള്ള ഷോപ്പുകൾ) | 5822 | 50 (100 ച.മീ. ന് മുകളിൽ തറവിസ്തീർണ്ണമുള്ള ഷോപ്പുകൾ) | 9702 | 3880 |
| 5 | M/s വിജയ് | 2/122 | 830 | 30 (100 ച.മീ. വരെ | നൂറ് ശതമാനത്തിൽ നിശ്ചയിച്ചതിനാൽ നികുതി വർദ്ധനവ് ഇല്ല. | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | പ്രോസ സ്സർസ് | | | തറവിസ്തീർ ണ്ണമുള്ള ഷോപ്പുകൾ) | | | | |
| 6 | ഗ്ലാഡ് സൺ യാക്കോപ്പ് | 6/193 | 250 | 30 (100 ച.മീ. വരെ തറവിസ്തീർ ണ്ണമുള്ള ഷോപ്പുകൾ) | 5513 | 50 (100 ച.മീ. ന് മുകളിൽ തറവിസ്തീർ ണ്ണമുള്ള ഷോപ്പുകൾ) | 8711 | 3198 |

ഉപയോഗക്രം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചതുവഴിയുണ്ടായ നഷ്ടത്തുക ഈടാക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണ്ണയിച്ച് സഞ്ചയ സോഫ്റ്റ് വെയറിൽ പുതുക്കിയ ഫോറം-6 ഓഡിറ്റിന് സമർപ്പിക്കേണ്ടതുമാണ്.

# 2-2 വസ്തുനികുതി - കുടിശ്ശിക തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം വസ്തുനികുതി ഇനത്തിൽ നിൽക്കുന്ന കുടിശ്ശിക തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| 2017-18 വസ്തുനികുതി | |
|---|---|
| റസിഡൻഷ്യൽ | 26,45,821.00 |
| നോൺ റസിഡൻഷ്യൽ | 1,44,91,602.00 |
| ആകെ | 1,71,37,423.00 |

ആകെ 1,71,37,423/- രൂപ വസ്തു നികുതി കുടിശ്ശികയായി അവശേഷിക്കുന്നു. കുടിശ്ശിക തുക ഈടാക്കുന്നതിന് ഭരണസമിതിയും ഉദ്യോഗസ്ഥരും കാര്യക്ഷമമായ നടപടികൾ സ്വീകരിച്ച് കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കി നികുതിപിരിവ് 100 ശതമാനം കൈവരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-3 മൊബൈൽ ടവറുകളുടെ നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്.

പുതുശ്ശേരി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന 21 മൊബൈൽ ടെലിഫോൺ ടവറുകളിൽ 5 മൊബൈൽ ടവറുകളുടെ വസ്തു നികുതിയിനത്തിൽ 125789/- രൂപ കുടിശ്ശികയായി അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. | ടവറിന്റെ പേര് | ഇൻസ്റ്റ ലേഷൻ നടത്തിയ വർഷം | നമ്പർ | കുടിശ്ശിക ഏതു വർഷം മുതൽ | വസ്തു നികുതി കുടിശ്ശിക |
|---|---|---|---|---|---|---|
| 1 | 2 | Reliance | 2015-16 | 968 | 2017-18 | 18346 |

| | | | | | | |
|---|---|---|---|---|---|---|
| | | Jio | | | | |
| 2 | 2 | Reliance Jio | 2015-16 | 1002 | 2017-18 | 2857 |
| 3 | 10 | Dishnet wireless Ltd | 2013-14 | 48 | 2013-14 | 40320 |
| 4 | 12 | Selvaraj, mobile tower | 2009-10 | 56 | 2009-10 | 13236 |
| 5 | 12 | Reliance tower | 2013-14 | 454 | 2013-14 | 51030 |

കുടിശ്ശിക ഈടാക്കുന്നതിനും അനധികൃത മൊബൈൽ ടവറുകൾ കണ്ടെത്തുന്നതിനും വ്യക്തമായ നിർദ്ദേശങ്ങൾ പഞ്ചായത്ത് ഡയറക്ടറുടെ 25-10-2017 ലെ സർക്കുലർ നം.സി13-18009/17 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതു പ്രകാരം ഗ്രാമപഞ്ചായത്ത് പരിശോധനാ നടപടികൾ സ്വീകരിക്കേണ്ടതും അനധികൃത മൊബൈൽ ടവറുകൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 11/07.03.2019) മറുപടി ലഭിച്ചിട്ടില്ല.

# 2-4 തൊഴിൽനികുതി പിരിച്ചെടുക്കുന്നതിലെ അപാകതകൾ

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 204(1), 204 ii (a)(1) എന്നിവ പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ അറുപത് ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകും. 204 ii (b) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് താമസിച്ചു കൊണ്ട് പഞ്ചായത്ത് പ്രദേശത്തോ അതിനു വെളിയിലോ ഒരു തൊഴിലിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസനസ്സ് നടത്തുകയോ ആയതിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുയും ചെയ്യുന്ന ഏതൊരാളും തൊഴിൽനികുതി നൽകുവാൻ ബാധ്യസ്ഥനാണ്. എന്നാൽ, ഗ്രാമപഞ്ചായത്തിൽ വിവിധ സ്ഥാപനങ്ങളിൽനിന്നും ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

എ) ജീവനക്കാരുടെ തൊഴിൽ നികുതി-ഡിമാന്റ് രജിസ്റ്ററിൽ എല്ലാ സ്ഥാപനങ്ങളെയും ഉൾക്കൊള്ളിച്ചിട്ടില്ല

2017-18 സാമ്പത്തിക വർഷത്തിലെ സ്ഥാപന രജിസ്റ്റർ പ്രകാരം 569 സ്ഥാപനങ്ങളാണ് പുതുശ്ശേരി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിരുന്നത്. സ്ഥാപന രജിസ്റ്റർ പ്രകാരമുള്ള എല്ലാ സ്ഥാപനങ്ങളെയും ഡിമാന്റ് രജിസ്റ്ററിൽ ചേർത്ത് നികുതി അടവാക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല. ഒന്നാം അർദ്ധവർഷത്തിൽ 261 സ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്നും രണ്ടാം

അർദ്ധവർഷത്തിൽ 267 സ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്നമാണ് തൊഴിൽനികുതി ഈടാക്കിയിട്ടുള്ളത്. ബാക്കി നികുതി അടവാക്കാൻ വിട്ടുപോയിട്ടുള്ള സ്ഥാപനങ്ങൾക്കെതിരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഡിമാന്റ് രജിസ്റ്റർ പ്രകാരം 100% നികുതി ഈടാക്കിയതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തൊഴിൽനികുതി അടവാക്കാൻ വിട്ടുപോയ സ്ഥാപനങ്ങളെ അരിയർ ഡിമാന്റിൽ ഉൾപ്പെടുത്തുന്നതിന് അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
തൊഴിൽനികുതി ഈടാക്കിയിട്ടില്ലാത്ത സ്ഥാപനങ്ങളുടെ ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ. നം | സ്ഥാപനത്തിന്റെ പേര് | നികുതി ഈടാക്കിയ അർദ്ധവർഷം | നികുതി ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|---|
| 1 | 3H പബ്ലിക് സ്കൂൾ | - | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 2 | ശിവജ്യോതി ഇംഗ്ലീഷ് മീഡിയം സ്കൂൾ | - | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 3 | ഗായത്രി പബ്ലിക് സ്കൂൾ | - | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 4 | ലിറ്റിൽ ഡ്രോപ്സ് നഴ്സറി സ്കൂൾ | - | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 5 | കൊങ്ങൻപാറ മിൽക് സൊസൈറ്റി | - | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 6 | കേരള സിവിൽസപ്ലൈസ് ,കഞ്ചിക്കോട് | -- | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 7 | ബീപാത്ത് കാസ്റ്റിംഗ്സ് | - | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 8 | ഭഗവതി ട്രേഡേഴ്സ് | - | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 9 | ലാൽ സ്റ്റീൽസ് | ഒന്നാം അർദ്ധവർഷം | രണ്ടാം അർദ്ധവർഷം |
| 10 | റാലിസൺസ് ഇൻഡസ്ട്രീസ് | - | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 11 | അരുൺ ഓക്സിജൻ | - | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 12 | സുരഭി സ്റ്റീൽ ട്യൂബ്സ് | - | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 13 | സുരഭി ഇൻസ്പാറ്റ്സ് | - | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 14 | വഞ്ചിനാട് ഫോർജിംഗ്സ് | ഒന്നാം അർദ്ധവർഷം | രണ്ടാം അർദ്ധവർഷം |
| 15 | മിനാർ അലോയ്സ് | - | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

| | | | |
|---|---|---|---|
| 16 | പ്രീമിയർ അലോയ്സ് | – | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 17 | മാരുതി കാസ്റ്റിംഗ്സ് | – | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 18 | ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ | – | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 19 | സി എൻ എ ടെക്സ് | – | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 20 | എം എ സ്റ്റീൽസ് | – | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 21 | പാരഗൺ യൂണിറ്റ് I&II | – | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 22 | എക്സൽ അമോണിയ | – | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 23 | പ്രീമിയർ ഗ്യാസസ് | ഒന്നാം അർദ്ധവർഷം | രണ്ടാം അർദ്ധവർഷം |
| 24 | രാജേശ്വരി എന്റർപ്രൈസസ് | ഒന്നാം അർദ്ധവർഷം | രണ്ടാം അർദ്ധവർഷം |
| 25 | യുറേക്ക സിസ്റ്റംസ് | – | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 26 | നിക്കോളാസ് ബോട്ടിൽസ് | – | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 27 | വിഷാന്ത് സ്റ്റീൽസ് | – | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 28 | കെ പി എം കല്യാണമണ്ഡപം | – | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 29 | ആർ ബി ഓഡിറ്റോറിയം | – | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 30 | എൻ എസ് എസ് അന്നപൂർണി ഓഡിറ്റോറിയം | – | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 31 | എഫ്ഫാർ ഓഡിറ്റോറിയം | – | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 32 | ഐശ്വര്യ സ്റ്റീൽസ് | – | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 33 | വിജയ ട്രേഡേഴ്സ് | – | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 34 | സതേൺ പോളിമേഴ്സ് | ഒന്നാം അർദ്ധവർഷം | രണ്ടാം അർദ്ധവർഷം |
| 35 | റാലിസൺ എഞ്ചിനീയറിംഗ് | – | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 36 | കാവിൻകെയർ | – | ഒന്നും രണ്ടും |

| | | | |
|---|---|---|---|
| | | | അർദ്ധവർഷങ്ങൾ |
| 37 | പാറ്റ്കാസ്റ്റ് | – | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 38 | ഐ എം എ കഞ്ചിക്കോട് | – | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 39 | ഫീനിക്സ് റബ്ബേഴ്സ് | – | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 40 | കള്ളിയത്ത് സ്റ്റീൽസ് | – | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 41 | എ ബി റ്റി പാഴ്സൽ സർവീസ് | – | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 42 | ഡെവ്കോൺ എഞ്ചിനീയറിംഗ് കമ്പനി | – | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 43 | സ്കോട്ട്ഫ്രീ സ്റ്റീൽസ് | – | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 44 | പി പി സ്റ്റീൽസ് | – | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 45 | ഇസാഫ് സ്വാശ്രയ പ്രൊഡ്യൂസേഴ്സ് കമ്പനി | – | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 46 | കള്ളിയത്ത് സ്റ്റീൽ അസോസിയേറ്റ്സ്,പാറ റോഡ് | – | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 47 | എം പി എസ് സ്റ്റീൽ | – | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 48 | പെന്റ പ്ലസ് റബ്ബർ പ്രൊഡക്ട്സ് | – | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 49 | ഗ്രേസ് ഹോട്ടൽ | – | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 50 | ഗുഡ് വിൽ പോളിമാർട്ട് | – | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 51 | യുണൈറ്റഡ് പേപ്പർപ്രോഡക്ട് | – | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 52 | പുതുശ്ശേരി മിൽക് സൊസൈറ്റി,വാളയാർ | – | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 53 | പുതുശ്ശേരി മിൽക് സൊസൈറ്റി,പുതുശ്ശേരി | – | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 54 | ചന്ദ്രാപുരം മിൽക് സൊസൈറ്റി | – | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 55 | കഞ്ചിക്കോട് മിൽക് സൊസൈറ്റി | – | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 56 | ചുള്ളിമട മിൽക് സൊസൈറ്റി | – | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

| | | | |
|---|---|---|---|
| 57 | ഐ സി ഐസി ഐ പ്രുഡൻഷ്യൽ | - | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 5൮ാ | ഇമേജ് യൂണിറ്റ് I&II | - | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

2017-18 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന സ്വകാര്യ സ്ഥാപനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ഡി ആന്റ് ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | വാർഡ് നം./ കെട്ടിടം നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് നം. | ഡി&ഒ അടവാക്കിയ ഫീസ് |
|---|---|---|---|---|
| 1 | 18/002 | മിനാർ അയൺ ആന്റ് മെറ്റൽ | 8/7.2.2017 | 4000 |
| 2 | 18/001 | മിനാർ സ്ററീൽസ് | 9/7.2.2017 | 4000 |
| 3 | 13/728 | ഇൻഡോള സ്റ്റീൽസ്, കഞ്ചിക്കോട് | 10/7.2.2017 | 4000 |
| 4 | 13/728 | ഇൻഡസ് മെഡിക് ഗ്യാസസ് | 11/7.2.2017 | 4000 |
| 5 | 12/705 | പ്രകാഷ് സ്റ്റീൽ കോർപ്പറേഷൻ | 16/14.2.2017 | 4000 |
| 6 | 17/988 | റൂബി സ്റ്റീൽസ് പാറ റോഡ് | 17/14.2.2017 | 5000 |
| 7 | 17/989 | ഹുമയൂൺ അസോസിയേറ്റ്സ് ,അയൺ ആന്റ് സ്റ്റീൽ, കഞ്ചിക്കോട് | 18/14.2.2017 | 4000 |
| 8 | 17/990 | കള്ളിയത്ത് സ്റ്റീൽസ് | 22/14.2.2017 | 4000 |
| 9 | | ജോസഫ് പോളിമേഴ്സ് കഞ്ചിക്കോട് | 57/21.2.2017 | 3000 |
| 10 | 9/728 | ജനറൽ കമ്മോഡിറ്റീസ്, വാളയാർ | 71/22.2.2017 | 5000 |

| | | | | |
|---|---|---|---|---|
| 11 | 2/654 | ശ്രീ വരാഹിയമ്മൻ സ്റ്റീൽസ്, അയൺ ആന്റ് സ്റ്റീൽ | 77/22.2.2017 | 4000 |
| 12 | 2/646 | സൂര്യ എന്റർപ്രൈസസ്, അയൺ ആന്റ് സ്റ്റീൽ | 78/22.2.2017 | 3000 |
| 15 | - | കാവിൻകെയർ പ്രൈവറ്റ് ലിമിറ്റഡ്, | 101/23.2.2017 | 4500 |
| 16 | 16/355,356 | ലോട്ടെ ഇൻഡ്യ കോർപ്പറേഷൻ ലി. | 102/23.2.2017 | 4000 |
| 17 | - | ജെ.ജെ കൺസ്ട്രക്ഷൻ | 104/23.2.207 | 4000 |
| 18 | 14/502 | ഡൗ അഗ്രോ സയൻസ് ഇൻഡ്യ ലി. | 113/23.2.2017 | 4000 |
| 19 | 5/459 | ഹോട്ടൽ ശരവണ ഭവൻ, പുതുശ്ശേരി | 119/25.2.2017 | 4000 |
| 20 | 13/847 | എം.കെ എന്റർപ്രൈസസ് | 143/25.2.2017 | 4000 |
| 21 | 21/455 | ഓപ്പൺ ടേബിൾ റെസ്റ്റോറന്റ്, പുതുശ്ശേരി | 166/28.2.2017 | 4000 |
| 22 | 16/909 | Bee Path കാസ്റ്റിംഗ്സ് പ്രൈവറ്റ് ലിമിറ്റഡ് | 185/28.2.2017 | 12000 |
| 23 | 16/910 | Bee Path കാസ്റ്റിംഗ്സ് പ്രൈവറ്റ് ലിമിറ്റഡ് | 186/28.2.2017 | 35000 |
| 24 | 10/648 | ഐശ്വര്യ സ്റ്റീൽസ്, | 187/28.2.2017 | 6000 |
| 25 | 13/753 | വഞ്ചിനാഡ് ഫോറിൻസ് പ്രൈവറ്റ് ലിമിറ്റഡ് | 217/28.2.2017 | 8720 |
| 26 | 13/747-750 | M/s A.P സ്റ്റീൽ റീറോളിംഗ് മിൽ Ltd. | 250/16.3.2017 | 20000 |
| 27 | 5/556-557 | ശ്രീ ഭഗവതി ട്രേഡേഴ്സ് | 260/21.3.2017 | 4000 |
| 28 | 16/1006 | കെ എസ് ഇ ലി., കാറ്റിൽഫീഡ് ഓയിൽ | 275/23.3.2017280/23.3.2017 | 4000 |

| | | | | |
|---|---|---|---|---|
| 29 | 3/462 | സാനന്തം , എൽപി ജി ഡിസ്ട്രിബ്യൂഷൻ | 280/23.3.2017 | 4000 |
| 30 | 3/462 | സാനന്തം , എൽപി ജി സ്റ്റോക്കിംഗ് | 281/23.3.2017 | 5000 |
| 31 | 12/620 | മറിയൻ കാർട്ടോ പാക്ക്സ്, പാമ്പംപള്ളം | 340/15.4.2017 | 3000 |
| 32 | 13/731,732 | എം എ സ്റ്റീൽസ്, നിഡ, കഞ്ചിക്കോട് | 395/26.5.2017 | 2000 |
| 33 | 13/605-611 | എം പി എസ് സ്റ്റീൽസ് , സ്പോഞ്ച് അയേൺ നിർമാണം | 394/26.5.2017 | 24000 |
| 34 | - | ഗ്ലോബൽ സ്പൈസസ് പ്രൈവറ്റ് | 400/30.5.2017 | 3000 |
| 35 | 18/004 | മിനാർ ഫ്ലോറിംഗ്സ്, സ്റ്റോക്ക് ആന്റ് സെയിൽ | 407/5.6.2017 | 2000 |
| 36 | 18/897 | എസ് കെ ട്രേഡിംഗ്, കഞ്ചിക്കോട്, ട്രേഡിംഗ് പെറ്റ് ബോട്ടിൽ | 412/6.6.2017 | 2000 |
| 37 | 2/120 | S.K.S എഞ്ചിനിയറിംഗ് | 451/20.7.2017 | 4000 |
| 38 | - | ആർ എസ് ട്രേഡിംഗ് | 452/20.7.2017 | 2000 |
| 39 | 18/888 | ട്രാൻസ്സ്റ്റെക്ക് എഞ്ചിനീയറിംഗ്, വെഹിക്കിൾ ബോഡി മേക്കിംഗ്, കഞ്ചിക്കോട് | 455/22.7.2017 | 4000 |
| 40 | 22/85 | അറബ് ഫോറിൻ ,പുതുശ്ശേരി, | 475/4.8.2017 | 4000 |
| 41 | 22/882-885 | റോയൽ മോട്ടേഴ്സ്, ട്രാക്ടർ ഡീലേഴ്സ് | 481/10.8.2017 | 4000 |
| 42 | 9/771,772 | സ്റ്റാർ ഷൈൻ അലൂമിനിയം , | 491/19.8.2017 | 5250 |

| | | | | |
|---|---|---|---|---|
| | | മാനുഫാക്ചറിംഗ് യൂണിറ്റ് | | |
| 43 | 17/538 | പാരഗൺ സ്റ്റീൽസ് പ്രൈവറ്റ് | 534/13.10.2017 | 4000 |
| 44 | 14/626 | ഹരേകൃഷ്ണ സ്റ്റീൽസ്, ട്രേഡിംഗ് അയൺ | 548/7.11.2017 | 2000 |
| 45 | 16/205 | ഇഗൻ സ്റ്റീൽസ്, പാറ റോഡ്, | 579/16.12.2017 | 4000 |

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ , തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുന്ന മുഴുവൻ ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി, ഈയിനത്തിലുള്ള വരവ് വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

ബി)താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|
| പാലക്കാട് ഡിസ്ട്രിക്ട് കോ.ഓപ് ബാങ്ക് | ഒന്നാം അർദ്ധ വർഷം |
| പഞ്ചാബ് നാഷണൽ ബാങ്ക് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| എസ് ബിടി പുതുശ്ശേരി | ഒന്നാം അർദ്ധ വർഷം |
| മുത്തൂറ്റ് ഫിൻകോർപ്പ് | രണ്ടാം അർദ്ധവർഷം |
| കാവിൽസ് പെട്രോപാർക്ക് പുതുശ്ശേരി | രണ്ടാം അർദ്ധവർഷം |
| അർത്ഥ ഹെർബ്സ് | രണ്ടാം അർദ്ധവർഷം |
| ബി.എസ്.എൻഎൽ . പാലക്കാട് | ഒന്നാം അർദ്ധ വർഷം |
| കഞ്ചിക്കോട് മിൽക്ക് സൊസൈറ്റി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| ചന്ദ്രപുരം മിൽക്ക് സൊസൈറ്റി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| പുതുശ്ശേരി മിൽക്ക് സൊസൈറ്റി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| ഇസാഫ് സ്വാശ്രയ പ്രൊഡ്യൂസേഴ്സ് ,കഞ്ചിക്കോട്. | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| എഫ്ഫാർ ഓഡിറ്റോറിയം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| എൻ.എസ്.എസ്.ഓഡിറ്റോറിയം | ഒന്നും രണ്ടും അർദ്ധ വർഷം |
| | |

| | |
|---|---|
| ആർ.ബി.ഓഡിറ്റോറിയം | ഒന്നും രണ്ടും അർദ്ധ വർഷ |
| ഗോമാത ഓഡിറ്റോറിയം | ഒന്നം രണ്ടും അർദ്ധവർഷങ്ങൾ |
| കെ.പി.എം കല്യാണമണ്ഡപം | ഒന്നം രണ്ടും അർദ്ധവർഷങ്ങൾ |
| ലാഭം സൂപ്പർമാർക്കറ്റ് കഞ്ചിക്കോട് | ഒന്നം രണ്ടും അർദ്ധവർഷങ്ങൾ |
| മാവേലിസ്റ്റോർ കഞ്ചിക്കോട് | ഒന്നം രണ്ടും അർദ്ധവർഷങ്ങൾ |
| I.C.I.CI.പ്രൂഡൻഷ്യൽ കോ ഓപ്പ്റേറ്റീവ് ലിമിറ്റഡ് | ഒന്നം രണ്ടും അർദ്ധവർഷങ്ങൾ |
| കോർപ്പറേഷൻ ബാങ്ക് കഞ്ചിക്കോട് | ഒന്നം രണ്ടും അർദ്ധവർഷങ്ങൾ |
| എസ്.ബി.എെ.കഞ്ചിക്കോട് | ഒന്നം രണ്ടും അർദ്ധവർഷങ്ങൾ |
| എസ് ബി ഐ വാളയാർ | ഒന്നം രണ്ടും അർദ്ധവർഷങ്ങൾ |

ഡി)നിശ്ചിതമാതൃകയിൽ റിട്ടേൺ ലഭ്യമാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിലെ എല്ലാ സ്ഥാപനങ്ങളും നിശ്ചിത ഫോർമാറ്റിലാണ് തൊഴിൽനികുതി റിട്ടേൺ സമർപ്പിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നില്ല. മിക്ക സ്ഥാപനങ്ങളും ജീവനക്കാരുടെ ആകെ വരുമാനം മാത്രം രേഖപ്പെടുത്തിയാണ് റിട്ടേൺ സമർപ്പിക്കുന്നത്. പെപ്സിക്കോ എന്ന സ്ഥാപനത്തിലെ ഒന്നാം അർദ്ധവർഷത്തെ തൊഴിൽനികുതി റിട്ടേണിൽ വരുമാനമൊന്നും രേഖപ്പെടുത്താതെ സ്ഥാപനം 175 ജീവനക്കാരുടെ നികുതി തുക മാത്രം രേഖപ്പെടുത്തിയാണ് സമർപ്പിച്ചിരിക്കുന്നത്. എല്ലാ സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകി നിശ്ചിത മാതൃകയിൽ തൊഴിൽനികുതി റിട്ടേൺ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇ)തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

പ്യാരിലാൽ ഫോം പ്രൈ.ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ജീവനക്കാരിൽനിന്നും തൊഴിൽനികുതി കുറവായി ഈടാക്കിയിട്ടുള്ളതായി കണ്ടെത്തി. വിശദാംശം താഴെ ചേർക്കുന്നു

ഒന്നാം അർദ്ധവർഷം

| ജീവനക്കാരന്റെ പേര് | അർദ്ധ വർഷത്തെ വരുമാനം | ഈടാക്കിയ നികുതി | ഈടാ ക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| സുരേഷ്ചന്ദ്ര ബാരിക്ക് | 57932 | 300 | 450 | 150 |
| പ്രശോഭ് | 59052 | 300 | 450 | 150 |
| മിതിലേഷ് കുമാർ | 46665 | 300 | 450 | 150 |
| ബാലഭദ്രനായിക് | 48625 | 300 | 450 | 150 |
| ലക്ഷ്മൺ ചൗപാൽ | 47105 | 300 | 450 | 150 |
| അരുൺകുമാർ മഹാതോ | 47565 | 300 | 450 | 150 |
| ലാലൻ ചൗപാൽ | 45300 | 300 | 450 | 150 |
| ഫുൽ ചൗപാൽ | 36900 | 180 | 300 | 120 |
| ജയബാബുദാസ് | 37500 | 180 | 300 | 120 |
| മിതിലേഷ് പാസ്വാൻ | 48000 | 300 | 450 | 150 |
| രജിബ് പോൾ | 38462 | 180 | 300 | 120 |
| ദിലീപ് ചൗപാൽ | 30462 | 180 | 300 | 120 |
| ഗോർ പണ്ഡിറ്റ് | 35462 | 180 | 300 | 120 |
| സഞ്ചയ് പസി | 38462 | 180 | 300 | 120 |
| രോഹിത് കുമാർ ചൗപാൽ | 35462 | 180 | 300 | 120 |
| ദീപക് കുമാർചൗപാൽ | 38462 | 180 | 300 | 120 |
| ഭാരത്ചൗപാൽ | 38462 | 180 | 300 | 120 |
| അജയ്കുമാർ ചൗപാൽ | 38462 | 180 | 300 | 120 |
| ആകെ | | | | 2400 |

രണ്ടാം അർദ്ധവർഷം

| ജീവനക്കാരന്റെ പേര് | അർദ്ധ വർഷത്തെ വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|
| വിനോദ് | 64575 | 300 | 600 | 300 |
| സുനിൽകുമാർ പാസ്വാൻ | 49651 | 300 | 450 | 150 |
| ബാലഭദ്രനായിക് | 51926 | 300 | 450 | 150 |
| സുരാജ്ദേവ്പാസ്വാൻ | 49165 | 300 | 450 | 150 |
| എ കാർത്തികേയൻ | 50906 | 300 | 450 | 150 |
| സോൺലാൽ മഹാതോ | 51660 | 180 | 450 | 270 |

| | | | | |
|---|---|---|---|---|
| രാജേഷ്കുമാർ യാദവ് | 42180 | 180 | 300 | 120 |
| രാജേഷ് കുമാർ | 41039 | 180 | 300 | 120 |
| രഞ്ജിത് കുമാർമണ്ഡൽ | 42180 | 180 | 300 | 120 |
| സഞ്ചയ് ചൗപാൽ | 47970 | 180 | 450 | 270 |
| ജയബാബുദാസ് | 47970 | 120 | 450 | 330 |
| രാജേഷ്കുമാർ ഗണേഷ് | 45446 | 300 | 450 | 150 |
| ദേവരാവ് | 37586 | 120 | 300 | 180 |
| ഷനതോസ് കുമാർ | 31309 | 120 | 300 | 180 |
| മിതിലേഷ് പാസ്വാൻ | 32400 | 120 | 300 | 180 |
| ബീരേന്ദ്ര കുമാർ | 32961 | 120 | 300 | 180 |
| സന്ദീപ് കുമാർ | 49200 | 180 | 450 | 270 |
| ദീലീപ് ചൗപാൽ | 36892 | 120 | 300 | 180 |
| ഭരത് ചൗപാൽ | 45162 | 180 | 450 | 270 |
| ആകെ | | | | 3720 |

ആകെ കുറവായി ഈടാക്കിയ തുക 3720 രൂപ ഉത്തരവാദികളായവരിൽനിന്ന് ഈടാക്കേണ്ടതാണ്. തുക കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.28/8.3.2019) മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

# 2-5 ബിൽഡിംഗ് പെർമിറ്റ്-അപാകതകൾ

പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷത്തെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, പെർമിറ്റ് ഫയലുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. കെട്ടിടങ്ങളുടെ ക്രമവൽകരണം സംബന്ധിക്കുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2011 ലെ ചട്ടം 137(3) പ്രകാരം കെട്ടിടങ്ങളുടെ ക്രമവൽകരണം സംബന്ധിച്ച നിബന്ധനകൾ, രാജിയാക്കൽ ഫീസ് എന്നിവ ഉൾപ്പെടെ പൂർണ്ണമായ വിവരങ്ങൾ അടങ്ങുന്ന ഒരു രജിസ്റ്റർ 'അനുബന്ധം-ജെ' മാതൃകയിൽ സൂക്ഷിക്കേണ്ടതാകുന്നു. ക്രമവൽകരണം സംബന്ധിക്കുന്ന രജിസ്റ്റർ സൂക്ഷിക്കുകയോ ക്രമവൽകരിച്ച കെട്ടിടത്തിന്റെ വിവരങ്ങൾ എവിടെയും രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2. പെർമിറ്റ് ഫീസ് കണക്കാക്കുന്നതിന് ഫ്ലോർ ഏരിയക്ക് പകരം പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കിയിരിക്കുന്നു

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2011 ലെ ചട്ടം 11(3) പ്രകാരമുള്ള ഷെഡ്യൂൾ II ൽ പെർമിറ്റിനുള്ള ഫീസ് നിരക്ക് ആകെ ഫ്ലോർ ഏരിയയുടെ അടിസ്ഥാനമാക്കിയാണ് നിശ്ചയിച്ചിട്ടുള്ളത് (per sqare metre of floor area). കൂടാതെ കാർഷെഡ്, ടൊയ്‌ലറ്റ്, വാച്ച് & വാർഡ് കാബിൻ മുതലായവയും ഫ്ലോർ ഏരിയയോടൊപ്പം പെർമിറ്റ് ഫീസ് കണക്കാക്കുന്നതിന് ചേർക്കേണ്ടതാണ്. ചട്ടം 8 -ൽ തറവിസ്തീർണ്ണം (Floor Area) കണക്കാക്കേണ്ട വിധം നിർവചിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷം അനുവദിച്ച മുഴുവൻ കെട്ടിട നിർമ്മാണ പെർമിറ്റുകൾക്കും പെർമിറ്റ് ഫീസ് നിശ്ചയിക്കുന്നതിന് അടിസ്ഥാനമാക്കിയിട്ടുള്ളത് പ്ലിന്ത് ഏരിയയാണ്. പെർമിറ്റ് ഫീ ഈടാക്കുന്നതിൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 പ്രകാരമുള്ള നിർദേശങ്ങൾ പാലിക്കേണ്ടതാണ്.

# 2-6 ഡി&ഒ ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം ഗ്രാമ പഞ്ചായത്തു നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ല. ഈ വ്യവസ്ഥ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ മുഴുവൻ വ്യാപാരസ്ഥാപനങ്ങൾക്കും ഡി&ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനാണ് ലക്ഷ്യമിട്ടത്.

എ) മുഴുവൻ വ്യാപാരസ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവന്നിട്ടില്ല.

2017-18 വർഷത്തിൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം വാണിജ്യാടിസ്ഥാനത്തിൽ വസ്തുനികുതി നിർണയിച്ചിട്ടുള്ള 3809 കെട്ടിടങ്ങൾ ഉണ്ട്. ഡി&ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം ആകെ 621 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. വാർഡ് അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന നടത്തി യഥാർത്ഥത്തിൽ പ്രവർത്തിക്കുന്ന വ്യാപാരസ്ഥാപനങ്ങളുടെ കണക്കാക്കി വാർഡുതിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിനുപകരം ഡി&ഒ ലൈസൻസ് എടുത്തിട്ടുള്ള 621 സ്ഥാപനങ്ങളെ മാത്രം ഉൾക്കൊള്ളിച്ചാണ് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുത്. ഇക്കാരണത്താൽ നിരവധി സ്ഥാപനങ്ങൾ ലൈസൻസ് പരിധിയിൽ ഉൾപ്പെടാതെ പോയിട്ടുണ്ട്.

വാർഡ് അടിസ്ഥാനത്തിൽ സ്ഥലപരിശോധന നടത്തി ലിസ്റ്റ് തയ്യാറാക്കി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ വ്യാപാരസ്ഥാപനങ്ങൾക്കും നോട്ടീസ് നൽകി എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് ഫീസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്.

ട്രേഡേഴ്സ് ലിസ്റ്റിൽ മുഴുവൻ സ്ഥാപനങ്ങളെയും ഉൾപ്പെടുത്താത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

ബി) ഡി & ഒ രജിസ്റ്റർ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡി&ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും സ്ഥാപനം സമർപ്പിച്ച
അപേക്ഷ, അനുബന്ധരേഖകൾ എന്നീ രേഖകൾ സൂക്ഷിച്ചിട്ടില്ല. സ്ഥാപനങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഡി&ഒ ലൈസൻസ് ക്രമ നം. | സ്ഥാപനം/ഉടമസ്ഥൻ | ഈടാക്കിയ തുക |
|---|---|---|
| 21/17-18 | സി പി എസ് സ്റ്റീൽസ് ഇൻഡ്യ പ്രൈവറ്റ് ലി. | 33960 |
| 42/17-18 | മലബാർ സിമെന്റ്സ് ലി. | 242630 |
| 56/17-18 | മാർട്ടിൻ പ്ലാസ്റ്റ് | 2500 |
| 57/17-18 | സെന്റ് ജോസഫ് പോളിമേഴ്സ് | 3000 |
| 104/17-18 | ജെ ജെ കൺസ്ട്രക്ഷൻ | 4000 |
| 106/17-18 | സതേൺ പോളിമേഴ്സ് | 3000 |
| 130/17-18 | എൽ ജി റബ്ബർ കമ്പനി | 6000 |
| 154/17-18 | പാലക്കാട് റബ്ബർ പ്രൈവറ്റ് ലി. | 17150 |
| 156-17-18 | ക്രസന്റ് സിമെന്റ്സ് ആന്റ് ട്രേഡിംഗ് | 12970 |
| 166/17-18 | ഓപ്പൺടേബിൾ റെസ്റ്റോറന്റ് | 4000 |
| 173/17-18 | ക്രസെന്റ് പോളിമെർ | 2000 |
| 181/17-18 | ഫിലാടെക്സ് വെച്ചുകുന്നേൽ പ്രൈ.ലി. | 5500 |
| 186/17-18 | ബീപാത്ത് കാസ്റ്റിംഗ്സ് | 35000 |
| 200/17-18 | ബനിസദാർ ഫുഡ് അഡ്വെൻഞ്ചേർസ് | 1000 |
| 340/17-18 | മറിയൻ കാർട്ടോപാക്ക്സ് | 3000 |
| 377/17-18 | റഹ്ന ഓയിൽസ് | 2000 |
| 400/17-18 | ഗ്ലോബൽ സ്പൈസസ് ലി. | 3000 |
| 421/17-18 | ഇന്ദിരാസ് പോളിമേഴ്സ് | 1000 |

| | | |
|---|---|---|
| 422/17-18 | കെ എം എസ് ഗുഡാൽ, അലൂമിനിയം എക്സ്ട്രാക്ഷൻ | 4000 |
| 423/17-18 | എ പി റാഫേൽ, റാലിസൺ ഇൻഡസ്ട്രീസ് | 4000 |
| 619/17-18 | അനിൽകുമാർ ജെയിൻ വിഷാന്ത് സ്റ്റീൽസ് | 3000 |
| 621/17-18 | വേൾഡ് വൈഡ് അയൺ ആന്റ് സ്റ്റീൽസ് | 27370 |

സി) താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ആവശ്യമായ നിരാക്ഷേപ പത്രങ്ങൾ ഹാജരാക്കാതെ ഡി&ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

| ഡി&ഒ ലൈസൻസ് ക്രമ നം. | സ്ഥാപനം/ ഉടമസ്ഥൻ | ആവശ്യമായ നിരാക്ഷേപ സാക്ഷ്യപത്രം |
|---|---|---|
| 15/17-18 | കാവിൽസ് പെട്രോൾ ബങ്ക് | ഫയർ എൻ ഒ സി ഇല്ല |
| 24/17-18 | ആന്റണി മനീക്ക്, ഹൈടെക്ക് ഇൻഡസ്ട്രീസ്, മെറ്റൽ ക്രഷർ | മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നുള്ള അനുമതിപത്രം ഇല്ല |
| 25/17-18 | സ്റ്റെർലിംഗ് ഗ്യാസസ് ലി. | മലിനീകരണ നിയന്ത്രണ ബോർഡ് സാക്ഷ്യപത്രം ഇല്ല |
| 50/17-18 | അമൃത് ഡിസ്റ്റലറീസ് | മലിനീകരണ നിയന്ത്രണ ബോർഡ് സാക്ഷ്യപത്രം 30.6.2015 വരെ മാത്രം |
| 66/17-18 | പ്രീകോട്ട് മെറിഡിയൻ ലി. | ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ലൈസൻസ് ഡിസംബർ 2017 വരെ |
| 71/17-18 | ജനറൽ കമ്മോഡിറ്റീസ് പ്രൈ.ലി | മലിനീകരണ നിയന്ത്രണ ബോർഡ് സാക്ഷ്യപത്രം, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ലൈസൻസ് എന്നിവ ഇല്ല |
| 81/17-18 | പ്രീമിയർ ഗ്യാസസ് | ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ലൈസൻസ് ഡിസംബർ 2017 വരെ, ഫയർ എൻഒസി 12/2017 വരെ |
| 91/17-18,92/17-18 | കോസോ ഇൻഡ്യ പ്രൈ.ലി. | ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ലൈസൻസ് ഡിസംബർ 2017 വരെ, മലിനീകരണ നിയന്ത്രണ ബോർഡ് സാക്ഷ്യപത്രം 31.12.2017 വരെ |
| 113/17-18 | ഡൗ അഗ്രോ സയൻസ് ഇൻഡ്യ ലി. | മലിനീകരണ നിയന്ത്രണ ബോർഡ് സാക്ഷ്യപത്രം ഇല്ല |
| 158/17-18 | അർത്ഥ ഹെർബ്സ് എക്സ്ട്രാക്ട്സ് | ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ലൈസൻസ് |

| | | |
|---|---|---|
| 167/17-18 | ഇൻസ്ട്രുമെന്റേഷൻ ലി. | സാനിറ്ററി സർട്ടിഫിക്കറ്റ് ഇല്ല |
| 202/17-18 | കഞ്ചിക്കോട് ഫ്യൂവൽസ് | ഫയർ എൻ ഒ സി ഇല്ല |
| 209/17-18 | പാറയിൽ ഫ്യൂവൽസ് | ഫയർ എൻ ഒ സി ഇല്ല |
| 219/17-18 | ശ്രീധരൻ ലോജിസ്റ്റിക്സ്, ഫുഡ് പ്രൊഡക്ട്സ് | ഫയർ എൻ ഒ സി ഇല്ല, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ലൈസൻസ്, മലിനീകരണ നിയന്ത്രണ ബോർഡ് സാക്ഷ്യപത്രം ഇല്ല |
| 246/17-18 | കൺസ്ട്രക്ഷൻ കെമിക്കൽസ് ഇൻഡ്യ | ഫയർ എൻ ഒ സി ഇല്ല,ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ലൈസൻസ്, മലിനീകരണ നിയന്ത്രണ ബോർഡ് സാക്ഷ്യപത്രം ഇല്ല |
| 256/17-18 | ആക്ടീവ്ചാർ പ്രൊഡക്ട്സ്, മാനുഫാക്ടറിംഗ് ഓഫ് ചാർക്കോൾ പ്രൊഡക്ട് | ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ലൈസൻസ് ഇല്ല |
| 265/17-18 | ഇന്നോടെക്ക് ഇൻഡസ്ട്രീസ് പ്രൈ.ലി., പ്ലാസ്റ്റിക് ബോട്ടിൽ നിർമാണം | മലിനീകരണ നിയന്ത്രണ ബോർഡ് സാക്ഷ്യപത്രം 31.8.2017 വരെ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ലൈസൻസ് 31.12.17 വരെ |
| 266/17 | ശക്തി ആരോഗ്യ ഫുഡ് | ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ലൈസൻസ്, മലിനീകരണ നിയന്ത്രണ ബോർഡ് സാക്ഷ്യപത്രം എന്നിവ ഇല്ല |
| 343എ-/17-18 | സി എൻ എ പ്രോസസേഴ്സ്, കൊങ്ങംപാറ, ഫാബ്രിക് പ്രോസസിംഗ് | ഫയർ എൻ ഒ സി ഇല്ല |
| 394/17-18 | എം പി എസ് സ്റ്റീൽ കാസ്റ്റിംഗ് ലി. സ്പോഞ്ച് അയൺ നിർമാണം | ഫയർ എൻ ഒ സി ഇല്ല, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ലൈസൻസ് 12/2017 വരെ |
| 511/17-18 | രാജേശ്വരി എന്റർപ്രൈസസ്, ഇലക്ട്രോകാസ്റ്റ് ആന്റ് സ്റ്റോൺ ക്രഷിംഗ് | മലിനീകരണ നിയന്ത്രണ ബോർഡ് സാക്ഷ്യപത്രം എന്നിവ ഇല്ല |
| 529/17-18 | കാപ്ഷെയർ ഇംപെക്സ്, മാനുഫാക്ടറിംഗ് സിമെന്റ് | ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ലൈസൻസ്, മലിനീകരണ നിയന്ത്രണ ബോർഡ് സാക്ഷ്യപത്രം, ഫയർ എൻ ഒ സി എന്നിവ ഇല്ല |
| 539/17-18 | അഗസ്റ്റിൻ ടെക്സ്റ്റൈൽസ്,ടെക്സ്റ്റൈൽ പ്രോസസിംഗ് യൂണിറ്റ് | ഫയർ എൻ ഒ സി ഇല്ല |
| 80/17-18 | പാലക്കാട് കാർബോണിക് ഇൻഡസ്ട്രീസ് | മലിനീകരണ നിയന്ത്രണ ബോർഡ് സാക്ഷ്യപത്രം 31.12.2017 വരെ, ഫയർ എൻഒസി 12/2017 വരെ |

ഡി) ഡി&ഒ ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങൾ

2017-18ഗ്രാമപഞ്ചായത്ത് പരിധിയിൽ നിരവധി സ്ഥാപനങ്ങൾ ഡി&ഒ ലൈസൻസ് എടുക്കാതെ പ്രവർത്തിച്ചിരുന്നതായി ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തി. ഒന്നാം അർദ്ധവർഷത്തെ തൊഴിൽനികുതി അടവാക്കിയതും ഡി & ഒ ലൈസൻസ് അടവാക്കിയ സ്ഥാപനങ്ങളുമായി താരതമ്യം ചെയ്തപ്പോൾ താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ തൊഴിൽനികുതി പുതുശേരി ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുള്ളതായി കണ്ടെത്തി.

| സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം | അടവാക്കിയ തൊഴിൽ നികുതി |
|---|---|---|
| ഇൻഡിമേറ്റ് പോളിമേഴ്സ് | 10 | 6300 |
| സെബ്ലാബ്സ് സിസ്റ്റംസ് പ്രൈ.ലി. | 46 | 22860 |
| റോൾമെൻ എഞ്ചിനീയറിംഗ് വർക്ക് | 6 | 3850 |
| സ്റ്റീൽമാക്സ് റോളിംഗ് മിൽസ് | 16 | 11610 |
| സാൻറിയ ഹെൽത്ത്കെയർ പ്രോഡക്ട്സ് | 39 | 21930 |
| ജയോൺ ഇംപ്ലാന്റ്സ് പ്രൈ.ലി | 47 | 8460 |
| വി.എം പോളിടെക്സ് ലി. | 55 | 24300 |
| പെരിയാർ പോളിമേഴ്സ് പ്രൈ.ലി | 66 | 32100 |
| ഡീലക്സ് ബോട്ടിൽസ് പ്രൈ ലി. | 17 | 3420 |
| സ്പിന്നോടെക് ടൂളിംഗ് സൊല്യൂഷൻസ് | 7 | 2400 |
| പയനീർ റൂഫിംഗ് കമ്പനി,വാളയാർ | 36 | 20350 |
| വേര ഡിസ്പ്ലേ ആന്റ് സ്റ്റോറേജ് പ്രൊഡകട്സ് | 31 | 27250 |
| പവർബെസ്റ്റ് ഇലക്ട്രിക്കൽസ് ലി. | 39 | 11320 |
| പ്യാരിലാൽ ഫോംസ് പ്രൈ. ലി. | 79 | 13740 |
| പ്യാരിലാൽ അഗ്രോ ആന്റ് എക്സ്പോർട്സ് ലി. | | 18900 |
| വി.എം.പോളിടെക്സ് ലി. | 55 | 24300 |
| പെരിയാർ പോളിമേഴ്സ് ലി. | 66 | 32100 |
| പവർബെസ്റ്റ് ഇലക്ട്രിക്കൽസ് ലി. | 39 | 11320 |
| ഇന്ദു എഞ്ചിനീയറിംഗ് ഇൻഡസ്ട്രീസ് | 5 | 2700 |
| പ്രകോസ് ടെക്നോളജീസ് പ്രൈ.ലി | 6 | 2540 |
| സിനികോൺ കൺട്രോൾസ് പ്രൈ.ലി | 43 | 11850 |
| GJ മൾട്ടിക്ലേവ്(ഇൻഡ്യ) കോൺട്രാക്ട് വർക്കേഴ്സ് ഓഫ് ഐ എം എ | 50 | 333000 |
| ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലി. | 24 | 28124 |
| കഞ്ചിക്കോട് ക്ഷീരോൽപാദകസംഘം | 3 | 1650 |
| പുതുശ്ശേരി ക്ഷീരോൽപാദക സംഘം | 3 | 1800 |

| | | |
|---|---|---|
| അരുന്ധതി അസോസിയേറ്റ്സ്, പ്രീകോട്ട് മിൽകോളനി | 28 | 16800 |
| ഇ എഫ് എസ് ഫെസിലിറ്റീസ് സർവീസസ് | 15 | 10830 |
| ജി 4 എസ് ഫെസിറ്റീസ് സർവീസസ് | 66 | 26127 |
| ലാൽ സ്റ്റീൽസ് പ്രൈ.ലി | 52 | 24560 |
| അരിഹം ഇൻഡസ്ട്രീസ് | റിട്ടേൺ ലഭ്യമാക്കിയിട്ടില്ല | 3000 |

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 17/7.3.2019) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-7 ഷോപ്പിംങ്ങ് കോംപ്ലക്സിലെ കടമുറികൾ വാടകയ്ക്ക് നൽകുന്നത് - ബൈലോ തയ്യാറാക്കിയിട്ടില്ല.

പുതുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഷോപ്പിംങ്ങ് കോംപ്ലക്സിൽ 19/489, 490, 491, 492 എന്നീ നമ്പറിലായി നാല് മുറികൾ വാടകക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഇവയ്ക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256-ാം വകുപ്പ് പ്രകാരം ഷോപ്പിംങ്ങ് കോംപ്ലക്സിലെ കടമുറികൾ വാടകയ്ക്ക് നൽകുമ്പോൾ തയ്യാറാക്കിയിരിക്കേണ്ട വാടക ബൈലോ ഭരണ സമിതി നാളിതുവരെയായും തയ്യാറാക്കുകയൊ ഇവയ്ക്ക് സർക്കാരിൽ നിന്നും അംഗീകാരം ലഭ്യമാക്കുകയൊ ചെയ്തിട്ടില്ല. സർക്കാർ അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക ഈടാക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. ആയതിനാൽ മുറികൾ വാടകക്കു നൽകുന്നത് സംബന്ധിച്ച ബൈലോ തയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-8 പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് നടപ്പിലാക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്ളാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ന് 24.9.16 ലെ 576/ഡി.സി.1/16, ത.സ്വ. ഭ.വ
സർക്കുലറിലൂടെ താഴെ ചേർത്തിട്ടുള്ള മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് .

1.വിൽപന സാധനങ്ങൾ 50മൈക്രോണിൽ കുറയാത്ത ക്യാരി ബാഗുകൾ മാത്രമേ വിതരണം ചെയ്യാൻ പാടുള്ളൂ.

2.വിൽപന സാധനങ്ങൾ പ്ളാസ്റ്റിക് ക്യാരി ബാഗിൽ വിതരണം ചെയ്യുന്ന വ്യാപാരികളും തെരുവ് കച്ചവടക്കാരും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കണം .

3.ഒരു മാസം കുറഞ്ഞത് 4000 രൂപ നിരക്കിൽ ഒരു വർഷത്തേക്ക് 48000 രൂപ പ്ളാസ്റ്റിക്ക് മാലിന്യ പരിപാലന ഫീയായി മേൽപ്രകാരം ഈടാക്കി രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിജ്ഞാപനം , ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

4.പ്ളാസ്റ്റിക് മാലിന്യത്തിന്റെ തോത് അനുസരിച്ച് കൂടുതൽ മാലിന്യ പരിപാലന ഫീസ് വ്യാപാരികളിൽ നിന്നും ഈടാക്കാവുന്നതാണ്.

5.പ്ളാസ്റ്റിക് ക്യാരി ബാഗുകൾക്ക് ഫീസ് ഈടാക്കുന്നതാണ് എന്നത് വളരെ വ്യക്തമായ രീതിയിൽ കച്ചവട സ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കേണ്ടതാണ്.

6.പ്ലാസ്ററിക് മാലിന്യ പരിപാലന ഫീയായി ഈടാക്കുന്ന തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള സുസ്ഥിര മാലിന്യ പരിപാലന സംവിധാനങ്ങൾക്കായി ഉപയോഗപ്പെടുത്താവുന്നതാണ്

പുതുശ്ശേരി ഗ്രാമ പഞ്ചായത്തിൽ പ്ളാസ്റ്റിക്ക് ഉപയോഗം കുറയ്ക്കുന്നതിനായും , മാലിന്യ പരിപാലനം, പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണത്തിനുള്ള നടപടികൾ കാര്യക്ഷമമാക്കുന്നതിനുമായി മേൽ സർക്കുലറിലെ നിർദേശങ്ങൾ നടപ്പിലാക്കിയതിന്റെ വിശദ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 13/07.03.2019) ന് മറുപടി ലഭിച്ചിട്ടില്ല.

# 2-9 ദുരിതാശ്വാസ നിധി, ഭവന നിധി എന്നിവ രൂപീകരിക്കാവുന്നതാണ്

കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ2003 , ചട്ടം 3,4,5,6 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവർക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഗ്രാമപഞ്ചായത്തിന് ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണെന്നും , നിധിയുമായി ബന്ധപ്പെട്ട രസീത് ബുക്ക്, ബാങ്ക് പാസ് ബുക്ക്, രജിസ്റ്ററുകൾ, അപേക്ഷകൾ എന്നിവ സൂക്ഷിക്കേണ്ടതും ഓഡിറ്റിന് വിധേയമാക്കേണ്ടതുമാണെന്നും നിർദേശിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/07.03.2019) മറുപടിയായി പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിന് 30.03.2016 തിയതിയിലെ 13( a) നമ്പറായി ഭരണസമിതി തീരുമാനിച്ചിട്ടുണ്ടെന്നും എന്നാൽ നാളിതുവരെയായി ഇതിനായി ആരംഭിച്ച അക്കൗണ്ടിലേക്ക് ധനസമാഹരണമൊന്നും നടന്നിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്.

<u>ഭവന നിധി</u>

സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി(ലൈഫ് ഭവന പദ്ധതി)യുടെ മാർഗ്ഗരേഖ ഉത്തരവ് നം സ.ഉ151/2017 തീ 31.7.17 ൽ ലൈഫ് ഭവന പദ്ധതിയുടെ ധനസമാഹരണത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ഒരു ഭവനനിധി രൂപീകരിക്കേണ്ടതാണെന്നും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും ബന്ധപ്പെട്ട അദ്ധ്യക്ഷൻ,സെക്രട്ടറി എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ട് ആയി ഭവനനിധി ആരംഭിക്കേണ്ടതാണെന്നും നിർദ്ദേശമുണ്ട്.എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഏറ്റവും കുറഞ്ഞത് 10% ഭവനങ്ങളുടെ എങ്കിലും നിർമ്മാണത്തിനുള്ള തുക ഇത്തരത്തിൽ കണ്ടെത്താൻ ശ്രമിക്കേണ്ടതാണ്. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലും ഉള്ള തൊഴിലാളികൾ, ഉദ്യോഗസ്ഥർ, കച്ചവടക്കാർ, സംരംഭകർ തുടങ്ങി എല്ലാവരിൽ നിന്നും ഒരു ദിവസത്തെവേതനം / വരുമാനം ഭവനനിധിയിലേക്ക് സംഭാവനയായി ശേഖരിക്കാൻ തദ്ദേശ സ്വയംഭരണസ്ഥാപനത്തിന് കഴിയണം എന്നാണ് ലൈഫ് ഭവന പദ്ധതിയുടെ മുകളിൽ പറഞ്ഞ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്. സമൂഹത്തിലെ വിവിധ മേഖലയിൽ പ്രവർത്തിക്കുന്നവർ, സ്ഥാപനങ്ങൾ എന്നിവർക്ക് ഈ അക്കൗണ്ടിലേക്ക് സംഭാവന നൽകാവുന്നതാണ്. പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ മേൽ നിർദ്ദേശപ്രകാരമുള്ള ഭവനനിധി രൂപീകരിച്ചിട്ടില്ല. ഭരണസമിതി ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതും സർക്കാർ ഉത്തരവ് പ്രകാരമുള്ള ഭവനനിധി രൂപീകരിക്കാവുന്നതുമാണ്. (ഓഡിറ്റ് എൻക്വയറി നം. 14/07.03.2019)

# 2-10 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ -ക്രമീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ വാർഷികകണക്കുകൾ , ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ പ്രകാരം 927919 രൂപ 31.3.18 ന് നീക്കിയിരുപ്പുണ്ട്. ഇവയിൽ ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ്, റിടെൻഷൻ തുടങ്ങിയ ഇനങ്ങളിൽ 2013 മുതലുള്ള നിക്ഷേപങ്ങൾ നിലവിലുണ്ട്.കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.ഓഡിറ്റ് എൻക്വയറി 21 /8.3.19 നുള്ള മറുപടിയിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-11 ഇ.ടെണ്ടർ - ടെണ്ടർ ഫോം വിലയായി ലഭിച്ച തുക ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കണം.

ഗ്രാമ പഞ്ചായത്തിലെ പ്രവൃത്തികൾ മുൻ വർഷങ്ങളിൽ ഇ.ടെണ്ടർ നടത്തിയതിന്റെ ടെണ്ടർ

ഫോം വിലയായി ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുക എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ലഭ്യമാക്കി നിലവിൽ ടെണ്ടർ ഫീ ഇനത്തിൽ നിലവിൽ ഈ അക്കൗണ്ടിലുള്ള മുഴുവൻ തുകയും ഗ്രാമ പഞ്ചായത്ത് തനതു ഫണ്ടിൽ അടക്കേണ്ടതാണ്. എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭിച്ചതിന്റെ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/06.03.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. . ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കുന്ന തുകകൾ അതാത് സമയങ്ങളിൽ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 'ക്ഷീര കർഷകന് പാലിന് ഇൻസെന്റീവ് നൽകൽ' - പദ്ധതി നടത്തിപ്പിലെ അപാകതകൾ

1.ധനസഹായം അർഹമായതിലും കുറവായി വകയിരുത്തി

ക്ഷീരസംഘങ്ങളിൽ പാൽനൽകുന്ന കർഷകർക്ക് പ്രോൽസാഹനമായി ഇൻസെന്റീവ് നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും അർഹമായ നിരക്കിലും സമയബന്ധിതമായും തുക ലഭ്യമായിട്ടുണ്ടോ എന്ന് വിലയിരുത്തുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 271/18 | ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | ₹4108220/- (1200000/-വികസന ഫണ്ട് (ജനറൽ)) 2398220-ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 510000/- ജില്ലാ പഞ്ചായത്ത് വിഹിതം, | ₹4108220/- (1200000/- ബിൽ നം.1/14-03-2018,<br><br>2398220/- Block Share, 510000/- DP Share) |

നിർവഹണ ഉദ്യോഗസ്ഥ – ഡയറി എക്സ്റ്റൻഷൻ ഓഫീസർ

13-ാം പദ്ധതി മാർഗ്ഗരേഖ ഉത്തരവ് സ.ഉ.(എം.എസ്) നം.80/2017 തസ്വഭവ, തീയതി. 03.04.2017പ്രകാരം ഒരു ലിറ്റർ പാലിന് ഡിപ്പാർട്ട്മെന്റ് സബ്സിഡി ഉൾപ്പെടെ പരമാവധി

4രൂപ നിരക്കിൽ ഒരു കർഷകന് നൽകാവുന്നതാണ്. എന്നാൽ ഈ പദ്ധതി പ്രകാരം അർഹമായതിലും വളരെ കുറവാണ് ആനുകൂല്യം 7 മാസത്തേക്ക് മാത്രം ശരാശരി 2.50രൂപ വീതം മാത്രമാണ് നൽകിയിട്ടുള്ളത്. നംവംബർ 2017 മുതൽ മാർച്ച് 2018 വരെ പാലളവിന് കർഷകന് ആനുകൂല്യം ലഭിച്ചിട്ടില്ല.

ക്ഷീരസംഘത്തിന്റെ പേര്-

1.വാളയാർ ക്ഷീരോല്പാദക സഹകരണ സംഘം, വാളയാർ

2.കഞ്ചിക്കോട് ക്ഷീരോല്പാദക സഹകരണ സംഘം, കഞ്ചിക്കോട്

3.പുതുശ്ശേരി ക്ഷീരോല്പാദക സഹകരണ സംഘം, പുതുശ്ശേരി

4.ചുള്ളിമട ക്ഷീരോല്പാദക സഹകരണ സംഘം, ചുള്ളിമട

5.കോങ്ങാമ്പാറ ക്ഷീരോല്പാദക സഹകരണ സംഘം, കോങ്ങാമ്പാറ

ഗുണഭോക്താക്കളുടെ എണ്ണം- 751
കർഷകർക്ക് സാമ്പത്തിക വർഷത്തെ പാലളവിന് മുഴുവനും സബ്സിഡി ലഭ്യമാകുന്ന രീതിയിൽ പ്രോജക്റ്റ് തയ്യാറാക്കി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>2.സബ്സിഡി തുക പരമാവധിയിൽ അധികരിച്ച് നൽകി</u>

പദ്ധതി മാർഗ്ഗരേഖ പ്രകാരം {ഉത്തരവ് സ.ഉ.(എം.എസ്) നം.80/2017 തസ്വഭവ, തീയതി. 03.04.2017} ക്ഷീര കർഷകർക്ക് പാലളവിനുള്ള സബ്സിഡി ഒരു സാമ്പത്തിക വർഷത്തിൽ പരമാവധി 30000 രൂപയിൽ പരിമിതപ്പെടുത്തേണ്ടതാണ്. എന്നാൽ താഴെ പറയുന്ന കർഷകർക്ക് സബ്സിഡി തുകയുടെ പരമാവധിയിൽ അധികരിച്ച് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണ ഭോക്താവിന്റെ പേര് | ക്ഷീര സംഘത്തിന്റെ പേര് | ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് നം. | IFSC കോഡ് | നൽകിയ തുക | | | | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|
| | | | | GP Share | BP Share | DP Share | Total | |
| ഉണ്ണി ക്കണ്ണൻ | കഞ്ചി ക്കോട് ക്ഷീരോ ല്പാദക സഹകരണ സംഘം, കഞ്ചിക്കോട് | 11671010 13738 | CNRB 0001167 | 7808 | 19967 | 3264 | 31039 | 1039 |
| മാർട്ടിൻ ആന്റണി .എൽ | വാളയാർ ക്ഷീരോ ല്പാദക സഹകരണ സംഘം, വാളയാർ | 672406 41534 | SBIN 0070418 | 5334 | 22624 | 5402 | 33360 | 3360 |
| ആറുമുഖൻ | വാളയാർ ക്ഷീരോ ല്പാദക സഹകരണ | 357010000 11968 | IOBA 0000357 | 7211 | 20995 | 4028 | 32234 | 2234 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | സംഘം, വാളയാർ | | | | | | | |
| | | | | | | | ആകെ | 6633 |

അധികം നൽകിയ തുക (₹.6633/-) ഉത്തരവാദിയായ നിർവഹണോദ്യോഗസ്ഥൻ തിരികെ ഈടാക്കി ഗ്രാമ പഞ്ചായത്തിൽ അടവാക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നിർവഹണ ഉദ്യോഗസ്ഥന് ഓഡിറ്റ് എൻക്വയറി (നം.29/08-03-2019) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

# 3-2 ഗുണഭോക്തൃ വിഹിതം രശീതി നൽകാതെ നിർവഹണ ഉദ്യോഗസ്ഥൻ ഗുണഭോക്താക്കളിൽ നിന്നും നേരിട്ട് പിരിച്ചെടുത്തു സ്ഥാപനത്തിൽ അടവാക്കി

പ്രോജക്ട് നമ്പരും പേരും- 231/18, കറവ പശുക്കൾക്ക് കാലിത്തീറ്റ

അടങ്കൽ - 800000 രൂപ (400000-വികസന ഫണ്ട്- ജനറൽ, 400000- മറ്റുള്ളവ)

ചെലവ് - 400000 രൂപ (ബിൽ നമ്പർ- 2/24-01-2018)

നിർവഹണ ഉദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ

ചെറുകിട നാമ മാത്ര കർഷകർക്കായി കറവ പശുക്കൾക്ക് കാലിത്തീറ്റ പരമാവധി 10000 രൂപ വരെ സബ്സിഡി മാസത്തിൽ പരമമാവധി 100 കിലോ ഗ്രാം കാലിത്തീറ്റ 50 ശതാമാനം സബ്സിഡി നിരക്കിൽ 40 പേർക്ക് സർക്കാർ അംഗീകൃത ഏജൻസിയിൽ നിന്നും (മിൽമ കാറ്റിൽ ഫീഡ് പ്ലാന്റ്, മലമ്പുഴ, പാലക്കാട്) വാങ്ങി വിതരണം ചെയ്യാനാണ് പദ്ധതി ലക്ഷ്യമിട്ടത്.

വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ പ്രതിമാസം (ആകെ 10 മാസം) താഴെ പറയുന്ന ഗുണഭോക്താക്കൾ മുഴുവൻ കാലിത്തീറ്റയും വെറ്റനറി സർജനിൽ നിന്നും കൈപ്പറ്റിയിട്ടില്ല. 9 തവണ (മാസം) മാത്രമണ് കാലിത്തീറ്റ കൈപ്പറ്റിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വിതരണ രജിസ്റ്ററിലെ ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും |
|---|---|---|
| 1 | 3 | ഉണ്ണാമലൈ, പി.കെ. ചള്ള |
| 2 | 9 | കാർത്ത്യായനി അമ്മ പ്രീകോട്ട് കോളനി |
| 3 | 17 | നാരായണി, കഞ്ചിക്കോട് |
| 4 | 21 | മണി, ജവഹർ നഗർ |
| 5 | 26 | ഗീത, ആലാമരം |
| 6 | 28 | പത്മാവതി, കൊളയക്കോട് |

കൂടതെ പ്രോജക്റ്റിന്റെ ഭാഗമായി ഗുണഭോക്തൃ വിഹിതം വെറ്ററിനറി സർജൻ നേരിട്ട് പിരിച്ചെടുക്കുകയാണ് ചെയ്തത്. ഗുണഭോക്താവിൽ നിന്നും കൈപ്പറ്റുമ്പോൾ വെറ്ററിനറി സർജൻ ഗ്രാമ പഞ്ചായത്ത് അനുവദിക്കുന്ന രശീതി പ്രകാരം തുക പിരിച്ചെടുത്ത് ഗ്രാമ പഞ്ചായത്തിൽ അടവാക്കിയില്ല. പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം നേരിട്ട് മിൽമ കാറ്റിൽ ഫീഡിൽ അടവാക്കുകയാണ് ചെയ്തത്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/07.03.2019) രസീതി ബുക്ക് ഗ്രാമ പഞ്ചായത്തിൽ നിന്നും അനുവദിച്ചിട്ടില്ലാത്തതിനാലും, പദ്ധതിയിൽ കാര്യമായ നിർദ്ദേശമില്ലാത്തതിനാലും ഉണ്ടായ തെറ്റാണെന്നും തുടർന്നുള്ള വർഷത്തിൽ അപാകത പരിഹരിച്ചിട്ടുണ്ട് എന്നുമാണ് അറിയിച്ചിരിക്കുന്നത്. കൂടാതെ മുഴുവൻ പേർക്കും കാലിത്തീറ്റ നൽകിയിട്ടുണ്ട് എന്നും വിതരണ രജിസ്റ്ററിൽ ഒപ്പുവെയ്ക്കാൻ വിട്ടുപോയതാണെന്നും അറിയിച്ചിട്ടുണ്ട്.

ഗുണഭോക്തൃ വിഹിതം ഉൾപ്പെടുന്ന പദ്ധതികളിൽ ഗുണഭോക്താക്കളിൽ നിന്നും പിരിക്കുന്ന തുക ഗ്രാമ പഞ്ചായത്തിൽ അടവാക്കേണ്ടതും, തുക ചെലവഴിക്കുന്ന സമയത്ത് ഗുണഭോക്തൃ വിഹിതം പഞ്ചായത്തിൽ നിന്നും തിരികെ വാങ്ങി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ അടവാക്കുകയാണ് ചെയ്യേണ്ടത്.

# 3-3 പശുവിതരണം - ഉരുക്കൾ വിറ്റയാളുടെ അക്കൗണ്ടിലേക്ക് സബ്സിഡി

# തുക കൈമാറാതെ ഗുണഭോക്താക്കൾക്ക് അനുവദിച്ചു

പ്രോജക്ട് നമ്പരും പേരും- 289/18, പശു വിതരണം (സ്പിൽ ഓവർ)

അടങ്കൽ -2380000 രൂപ (450000-Plan Fund- General, 570000- CFC, 136000-മറ്റുള്ളവ)

ചെലവ് - 990000 (ബിൽ നമ്പർ- 450000-06/26-02-2018, 540000-1/24-06-2017)

നിർവഹണ ഉദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ

മേൽ പ്രോജക്റ്റ് പ്രകാരം തുക ചെലവഴിച്ചതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ട്രഷറി ബിൽ പ്രകാരം തുക ലഭിച്ച ആളുടെ പേര് | IFSC കോഡ് | അക്കൗണ്ട് നം. | തുക |
|---|---|---|---|---|
| 1 | Manager | IOBA0000357 | 03570113301010 | 90000 |
| 2 | Manager | SBI0070418 | 67305193192 | 60000 |
| 3 | Manager | CNRB0001167 | 2380296000002 | 15000 |
| 4 | Secretary, Kanjikkode Service Co-Op Bank | 1C1C0002628 | 262801000232 | 285000 |
| 5 | Dr.Sivakumar.N | Treasury | 714021400000200 | 540000 |
| | | | ആകെ | 990000 |

മേൽ പ്രോജക്റ്റ് പ്രകാരം 30 (30*15000=450000) പശുക്കളെ വാങ്ങുന്നതിനുള്ള സബ്സിഡി തുക മേൽ പറഞ്ഞ ബാങ്കുകളിൽ നിക്ഷേപിക്കുകയും, 36 (36*15000=540000) പശുക്കളെ വാങ്ങുന്നതിനുള്ള സബ്സിഡി തുക വെറ്ററിനറി സർജന്റെ ട്രഷറിയിലുള്ള ടി എസ് ബി അക്കൗണ്ടിലേക്കുമാണ് മാറ്റിയിരിക്കുന്നത്. ലോൺ തുക ഉരുക്കളെ വിറ്റയാൾക്ക് നൽകിയതിന്റെ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയില്ല. ലോൺ തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്കാണ് അനുവദിച്ചത് എന്നാണ് വെറ്ററിനറി സർജൻ നേരിട്ട് അറിയിച്ചത്. വെറ്ററിനറി സർജന്റെ ട്രഷറി അക്കൗണ്ടിലേക്ക് മാറ്റിയ സബ്സിഡി തുകയും ഗുണഭോക്താക്കൾക്ക് നേരിട്ട് അക്കൗണ്ടിലേക്ക് മാറ്റുകയാണ് ചെയ്തത്. എന്നാൽ സബ്സിഡി മാർഗരേഖ പ്രകാരം {സ.ഉ.(എം.എസ്)നം. 4/2016/തസ്വഭവ, തീയതി.11.01.2016} ഉരുക്കളെ ആരുടെ പക്കൽ നിന്നാണോ വാങ്ങിക്കുന്നത് അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകണം എന്നാണ് നിഷ്കർഷിച്ചിരിക്കുന്നത്. ഈ നിബന്ധന നിർവഹണ ഉദ്യോഗസ്ഥൻ പാലിച്ചില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/07.03.2019) 36 പശുക്കൾ വിറ്റയാളുടെ പേരും വിലാസവും ഹാജരാക്കിയിട്ടുണ്ട്. കൂടാതെ 30 ഗുണഭോക്താക്കളുടെ വിനിയോഗ സർട്ടിഫിക്കറ്റ് ബാങ്കുകളിൽ നിന്നും ലഭ്യമാക്കുന്നതാണെന്നും, കിട്ടുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കാമെന്നുമാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ തുക ടി വ്യക്തികൾ കൈപ്പറ്റിയതിന്റെ വിവരങ്ങൾ

അപൂർണ്ണമാണ്. ബാങ്കുകൾ മുഖേന ഉരുക്കൾ വാങ്ങിക്കാൻ ലോൺ അനുവദിച്ചത് വിറ്റയാൾക്ക് നൽകിയതിന്റെയും വിവരങ്ങൾ ലഭ്യമായില്ല. ബാങ്കിൽ നിന്നുള്ള രേഖകൾ ലഭ്യമാക്കുന്നതുവരെ ചെലവ് തുക 4,50,000.00 (30x15000) രൂപ തടസ്സത്തിൽ വയ്ക്കുന്നു. പദ്ധതി നടപ്പിലാക്കുമ്പോൾ നടപടിക്രമങ്ങളിലെ അപാകതകൾ ഒഴിവാക്കി സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-4 കന്നുകുട്ടി പരിപാലന പരിപാടി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട് നമ്പരും പേരും- 132/18, കന്നുകുട്ടി പരിപാലന പരിപാടി

അടങ്കൽ - 312500 രൂപ (312500-വികസന ഫണ്ട്- ജനറൽ, 312500- സംസ്ഥാനാവിഷ്കൃത ഫണ്ട്, 625000-മറ്റുള്ളവ)

ചെലവ് - 312500 രൂപ (ബിൽ നമ്പർ- 03/24-01-2018)
നിർവഹണ ഉദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ

മേൽ പദ്ധതിയുടെ ഭാഗമായി 50 ഗുണഭോക്താക്കൾക്ക് 6250 രൂപ വീതം മൃഗ സംരക്ഷണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടറുടെ (കന്നുകുട്ടി പരിപാലന പദ്ധതി) ട്രഷറി അക്കൗണ്ടിലേക്ക് (A/C No. 714021400000008) 312500 രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ ടി തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. തുക ചെലവഴിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രവും കാലിത്തീറ്റ വിതരണ ചെയ്യുന്ന അംഗീകൃത ക്ഷീര സംഘങ്ങളിൽ നിന്നുമുള്ള വിതരണ രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

# 3-5 മുട്ടക്കോഴി വിതരണം- ഗുണഭോക്തൃ വിഹിതം അധികം അടവാക്കി

1.മുട്ടക്കോഴി വിതരണം- വനിത

പ്രോജക്ട് നമ്പർ - 140/18

അടങ്കൽ -399600രൂപ (199800-Plan Fund- General, 199800-മറ്റുള്ളവ)

ചെലവ് - 136200 രൂപ (ബിൽ നമ്പർ- 10/15-03-2018-16500, 08/15-02-2018-51600, ഗുണ.വിഹിതം-68100)

മേൽ പ്രോജക്റ്റ് പ്രകാരം 227 ഗുണഭോക്താക്കൾക്ക് മുട്ടക്കോഴി (6എണ്ണം വീതം) വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ആയതിൽ രശീതി പുസ്തകം പ്രകാരം ഗുണഭോക്തൃവിഹിതമായി നിർവഹണോദ്യോഗസ്ഥൻ 234 ഗുണഭോക്താക്കളിൽ നിന്നും 300 രൂപ വീതം 70200 രൂപ പിരിച്ചെടുത്തിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം ചെലവഴിച്ചത് 68100 (227*300) രൂപയാണ്. ആകയാൽ ബാക്കി തുക 2100 (7*300) രൂപ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ കിടക്കുന്നുണ്ട്. ആയത് ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് തിരികെ നൽകേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/07.03.2019) ഗുണഭോക്തൃ വിഹിതം അടവാക്കിയതിൽ 7 പേർ കോഴികൾ വാങ്ങാൻ തയ്യാറായില്ല എന്നും അടവാക്കിയ ഗുണഭോക്തൃ വിഹിതം തിരികെ കൈപ്പറ്റുന്നതിന് രേഖാമൂലം അറിയിച്ചിട്ടുണ്ട് എന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്.

2. മുട്ടക്കോഴി വിതരണം- SCP-വനിത

പ്രോജക്ട് നമ്പർ- 141/18,

അടങ്കൽ -26400രൂപ (19800-Plan Fund- SCP, 6600-മറ്റുള്ളവ)

ചെലവ് - 13050 രൂപ (ബിൽ നമ്പർ- 10/15-03-2018-13050, ഗുണ.വിഹിതം-4350)

മേൽ പ്രോജക്റ്റ് പ്രകാരം 29 ഗുണഭോക്താക്കൾക്ക് മുട്ടക്കോഴി (6എണ്ണം വീതം) വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ആയതിൽ രശീതി പുസ്തകം പ്രകാരം ഗുണഭോക്തൃവിഹിതമായി നിർവഹണോദ്യോഗസ്ഥൻ 31 ഗുണഭോക്താക്കളിൽ നിന്നും 150 രൂപ വീതം 4650 രൂപ പിരിച്ചെടുത്തിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം ചെലവഴിച്ചത് 4350 (29*150) രൂപയാണ്. ആകയാൽ ബാക്കി തുക 300 (2*150) രൂപ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ കിടക്കുന്നുണ്ട്. ആയത് ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് തിരികെ നൽകേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/07.03.2019) ഗുണഭോക്തൃ വിഹിതം അടവാക്കിയതിൽ 2 പേർ കോഴികൾ വാങ്ങാൻ തയ്യാറായില്ല എന്നും അടവാക്കിയ ഗുണഭോക്തൃ വിഹിതം തിരികെ കൈപ്പറ്റുന്നതിന് രേഖാമൂലം അറിയിച്ചിട്ടുണ്ട് എന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്.

# 3-6 ആടു വളർത്തൽ പദ്ധതി - ഗുണഭോക്തൃ വിഹിതം അധികം അടവാക്കിയത് തിരികെ നൽകേണ്ടതാണ്

പ്രോജക്ട് നമ്പരും പേരും- 142/18, ആട്ട വളർത്തൽ പദ്ധതി- വനിത

അടങ്കൽ -528000 രൂപ (396000-Plan Fund- SCP, 132000-മറ്റുള്ളവ)

ചെലവ് - 512000 (ബിൽ നമ്പർ- 07/26-02-2018-312000, 11/15-03-2018-72000, ഗുണ.വിഹിതം-128000)

മേൽ പ്രോജക്റ്റ് പ്രകാരം 32 ഗുണഭോക്താക്കൾക്ക് രണ്ട് പെണ്ണാടുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ആയതിൽ രശീതി പുസ്തകം പ്രകാരം ഗുണഭോക്തൃവിഹിതമായി നിർവഹണോദ്യോഗസ്ഥൻ 33 ഗുണഭോക്താക്കളിൽ നിന്നും 4000 രൂപ വീതം 132000 രൂപ പിരിച്ചെടുത്തിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം ചെലവഴിച്ചത് 128000 രൂപയാണ്. ആകയാൽ ബാക്കി തുക 4000 രൂപ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ കിടക്കുന്നുണ്ട്. ആയത് ബന്ധപ്പെട്ട ഗുണഭോക്താവിന് തിരികെ നൽകേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/07.03.2019) ഗുണഭോക്തൃ വിഹിതം അടവാക്കിയ ഒരാൾ ആട് വാങ്ങാൻ തയ്യാറായില്ല എന്നും അടവാക്കിയ ഗുണഭോക്തൃ വിഹിതം തിരികെ കൈപ്പറ്റുന്നതിന് രേഖാമൂലം അറിയിച്ചിട്ടുണ്ട് എന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്.

# 3-7 അങ്കണവാടി പോഷകാഹാരം- അരി വാങ്ങിയതിന് അധിക വില നൽകി

പ്രോജക്ട് നമ്പരും പേരും- 5/18, അങ്കണവാടി പോഷകാഹാരം

അടങ്കൽ - 3870000 രൂപ (2450000-വികസന ഫണ്ട്- ജനറൽ, 1420000- കേന്ദ്ര ഫണ്ട്)

| പ്ലാൻ ഫണ്ട് | | കേന്ദ്ര ഫണ്ട് | |
|---|---|---|---|
| ബിൽ നം. & തീയതി | തുക (₹) | ചെക്ക് നം. & തീയതി | തുക (₹) |
| 1/19-08-2017 | 136459 | 896816/31-03-2018 | 430851 |
| 3/19-08-2017 | 831323 | 67800291/23-02-2018 | 908232 |
| 7/13-10-2017 | 345058 | | |
| 8/20-01-2018 | 264503 | | |
| 9/20-01-2018 | 291839 | | |
| 12/20-01-2018 | 580818 | | |
| ആകെ | 2450000 | ആകെ | 1339083 |

നിർവഹണ ഉദ്യോഗസ്ഥ- ഐ.സി.ഡി.എസ് സൂപ്പർവൈസർ

സർക്കുലർ നം.62393/ഡി.ബി.2/2010/തസ്വഭവ, തീയതി.13.11.2010 പ്രകാരം അംഗണവാടികൾക്ക് ആവശ്യമായ ഭക്ഷ്യവസ്തുക്കളും ഭക്ഷ്യ ഉൽപന്നങ്ങളും മാവേലി സ്റ്റോർ, നീതി സ്റ്റോർ, സഹകരണ സംഘങ്ങൾ, പൊതു വിതരണ കേന്ദ്രങ്ങൾ, കുടുംബശ്രീ

യൂണിറ്റുകൾ എന്നിവടങ്ങളിൽ നിന്നോ മാവേലി സ്റ്റോറിലെ വിലയിൽ അധികരിക്കാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വാങ്ങാവുന്നതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽ പറഞ്ഞ പ്രകാരം ഭക്ഷ്യധാന്യങ്ങൾ വാങ്ങിച്ചതിൽ ശക്തി ആരോഗ്യ ഫുഡ്സ് (Sakthi Arogya Foods -Kudumbasree Unit ) എന്ന സ്ഥാപനത്തിൽ നിന്നും അരി വാങ്ങിയതിൽ മാവേലി സ്റ്റോറിലെ വിലയിൽ അധികരിച്ച് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Invoice No.& Date | അളവ് | നിരക്ക് (₹) | തുക (₹) | മാവേലി സ്റ്റോറിലെ വില | | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| | | | | നിരക്ക് (₹) | തുക (₹) | |
| 442/12.04.2017 | 747 Kg | 50 | 37350 | 25 | 18675 | 18675 |
| 444/12.04.2017 | 253 Kg | 50 | 12650 | 25 | 6325 | 6325 |
| Total | 1000 Kg | 50 | 50000 | 25 | 25000 | 25000 |

മാവേലി സ്റ്റോറിലെ വിലയിൽ അധികരിച്ച് ഭക്ഷ്യധാന്യങ്ങൾ വാങ്ങിയതിന് വിശദീകരണം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല (ഓഡിറ്റ് അന്വേഷണം നം. 26/08-03-2019). ആകയാൽ ഭക്ഷ്യധാന്യങ്ങൾ വാങ്ങിയതിന് അധികം ചെലവഴിച്ച തുക ₹ 25000/- ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

# 3-8 ജൈവവളം വിതരണം (കാസ്റ്റർ ഓയിൽ കേക്ക് ) യൂണിറ്റ് കോസ്റ്റ് സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കിയില്ല

പ്രോജക്റ്റ് നമ്പരും, പേരും- 239/18, ജൈവവളം വിതരണം

അടങ്കൽ- ₹ 492800/- {369600/-(General) + 123200 (മറ്റുള്ളവ)}

ചെലവ്- ₹ 369600/- (Bill No.7/19-02-2018)

കഞ്ചിക്കോട് സർവീസ് സഹകരണ ബാങ്കിൽ നിന്നും 22400 Kgകാസ്റ്റർ ഓയിൽ കേക്ക് (ജൈവ വളം) 13 പാടശേഖര സമിതികൾക്ക് പെർമിറ്റ് മുഖേന വിതരണം ചെയ്തിട്ടുണ്ട് {22/Kg (16.50 Subsidy+5.50 Beneficiary Contribution)}.

ജൈവവളം വിതരണം ചെയ്തത് സംബന്ധിച്ച് താഴെ പറയുന്നവയ്ക്ക് മറുപടി ലഭ്യമാക്കാത്തതിനാൽ ആയത് ലഭ്യമാക്കുന്നതുവരെ ചെലവ് തുക (₹ 369600/-) തടസ്സത്തിൽ വെയ്ക്കുന്നു. (ഓഡിറ്റ് അന്വേഷണം നം. 16/07-03-2019)

1. സബ്സിഡി മാർഗ്ഗരേഖ പ്രാകാരം പ്രാദേശികമയി ഉല്പാദിപ്പിക്കുന്ന ജൈവവളങ്ങളുടെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ കൃഷി വകുപ്പ് നിശ്ചയിക്കേണ്ടതാണ്. കാസ്റ്റർ ഓയിൽ കേക്കിന്റെ യൂണിറ്റ് കോസ്റ്റ് സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കിയില്ല.

2. പാടശേഖര സമിതികൾക്ക് ജൈവവളം വിതരണം ചെയ്തതിന്റെ അളവ് കണക്കാക്കിയതിന്റെ മാനദണ്ഡം സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കിയില്ല.

# 3-9 ഭിന്ന ശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അർഹതപ്പെട്ട ആനുകൂല്യം മുഴുവനായും അനുവദിച്ചില്ല

| പ്രോജക്റ്റ് നമ്പറും പേരും | പദ്ധതി അടങ്കൽ | ചെലവ് | | റിമാർക്സ് |
|---|---|---|---|---|
| | | തുക (₹) | ബിൽ നം./ ചെക്ക് നം. & തീയതി | |
| 7/18, ഭിന്നശേഷിക്കാരായ വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് സ്കോളർഷിപ്പ് | 1500000 (1200000- Plan Fund- General + 300000- BP Share) | 351000 | 6/30-8-17 | 40 ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കും, 61 മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് നൽകി |
| | | 849000 | 22/ 15.03.2018 | |
| | | 150000 | 896816/ 31.03.2018 | |
| | Total | 1350000 | | |

പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്)നം. 80/2017/ത.സ്വ.ഭ.വ തിയതി 03/04/2017 അനുസരിച്ച് ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നല്കുന്നതിന് സർക്കാർ നിശ്ചിത നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ 2017-18 വർഷത്തിൽ അർഹതപ്പെട്ടവർക്ക് ആനുകൂല്യം കുറവായിട്ടാണ് നൽകിയിട്ടുള്ളത്. ബ്ലോക്ക്

പഞ്ചായത്തിൽ നിന്നും 300000 രൂപ വകയിരുത്തിയതിൽ 150000 രൂപ മാത്രമാണ് ലഭ്യമായത്. മേൽ പട്ടികയിൽ പറഞ്ഞ 61 മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് വസ്ത്രങ്ങൾക്കുള്ള ബത്ത (വാർഷികം), പഠന സഹായികൾക്ക്/ വിദ്യാഭ്യാസ സാമഗ്രികൾക്ക് ബത്ത (വാർഷികം) എന്നിവ നൽകാൽ കഴിഞ്ഞില്ല.

മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട ആനുകൂല്യം മുഴുവനും നൽകുന്ന രീതിയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.26/08.03.2019)

# 3-10 അങ്കണവാടി പോഷകാഹാരം- മിച്ചമുള്ള കേന്ദ്ര വിഹിതം പശ്ചാത്തല സൗകര്യ വികസനത്തിന് ചെലവഴിക്കേണ്ടതാണ്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 03.09.2010 ലെ സർക്കുലർ നമ്പർ 39033/ ഡി.സി.2/2010 പ്രകാരം പൂരക പോഷകാഹാര പരിപാടി (എസ്.എൻ.പി) ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അംഗനവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അംഗനവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അംഗനവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിന് പാത്രങ്ങൾ/സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പ് സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പുതുശേരി ഗ്രാമ പഞ്ചായത്തിൽ ഐ.സി.ഡി.എസ്സിന് ലഭിച്ച തുകയിൽ നാളിതുവരെ ചെലവഴിക്കാതെ ₹ 28,17,279 വിനിയോഗിക്കാതെ കിടക്കുന്നുണ്ട്. ഈ ഗ്രാമ പഞ്ചായത്തിലുള്ള 39 അംഗണവാടികളിൽ 7 എണ്ണത്തിന് സ്വന്തമായി കെട്ടിടമില്ലാതിരുന്നിട്ടും പശ്ചാത്തല സൗകര്യമൊരുക്കുന്നതിന് തുക ചെലവഴിക്കാതെ കിടക്കുന്നു.

പുതുശേരി ഗ്രാമ പഞ്ചായത്തിലെ 39 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യമില്ലാത്തവയുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | അടിസ്ഥാന സൗകര്യമില്ലാത്ത അങ്കണവാടികളുടെ വിവരങ്ങൾ | എണ്ണം |
|---|---|---|
| 1 | വാടക കെട്ടിത്തിൽ പ്രവർത്തിക്കുന്നവ | 7 |
| 2 | ചുറ്റുമതിൽ ഇല്ലാത്തവ | 9 |
| 3 | കുടിവെള്ള സൗകര്യമില്ലാത്തവ | 10 |
| 4 | വൈദ്യുതി ഇല്ലാത്തവ | 10 |

കെട്ടിടമില്ലാത്ത അംഗണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, കുടിവെള്ളം, ചുറ്റമതിൽ, വൈദ്യുതി, ബേബി ഫ്രണ്ട് ലീ ടോയ് ലെറ്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പൂരക പോഷകാഹാര പരിപാടിക്ക് ലഭിക്കുന്ന കേന്ദ്ര വിഹിതത്തിൽ ചെലവഴിക്കാതെ മിച്ചമുള്ള തുക (₹ 28,17,279) വിനിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.26/08.03.2019)

# 3-11 പദ്ധതിഫണ്ട് വിനിയോഗിച്ച് വയോജനങ്ങൾക്കുള്ള മെഡിക്കൽ ക്യാമ്പ് നടത്തി

പ്രൊജക്റ്റ് നം. 94/18

നിർവ്വഹണം-മെഡിക്കലോഫീസർ (പി എച്ച് സി)

ചെലവ്- 100000(വികസനഫണ്ട്)

ബിൽനം.8/7.3.18-70000

15/31.3.2018-30000

കൊയ്യാമരക്കാട്, നടുത്തറ, ചുള്ളിമട, കണ്ണോട്, ചെല്ലങ്കാട് എന്നീ സ്ഥലങ്ങളിൽ വയോജനങ്ങൾക്കുള്ള മെഡിക്കൽ ക്യാമ്പ് നടത്തുന്നതിനായി ക്യാമ്പ് ചെലവുകൾക്ക് 15000 രൂപയും ക്യാമ്പുകളിലൂടെ മരുന്ന് നൽകുന്നതിനായി 85000 രൂപയും ചെലവഴിച്ചിട്ടുണ്ട്. പദ്ധതിമാർഗരേഖ സ.ഉ (എം.എസ്) 72/2017/തസ്വഭവ, തീയതി 29.3.2017പ്രകാരം മെഡിക്കൽ ക്യാമ്പുകൾ അനുവദനീയമല്ല. വിദൂര പ്രദേശങ്ങളിലെ പട്ടികവർഗസങ്കേതങ്ങളിൽ മാത്രമാണ് മെഡിക്കൽ ക്യാമ്പ് അനുവദനീയമായിട്ടുള്ളത്. വൃദ്ധജനങ്ങൾക്ക് മരുന്ന് കിറ്റ് നൽകുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കരുതെന്നും മാർഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. മരുന്നുകൾ ആരോഗ്യകേന്ദ്രങ്ങൾ മുഖേന നൽകുന്നതിനുപകരം മെഡിക്കൽക്യാമ്പ് മുഖേന മരുന്ന് വിതരണംനൽകുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. മെഡിക്കൽ ക്യാമ്പ് നടത്തുന്നതിന് പദ്ധതി ഫണ്ട് വിനിയോഗിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

വൃദ്ധരായ രോഗികൾ ക്യാമ്പിൽ എത്തിയതിന്റെയും പരിശോധന നടത്തിയതിന്റെയും രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. എത്ര രോഗികളെ പരിശോധിച്ചുവെന്നോ മരുന്നുകൾ ആർക്കാണ് വിതരണം ചെയ്തത് എന്നോ തെളിയിക്കുന്നതിനാവശ്യമായ യാതൊരു രേഖകളും പരിശോധനക്ക് ലഭ്യമാക്കാത്തതിനാലും മാർഗരേഖക്കുവിരുദ്ധമായി പദ്ധതിഫണ്ട് ചെലവഴിച്ചതിനാലും ചെലവുതുക 100000 രൂപ തടസത്തിൽവെയ്ക്കുന്നു.

# 3-12 രോഗപ്രതിരോധ പ്രവർത്തനങ്ങൾ -പകർച്ചവ്യാധികൾ പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ

പ്രൊജക്ട് നം. 81/18
നിർവ്വഹണം-മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

അടങ്കൽ-100000(വികസനഫണ്ട്-ജനറൽ)
ബിൽ നമ്പർ 10/7.3.2018-9500.00
12/31.3.2018-90500.00

ചെലവ്-100000

രോഗപ്രതിരോധപ്രവർത്തനം എന്ന പദ്ധതി പ്രകാരം താഴെപ്പറയുന്ന രീതിയിലാണ് തുക ചെലവഴിച്ചിരിക്കുന്നത്

| ചെലവിനം | തുക |
|---|---|
| ബോധവൽക്കരണ പരിപാടി-തെരുവ് നാടകം അവതരിപ്പിച്ചതിനുള്ള ചെലവ് | 9500 |
| എൽ ഇ ഡി ഡിസ്പ്ലേ ബോർഡ് | 74800 |
| സ്പ്രെയർ | 9632 |
| നോട്ടീസ് പ്രിന്റ് | 3990 |
| ചുമരെഴുത്ത് | 2078 |

74800 രൂപ ചെലവഴിച്ച് ജെ.ഐ.ടി. സർവ്വീസസ് എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നമ്പർ എ171/19.3.2018 പ്രകാരം 6x3 സൈസിലുള്ള എൽ ഇ ഡി ഡിസ്പ്ലേ ബോർഡ് വാങ്ങിയത് സ്ഥാപിച്ചിരിക്കുന്നത് എവിടെയാണെന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. സ.ഉ (എം.എസ്) 72/2017/തസ്വഭവ, തീയതി 29.3.2017പ്രകാരം രോഗപ്രതിരോധ നടപടികൾക്കുള്ള പദ്ധതികൾ ഏറ്റെടുക്കാവുന്നതാണെങ്കിലും ബോധവൽക്കരണ പരിപാടികൾ, സർവേകൾ, മറ്റ് വിവരശേഖരണം എന്നിവക്ക് മാത്രമായി പദ്ധതികൾ ഏറ്റെടുക്കാതെ മറ്റേതെങ്കിലും പ്രൊജക്ടിന്റെ അനിവാര്യഘടകമാണെങ്കിൽ മാത്രമാണ് ബോധവൽക്കരണ പരിപാടികൾ ഏറ്റെടുക്കുവാൻ പാടുള്ളുവെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ബോധവൽക്കരണ പ്രവർത്തനങ്ങൾക്കാണ് കൂടുതൽ തുകയും വിനിയോഗിച്ചിരിക്കുന്നത്. ഭാവിയിൽ പദ്ധതികൾ തയ്യാറാക്കുമ്പോൾ മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കാത്തതിനാലും ഡിസ്പ്ലേ ബോർഡ് സ്ഥാപിച്ചത് എവിടെയാണെന്ന് വ്യക്തമല്ലാത്തതിനാലും 74800.00 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

# 3-13 ഹോമിയോ മരുന്ന് വാങ്ങൽ -ലക്ഷ്യം കൈവരിച്ചില്ല

ഹോമിയോ മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ താഴെ പറയുന്ന രണ്ട് പദ്ധതികൾ മുഖേന മരുന്ന് വാങ്ങുന്നതിനായി തുക നൽകിയിട്ടുണ്ട്.

1 . വയോജനങ്ങൾക്ക് മരുന്ന് വാങ്ങൽ (243/18)

അടങ്കൽ - 100000

ചെലവ് -100000( ബിൽ നം- 3/24.2.18 & 4/24.2.18)

2. എസ്.ടി.കോളനികളിൽ മെഡിക്കൽ ക്യാമ്പ് ( 244/18)

അടങ്കൽ - 50000

ചെലവ് -50000( ബിൽ നം- 5/24.2.18 & 6/24.2.18)

പദ്ധതികൾ പ്രകാരം മരുന്ന് വാങ്ങുന്നതിനായി ഹോംകോയ്ക്ക് മുൻകൂറായി തുക അനുവദിച്ചിരുന്നു. മരുന്നുകൾ വാങ്ങുന്നതിന് മുൻപായി ഡി.എം. ഒ. യിൽ നിന്നും Non Availability Certificate ലഭ്യമാക്കിയിട്ടില്ല.

7.9.18 ന് പ്രൊജക്ട് -243/18 പ്രകാരമുള്ള മരുന്നുകൾ ഹോംകോയിൽ നിന്നും ലഭ്യമായിട്ടുണ്ട്. എന്നാൽ 244/18 നമ്പർ പദ്ധതിക്കായി ആകെ 45000 രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. 5000 രൂപയുടെ മരുന്ന് നാളിതുവരെ ലഭിച്ചിട്ടില്ല. മുൻകൂറായി നൽകിയ തുകയ്ക്കുള്ള മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ലഭ്യമായ മരുന്നുകൾ നാളിതുവരെ പദ്ധതിക്കായി വിനിയോഗിച്ചിട്ടില്ല എന്ന് കാണുന്നു. ഓഡിറ്റ് എൻക്വയറിക്കുള്ള (നമ്പർ 23/8.3.2019) മറുപടിയിൽ മെഡിക്കൽ ക്യാമ്പ് നടത്തിയിട്ടില്ല എന്നും അതിനാൽ മരുന്നുകൾ ഉപയോഗിച്ചിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. പദ്ധതി ഫണ്ട് വിനിയോഗിച്ച് വാങ്ങിയ മരുന്നുകൾ ഉപയോഗപ്പെടുത്തുവാനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-14 ലൈഫ് മിഷൻ -പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണ പദ്ധതി നടപ്പിലാക്കിയിട്ടും ഭവനനിർമാണം പൂർത്തീകരിച്ചിട്ടില്ല

പ്രൊജക്ട് നം. 315/18

അടങ്കൽ-3790200 (തനത്ഫണ്ട്-3470200, വികസനഫണ്ട്-320000)

ചെലവ്- 1550000 (തനത്ഫണ്ട്-1230000, വികസനഫണ്ട്-320000)

നിർവഹണം- വി.ഇ.ഒ III

മുൻവർഷങ്ങളിൽ ഭവനനിർമാണത്തിന് ഭാഗികമായി ധനസഹായം കൈപ്പറ്റി വീട് നിർമാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ ഭവനപൂർത്തികരണത്തിനായാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. മുൻവർഷങ്ങളിൽ കൈപ്പറ്റിയ ധനസഹായത്തിന് ആനുപാതികമായ തുക വകയിരുത്തി നൽകുന്നതിന് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നു. പദ്ധതിപ്രകാരം 36 ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. 2017-18 വർഷത്തിൽ 26 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

2012-13 വർഷത്തിൽ കനാൽപ്പിരിവ് ഭാഗത്തുള്ള മംഗലത്താംചള്ള എന്ന പ്രദേശത്ത് 3 ഏക്കർ 19.6 സെന്റ് ഭൂമി 8064000/-രൂപ ചെലവഴിച്ച് ഗ്രാമപഞ്ചായത്ത് സ്ഥലം വാങ്ങിയിട്ടുണ്ട് (സർവ്വെ നം.115/5, 119/6) വീടും സ്ഥലവും ഇല്ലാത്ത 26 ഗുണഭോക്താക്കൾക്ക് വീട് വെയ്ക്കുന്നതിനായി 5 സെന്റ് സ്ഥലം വീതം അനുമതി പത്രത്തിന്റെ അടിസ്ഥാനത്തിൽ നൽകിയിട്ടുണ്ട്. (സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഇപ്പോഴും ഗ്രാമപഞ്ചായത്തിന്റെ പേരിൽതന്നെയാണ്) 2015-16 വർഷത്തിൽ അസി. സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ഭവനപദ്ധതിയിൽ ഈ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുകയും ധനസഹായം നൽകുകയും ചെയ്തിരിക്കുന്നു.

(പ്രൊജക്ട് : 255/16, വീട് നിർമ്മാണം (എസ് സി)

അടങ്കൽ: 5220000

2015-16 വർഷത്തെ പദ്ധതിപ്രകാരം ഒരു ഗുണഭോക്താവ് മാത്രം ഭവനനിർമാണം പൂർത്തീകരിച്ച് താമസമാരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ള 25 ഗുണഭോക്താക്കളെയും തൻവർഷത്തെ ലൈഫ് പദ്ധതിയുടെ ഒന്നാംഘട്ടമായ 'പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി. ഇപ്രകാരം ധനസഹായം നൽകിയിട്ടുള്ള ഗുണഭോക്താക്കളാണ് നാളിതുവരെയും ഭവനനിർമാണം പൂർത്തീകരിക്കാതെ അവശേഷിക്കുന്നത്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | മുൻ വർഷത്തിൽ നൽകിയ % | നൽകേണ്ട ആനുപാതിക തുക | 2017-18ൽ നൽകിയ തുക | ബാക്കി | വീടിന്റെ നിലവിലെ സ്റ്റേജ് |
|---|---|---|---|---|---|---|
| 1 | ബീന,നടുത്തറ, പുതുശ്ശേരി | 70 | 120000 | 100000 | 20000 | ലിന്റൽ |
| 2 | കുമുദം കെ.ഐ, നീളിക്കാട്, പുതുശ്ശേരി | 90 | 40000 | 30000 | 10000 | ലിന്റൽ |
| 3 | ശശികലരാജൻ, കുണ്ടുമൂളി, | 70 | 120000 | 80000 | 40000 | ലിന്റൽ |

| | | | | | | |
|---|---|---|---|---|---|---|
| | വേനോലി | | | | | |
| 4 | ധനലക്ഷ്മി, നറുകംപുള്ളി, പുതുശ്ശേരി | 70 | 120000 | 50000 | 70000 | ലിന്റൽ |
| 5 | അർജ്ജുനൻ, എടപ്പറമ്പ്, പുതുശ്ശേരി | 70 | 120000 | 80000 | 40000 | ലിന്റൽ |
| 6 | പൊന്നാൾ, നാടാർതോട്ടം, വാളയാർ | 40 | 240000 | 150000 | 90000 | ലിന്റൽ |
| 7 | പൊന്നമ്മ, വട്ടപ്പാറ, വാളയാർ | 40 | 240000 | 150000 | 90000 | ലിന്റൽ |
| 8 | മണികണ്ഠൻ, ചള്ളേക്കാട്, പുതുശ്ശേരി | 40 | 120000 | 100000 | 20000 | ലിന്റൽ |
| 9 | ഗുണശേഖരി, വട്ടപ്പാറ, | 70 | 120000 | 70000 | 50000 | ലിന്റൽ |
| 10 | ബിന്ദു, മലയങ്കാവ്, പുതുശ്ശേരി | 70 | 120000 | 70000 | 50000 | ലിന്റൽ |
| 11 | സരസു,ചെല്ലങ്കാവ്, കഞ്ചിക്കോട് | 90 | 67500 | 40000 | 27500 | ലിന്റൽ |

2017-18 വർഷത്തിൽ ഗഡുക്കൾ കൈപ്പറ്റിയിട്ടില്ലാത്ത 5 ഗുണഭോക്താക്കൾ കൂടി ഭവനനിർമാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നുണ്ട്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | മുൻ വർഷങ്ങളിൽ നൽകിയ % | നൽകേണ്ട ആനുപാതിക തുക | നൽകിയ തുക | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1 | കൽപന | 70 | 120000 | 0 | ബേസ്മെന്റ് |
| 2 | അംബിക | 90 | 160000 | 0 | ലിന്റൽ |
| 3 | തങ്ക | 90 | 40000 | 0 | ലിന്റൽ |
| 4 | കാളിയമ്മ | 70 | 120000 | 0 | ചുമർ |
| 5 | സുജിത | 70 | 120000 | 0 | ബേസ്മെന്റ് |

ലൈഫ് പദ്ധതി പ്രകാരം അർഹമായ മുഴുവൻ തുകയും കൈപ്പറ്റിയിട്ടുള്ള 8 ഗുണഭോക്താക്കളുടെ വീടുകൾ വാർപ്പ് വരെ മാത്രം കഴിഞ്ഞിട്ടുള്ള ഘട്ടത്തിലാണ്. ഈ ഗുണഭോക്തക്കളാരുംതന്നെ വീട്ടിൽ താമസം ആരംഭിച്ചിട്ടില്ല. പ്രസ്തുത ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | ആനുപാതിക തുകയനുസരിച്ച് 2017-18 ൽ നൽകിയ തുക |
|---|---|---|
| 1 | മാരിയമ്മാൾ, കുരുടിക്കാട് | 40000 |

| | | |
|---|---|---|
| 2 | ലതഭാസ്കരൻ, പുതുശ്ശേരി | 40000 |
| 3 | ശെന്തിൽകുമാർരാമസ്വാമി, പൂലാംപാടം | 120000 |
| 4 | അംബികമണ്ടൻ, വേനോലി | 40000 |
| 5 | രുഗ്മണി സുന്ദരൻ,പുതുശ്ശേരി | 40000 |
| 6 | ആറുച്ചാമി മുത്തുച്ചാമി,ചന്ദ്രാപുരം | 40000 |
| 7 | മൂർത്തിമുത്തുച്ചാമി, ചന്ദ്രാപുരം | 120000 |
| 8 | പ്രകാശൻ കറുപ്പൻ,ആലമ്പള്ളം | 120000 |

മറ്റ് അപാകതകൾ

1) എല്ലാ ഗഡുക്കളും കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ഭവനപൂർത്തീകരണത്തിന്റെ ഫോട്ടോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. മിക്ക ഗുണഭോക്താക്കളുടെയും ഫയലിൽ സൂക്ഷിച്ചിട്ടുള്ളത് ബേസ്മെന്റ് ഘട്ടത്തിലുള്ള ഫോട്ടോയാണ്.

2) 70 മുതൽ 90 % വരെ തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ തറപണി/ലിന്റൽവരെ വരെ മാത്രമാണ് നിർമാണപ്രവർത്തികൾ ചെയ്തിട്ടുള്ളത്. ഇതിൽനിന്നും യഥാർത്ഥ സ്റ്റേജ് പരിധി പാലിച്ചിട്ടല്ല മുൻവർഷങ്ങളിൽ തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാകുന്നു. ആയത് സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തി ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്

2) തുക അനുവദിക്കുന്ന വൗച്ചറിനോടൊപ്പം സൂക്ഷിച്ചിട്ടുള്ള സ്റ്റേജ് സർട്ടിഫിക്കറ്റുകളിൽ ഭവനനിർമാണത്തിന്റെ സ്റ്റേജ് നിർവഹണോദ്യോഗസ്ഥൻ രേഖപ്പെടുത്തിയിട്ടില്ല.

ഭവനനിർമാണം പൂർത്തീകരിക്കാത്തതുസംബന്ധിച്ചും അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/1.3.2019) ഭാഗികമായി തുക കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താക്കളെ 2018-19 വർഷത്തെ സ്പിൽഓവർ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിച്ചു. 2015-16, 2016-17 വർഷങ്ങളിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതിയിൽ സ്റ്റേജ് അനുസരിച്ചല്ല തുക അനുവദിച്ചിരിക്കുന്നതെന്നും ഭവനനിർമാണം നടക്കുന്ന സ്ഥലത്ത് വെള്ളം, വൈദ്യുതി എന്നിവ എത്തിച്ചേർന്നിട്ടില്ലാത്തതുകൊണ്ടാണ് പണി പൂർത്തീകരിക്കുവാൻ കഴിയാത്തതെന്നും അറിയിച്ചു.

8.3.2018 തീയതിയിൽ ഓഡിറ്റ് ടീമംഗങ്ങളും ഗ്രാമപഞ്ചായത്തിലെ എൽ എസ് ജി ഡി എഞ്ചിനീയറുമടങ്ങുന്ന ടീം സ്ഥലം സന്ദർശിച്ചു. ഒരു വീട് മാത്രമാണ് താമസം ആരംഭിച്ചിട്ടുള്ളതായി കാണാൻകഴിഞ്ഞത്. 8വീടുകൾ വാർപ്പ് കഴിഞ്ഞിട്ടുണ്ടെങ്കിലും താമസയോഗ്യമായിട്ടില്ല. ബാക്കിയുള്ള വീടുകൾ ഫൗണ്ടേഷൻ/ ലിന്റൽ എന്നീ ലെവലുകളിലാണുള്ളത്. ഗുണഭോക്താക്കളാരും സ്ഥലത്ത് ഇല്ലാത്തതിനാൽ ആരുടെ വീടാണെന്ന് കണ്ടെത്തുക പ്രയാസമാണ്. പാതിവഴിയിൽ നിർമാണം നിലച്ചുപോയ

വീടുകൾക്കുള്ളിൽ മരച്ചെടികൾ വളർന്ന് കാടുപിടിച്ചുകിടക്കുന്ന അവസ്ഥയാണ് കാണാൻ കഴിഞ്ഞത്.

ഫോട്ടോ ചേർക്കുന്നു.







ഗ്രാമപഞ്ചായത്തിന്റെ കുടിവെള്ള വിതരണത്തിനുള്ള പദ്ധതി പ്രകാരം 2017-18 വർഷത്തിൽ കുഴൽകിണർ കുഴിച്ചെങ്കിലും വെള്ളം ലഭ്യമാവാത്തതിനാൽ പദ്ധതി ഉപേക്ഷിക്കുകയാണുണ്ടായത്. ഈ പദ്ധതി പ്രകാരം സ്ഥാപിച്ചിട്ടുള്ള കുടിവെള്ളടാങ്ക് നിഷ്ക്രിയ അസ്തിയായി തുടരുന്നു.

സ്ഥലസന്ദർശനം നടത്തിയതിൽനിന്നും ഭവനനിർമാണത്തിന് അനുയോജ്യമല്ലാത്ത സ്ഥലമാണ് ഗുണഭോക്താക്കൾക്ക് നൽകിയിരിക്കുന്നതെന്ന് വ്യക്തമാകുന്നു. വെള്ളം വൈദ്യുതി എന്നിവയുടെ അഭാവത്തിൽ ഗുണഭോക്താക്കൾക്ക് ഭവനനിർമാണം പൂർത്തീകരിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നുണ്ട്. നിലവിൽ ഒരു പ്ലോട്ടിലും നിർമാണ പ്രവർത്തി നടക്കുന്നില്ല.

എല്ലാ ഗുണഭോക്താക്കളെക്കൊണ്ടും ഭവനനിർമാണം പൂർത്തികരിക്കുന്നതിനുള്ള അടിയന്തിരനടപടി സ്വീകരിക്കേണ്ടതാണ്. സ്ഥലം വാങ്ങുന്നതിനും ഭവനനിർമാണത്തിന് ധനസഹായം നൽകുന്നതിനുമായി നാളിതുവരെ ചെലവഴിച്ച തുകകൾ പാഴ്ചെലവാകാതിരിക്കാൻ ഇക്കാര്യത്തിലേക്ക് സ്റ്റാൻഡിംഗ് കമ്മറ്റിയുടെയും ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-15 മാലിന്യ സംസ്കരണത്തിന് പ്ലാന്റ് വാങ്ങൽ പദ്ധതി നടപ്പിലാക്കിയില്ല

പ്രോജക്റ്റ് നം.304/18

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷത്തിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ എന്ന പദ്ധതിക്കായി ധനകാര്യ കമ്മീഷൻഗ്രാന്റിൽനിന്നും 2500000/-രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടില്ല. പദ്ധതിയുടെ പ്രാരംഭപ്രവർത്തനങ്ങളൊന്നും തന്നെ ആരംഭിക്കാത്തതിനാൽ 2018-19 വർഷത്തിൽ സ്പിൽഓവറായി തുടാരാൻ കഴിയാത്ത അവസ്ഥയിലാണ്. ആയതുകൊണ്ടുതന്നെ സർക്കാരിൽനിന്നും ലഭിക്കേണ്ട 2500000 രൂപ ലാപ്സായി പോവുന്നതിന് ഇടയായിട്ടുണ്ട്. പദ്ധതി നടപ്പിലാക്കാത്തതിന്റെ കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/1.3.2019) മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്ഥലം വാങ്ങിനൽകാത്തതുകൊണ്ടാണ് പദ്ധതി നടപ്പാലാക്കുവാൻ കഴിയാതിരുന്നതെന്ന് നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി ഫീസിബിൾ ആണോയെന്ന് ഉറപ്പുവരുത്തി മാത്രം പദ്ധതി ആവിഷ്കരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-16 ഭവനനിർമ്മാണം പൂർത്തിയാക്കേണ്ടതാണ്

പ്രോജക്ട് നം 125/17-18 (ഭവനനിർമ്മാണം എസ്.സി.പി)
നിർവ്വഹണോദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ- വികസന ഫണ്ട് -1100000

ചെലവ്-600000

യൂണിറ്റ് ചെലവ് -300000

സ്പിൽ ഓവറായി നടപ്പിലാക്കിയ പദ്ധതി പ്രകാരം 2017-18 ൽ 5 ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിൽ ശ്രീമതി. ദൈവാനി , കുന്നംകാട് എന്ന ഗുണഭോക്താവിന് 4 ഗഡുക്കളായി ആകെ 250000 രൂപയാണ് നാളിതുവരെ അനുവദിച്ചിട്ടുള്ളത്.

ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-17 മുൻകൂർ അനുമതിയില്ലാതെ ദിവസവേതനം നൽകിയത് ക്രമപ്രകാരമല്ല

ഗ്രാമപഞ്ചായത്തിലെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ പരിശോധിച്ചതിൽ നിലവിലില്ലാത്ത തസ്തികകളിൽ ജീവനക്കാരെ നിയമിച്ച് ദിവസവേതനം നൽകിയതായി കണ്ടെത്തി. ക്ലറിക്കൽ /ഡാറ്റ എൻട്രി ഓപ്പറേറ്റർ തസ്തികകളിലാണ് ഭരണസമിതിയുടെ 12.5.2017 ലെ

4(6) നമ്പർ തീരുമാന പ്രകാരം എൽ.എസ്.ജി.ഡി.കാര്യാലയത്തിൽ ശ്രീമതി രജിതയെ ക്ലർക്ക് & ഡി.ടി.പി.ഓപ്പറേറ്റർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുകയും 675 രൂപ നിരക്കിൽ ദിവസവേതനം നൽകുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ എൽ.എസ്.ജി.ഡി വിഭാഗത്തിൽ ക്ലറിക്കൽ തസ്തിക നിലവിലില്ല.. എ. ഇ. യുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ സെക്രട്ടറി, എല്ലാ മാസവും വേതനം അസിസ്റ്റന്റ് എഞ്ചിനീയർക്ക് അനുവദിക്കുകയും തുടർന്ന് ശ്രീമതി. രജിതയ്ക്ക് നൽകുയുമാണ് ചെയ്തിട്ടുള്ളത്. 2017-18 ൽ നൽകിയ തുകയുടെ വിവരം താഴെ ചേർക്കുന്നു

| | |
|---|---|
| 51700029/4.4.17 | 18900 |
| 21700129/2.5.17 | 14175 |
| 21700249/5.6.17 | 17750 |
| 21700381/1.7.17 | 17040 |
| 21700534/3.8.17 | 17750 |
| 21700632/29.8.17 | 17750 |
| 21700633/29.8.17 (ഉത്സവബത്ത) | 1210 |
| 21700700/15.9.17 | 10000 |
| 21700743/3.10.17 | 12070 |
| 21700933/4.11.17 | 14910 |
| 21701154/1.1.18 | 10650 |
| 21701155/1.1.18 | 15620 |
| 21701283/2.2.18 | 14910 |
| | 182735 |

ശ്രീമതി.സ്നേഹ & ശ്രീമതി.പവിത്ര എന്നവർക്ക് 3/17 ലെ ദിവസവേതനമായി (28 /26ദിവസം) 28700 രൂപ(വൗച്ചർ -51700009/3.4.17) നൽകിയിട്ടുണ്ട്. അറ്റന്റൻസ് രജിസ്റ്റർ പ്രകാരം പ്രസ്തുത കാലയളവിൽ ക്ലറിക്കൽ തസ്തികയിൽ ഒഴിവുകളില്ല. കൂടാതെ ലൈഫ് മിഷൻ ഡാറ്റാ എൻട്രി നടത്തുന്നതിനായി (വൗച്ചർ - 21700660/30.8.17) 1.8.17 മുതൽ 31.8.17 വരെയുള്ള വേതനമായി ശ്രീമതി.സ്നേഹക്ക് 8400 രൂപയും ശ്രീമതി.പവിത്രക്ക് 5250 രൂപയും(1.8.17 മുതൽ 11.8.17 വരെ) നൽകിയിട്ടുണ്ട്..

വിസ്തൃതി കൂടിയ പഞ്ചായത്തായതിനാലും 150 ൽ അധികം പദ്ധതികൾ നടപ്പിലാക്കുന്നതിനാലുമാണ് ക്ലറിക്കൽ ജോലികൾക്കായി ശ്രീമതി രജിതയെ നിയമിച്ചത് എന്നും വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, ലൈഫ് മിഷൻ ഡാറ്റ എൻട്രി എന്നിവ പൂർത്തിയാക്കുന്നതിന് വേണ്ടി 2 ദിവസവേതനജീവനക്കാരെ നിയമിക്കേണ്ടിവന്നു എന്ന മറുപടി (ഓഡിറ്റ് എൻക്വയറി - 9/6.3.19) അംഗീകരിക്കാവുന്നതല്ല.

സർക്കാർ ഉത്തരവ് (പി)28/16/ധനം/26.2.2016 പ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമായശേഷം മാത്രമേ അംഗീകൃതമല്ലാത്ത തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്താൻ കഴിയുകയുള്ളൂ. നിലവിലില്ലാത്ത തസ്തികകളിൽ, സർക്കാരിൽ നിന്നും

മുൻകൂർ അനുമതി വാങ്ങാതെ ദിവസവേതനത്തിന് ജീവനക്കാരെ നിയമിച്ചത് അംഗീകരിക്കാവുന്നതല്ല. അതിനാൽ ക്ലറിക്കൽ / ഡാറ്റ എൻട്രി ഓപ്പറേറ്ററുടെ വേതനമായി ചെലവഴിച്ച 225085 രൂപ (182735 + 42350 )ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

അവധിദിവസങ്ങളിൽ(ഞായറാഴ്ചയും മറ്റ് പൊതു അവധി ദിനങ്ങളും ) സ്ഥിരം ജീവനക്കാർക്ക് പകരം ജീപ്പ് ഡ്രൈവർ, നൈറ്റ് വാച്ച് മാൻ എന്നീ തസ്തികകളിലും ദിവസവേതനം നൽകിയിട്ടുണ്ട്. എല്ലാ ദിവസവേതനജീവനക്കാർക്കും ( കിഷോർ(Driver), സുബ്രഹ്മണ്യൻ (PTNW), സ്നേഹ പവിത്ര(DEO), റാണി, അജീഷ്(FTS) എന്നിവർ ) 1210 രൂപ വീതം (വൗച്ചർ നമ്പർ 21700665/30.8.17 പ്രകാരം ) ഉത്സവബത്തയും നൽകിയിട്ടുണ്ട്. സ.ഉ(അച്ചടി)107/17/ധനം തിയതി 16.8.17 പ്രകാരം 3.9.17 ന് മുൻപ് സേവനത്തിലുള്ളതും 6.9.17 ന് മുൻപ് സേവനത്തിൽ നിന്നും നീക്കം ചെയ്യാനിടയില്ലാത്തതുമായ ദിവസവേതനാടിസ്ഥാനത്തിലുള്ള ജീവനക്കാർക്കാണ് ഫെസ്റ്റിവൽ അലവൻസ് അനുവദിക്കാവുന്നത്. മേൽ പറഞ്ഞ വ്യക്തികളൊന്നും

" 3.9.17 ന് മുൻപ് സേവനത്തിലുള്ളതും 6.9.17 ന് മുൻപ് സേവനത്തിൽ നിന്നും നീക്കം ചെയ്യാനിടയില്ലാത്തതുമായ "

എന്ന വിഭാഗത്തിൽ ഉൾപ്പെടുന്നവരല്ല. അതിനാൽ പ്രസ്തുത വ്യക്തികൾക്ക് ഉത്സവബത്തയിനത്തിൽ നൽകിയ 7260.00 രൂപയും (6*1210) ഓഡിറ്റ് നിരാകരിക്കുന്നു. സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമാക്കി നടപടിക്രമങ്ങൾ പാലിച്ച് മാത്രം ദിവസവേതനജീവനക്കാരെ നിയമിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-18 വൈദ്യുതി ബോർഡ് ഓഫീസിന്റെ വാടക നൽകിയത് അംഗീകരിക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കഞ്ചിക്കോട് കെ.എസ്.ഇ.ബി വിഭജിച്ച് വാളയാർ സെക്ഷൻ ഓഫീസ് 1-3-17 ന് ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി.യുടെ കെട്ടിടത്തിൽ പ്രതിമാസം 10000/- രൂപ നിരക്കിൽ വാടകയ്ക്കാണ് സെക്ഷൻ ഓഫീസ് പ്രവർത്തനമാരംഭിച്ചത്. ഭരണസമിതിയുടെ 16.2.17 ലെ തീരുമാനനമ്പർ 4(5) പ്രകാരം കെട്ടിട വാടക ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകാൻ തീരുമാനിക്കുകയും വാടകയായി പ്രതിമാസം ₹10000/- രൂപ വീതം എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.എസ്.ഇ.ബി യ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ചെലവിന്റെ വിവരം താഴെ ചേർക്കുന്നു

| ക്രമനമ്പർ | വൗച്ചർ നമ്പർ / തിയതി | തുക |
|---|---|---|
| 1 | 21700104/25.4.17 | 10000 |
| 2 | 21700273/7.6.17 | 10000 |
| 3 | 21700383/3.7.17 | 10000 |
| 4 | 21700555/8.8.17 | 10000 |
| 5 | 21700700/15.9.17 | 10000 |
| | | |

| | | |
|---|---|---|
| 6 | 21700766/5.10.17 | 10000 |
| 7 | 21700880/30.10.17 | 10000 |
| 8 | 21701042/5.12.17 | 10000 |
| | ആകെ | 80000 |

വൈദ്യുതിബോർഡിന് ഭൗതികസാഹചര്യങ്ങൾ ഒരുക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടുന്നില്ല. വാടകയിനത്തിൽ തുക ചെലവഴിക്കുന്നതിന് സർക്കാരിൽ നിന്നും മുൻകൂർ അനുമതി ലഭ്യമാക്കിയിട്ടുമില്ല.

ഓഡിറ്റ് എൻക്വയറിക്ക് - 9 / 6.3.19 - മറുപടിയായി ഗ്രാമപഞ്ചായത്തിലെ കഞ്ചിക്കോട് വൈദ്യുതി ഓഫീസ് വിഭജിച്ച് വാളയാർ സെക്ഷൻ ഓഫീസ് ആരംഭിച്ചത് ജനങ്ങൾക്ക് ഉപകാരപ്രദമായതിനാലാണ് വാടക തനത്ഫണ്ടിൽ നിന്നും എല്ലാ മാസവും നൽകാൻ ഭരണസമിതി (16.2.17 ലെ 4(5)) തീരുമാനിച്ചത് എന്നും 2018 ഡിസംബർ മാസം വരെ മാത്രമേ വാടക നൽകിയിട്ടുള്ളൂ എന്നുമാണ് അറിയിച്ചിട്ടുള്ളത്. വൈദ്യുതിബോർഡിന് ഭൗതികസാഹചര്യങ്ങൾ ഒരുക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയല്ലാത്തതിനാൽ സർക്കാരിൽ നിന്നും മുൻകൂർ അനുമതി ലഭ്യമാക്കാതെ ഈയിനത്തിൽ തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല. വാടകയിനത്തിൽ ചെലവഴിച്ച തുകയായ 80000/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു

# 3-19 വാഹനഉപയോഗവും പരിപാലനവും - അവലോകനവും

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ KL 09 Q 7459 BOLERO ജീപ്പും, KL-09 AL 8258 നമ്പർ ആമ്പുലൻസുമാണ് നിലവിലുള്ളത്. സർക്കാർ വാഹനങ്ങളുടെ ഉപയോഗത്തിനുള്ള ചട്ടങ്ങൾ സ.ഉ. (പി) 803/70/ഫിൻ /13.11.1970 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വാഹനഉപയോഗം നിയന്ത്രിക്കുന്നതിനുള്ള മാർഗരേഖ സ.ഉ(എം.എസ് 170/2007 /തസ്വഭവ തിയതി 30.6.2007 പ്രകാരവും പുറപ്പെടുവിച്ചിട്ടുണ്ട്. വാഹനങ്ങളുടെ ശരിയായ ഉപയോഗം, സംരക്ഷണം, ഉപയോഗത്തിന്റെ നിയന്ത്രണം എന്നിവയുടെ കാര്യക്ഷമത പരിശോധിക്കാൻ ലക്ഷ്യമിട്ടതനുസരിച്ച് വാഹനങ്ങളുമായി ബന്ധപ്പെട്ട വിവിധ രേഖകൾ പരിശോധിച്ചു. കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിൽ രണ്ട് വാഹനങ്ങൾ നിലവിലുണ്ട്

- ജീപ്പ് - KL 09 Q 7459
- ആമ്പുലൻസ് - KL 09 AL 8258

വാർഷികകണക്കുകൾ പ്രകാരം ജീപ്പിന് ഡീസൽ ചാർജിനത്തിൽ 2,06,793 രൂപയും റിപ്പയർ ചാർജായി 83633 രൂപയും ഓഡിറ്റ് വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്.

ആമ്പുലൻസിന് ഡീസൽ ചാർജിനത്തിൽ 78021 രൂപയും റിപ്പയർ ചാർജായി 1350 രൂപയും രൂപയും ചെലവഴിച്ചിട്ടുണ്ട്.

കൂടാതെ വാഹനം വാടകയായി 85135 രൂപയും തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

എ. രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

സ.ഉ(എം.എസ് 170/2007 /തസ്വഭവ തിയതി 30.6.2007, ആസ്തി മാനേജ്മെന്റ് മാന്വൽ (ജി.ഒ(ആർ.ടി 166/2017/ തസ്വഭവ /20.1.2017, എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിലെ വാഹനങ്ങളുടെ കസ്റ്റോഡിയൻ ഓഫീസർ സെക്രട്ടറിയാണ്. വാഹനത്തിന്റെ ഉപയോഗം, സംരക്ഷണം, ഉപയോഗത്തിന്റെ നിയന്ത്രണം എന്നിവ കസ്റ്റോഡിയൻ ഓഫീസറുടെ ചുമതലയാണ്.വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് താഴെ പറയുന്ന രജിസ്റ്ററുകളും, റെക്കോർഡുകളുമാണ് സെക്രട്ടറി സൂക്ഷിക്കേണ്ടത്.

1. ലോഗ് ബുക്ക്

2. പെട്രോൾ, ഡീസൽ ഗ്യാസ് മുതലായവയ്ക്കുള്ള ഓർഡർ ബുക്ക്

3. റിപ്പയർ രജിസ്റ്റർ

4. സ്റ്റോക്ക് രജിസ്റ്റർ

5. ഫ്യൂവൽ രജിസ്റ്റർ

പഞ്ചായത്തിലെ രണ്ട് വാഹനങ്ങൾക്കും ലോഗ് ബുക്ക് ഒഴികെയുള്ള മേൽ പറഞ്ഞ മറ്റു രജിസ്റ്ററുകളൊന്നും എഴുതി സൂക്ഷിക്കുന്നില്ല.

ലോഗ് ബുക്ക്

യാത്രയുടെ വിവരം ഡ്രൈവർ ലോഗ് ബുക്കിൽ ചേർക്കേണ്ടതും യാത്ര ചെയ്ത ആൾ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. സെക്രട്ടറി ഇടക്കിടെ ലോഗ്ബുക്ക് പരിശോധിക്കേണ്ടതും വാഹനഉപയോഗം ക്രമപ്രകാരമാണ് എന്ന് ഉറപ്പുവരുത്തി പരിശോധനവിവരം രേഖപ്പെടുത്തേണ്ടതുമാണ്. (സ.ഉ(എം.എസ് 170/2007).

മേൽ വ്യവസ്ഥകളൊന്നും ഗ്രാമപഞ്ചായത്തിൽ കൃത്യമായി പാലിക്കപ്പെട്ടിട്ടില്ല. ജീപ്പിന്റെ ലോഗ്ബുക്കിലെ രേഖപ്പെടുത്തലുകളൊന്നും സെക്രട്ടറി പരിശോധിച്ച് ഒപ്പു വച്ചിട്ടില്ല. പലപ്പോഴും വാഹനം ഉപയോഗിക്കുന്ന ഉദ്യോഗസ്ഥനും ഒപ്പുവച്ചിട്ടില്ല. ലോഗ് ബുക്കിൽ Purpose of journey കൃത്യമായി രേഖപ്പെടുത്തുന്നില്ല. . ഓരോ യാത്രയുടെയും ദൂരം (Km) രേഖപ്പെടുത്തുന്നില്ല. ദിവസം നടത്തിയ ആകെ യാത്രയുടെ KM മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഓരോ ട്രിപ്പിനും ലോഗ് ബുക്കിലെ 9 മുതൽ 13 വരെ കോളങ്ങൾ പൂരിപ്പിക്കേണ്ടതാണ് (ചട്ടം 33)

അവധിദിവസങ്ങളിലും സ്ഥിരം തസ്തികയിലുള്ള ഡ്രൈവർക്ക് ലീവ് അനുവദിച്ച ദിവസങ്ങളിലും ദിവസവേതനാടിസ്ഥാനത്തിൽ ശ്രീ. കിഷോർ എന്ന വ്യക്തിയെ

ഡ്രൈവറായി നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത ദിവസങ്ങളിൽ പലപ്പോഴും ലോഗ് ബുക്കിൽ രേഖപ്പെടുത്തലുകളൊന്നും നടത്തിയിട്ടില്ല. (ഉദാ. 21.11.2017, 2.12.2017, 3.2.2017) . ചട്ടം 44 പ്രകാരം സർക്കാർ വാഹനത്തിനായി നിയോഗിക്കപ്പെട്ട ഡ്രൈവർ മാത്രമേ വാഹനം ഓടിക്കാവൂ. ജി.ഒ.(ആർ.ടി) നമ്പർ 1699/17/തസ്വഭവ തിയതി 24.5.17 പ്രകാരമുള്ള ഓഫീസ് മാനേജ്മെന്റ് മാന്വൽ ഖണ്ഡിക 6.5.10 പ്രകാരം ഓഫീസിന് പുറത്തുള്ള യോഗം,/ ഔദ്യോഗിക പരിപാടികൾക്കായി പ്രസിഡന്റിനെ/ സെക്രട്ടറിയെ വാഹനത്തിൽ കൊണ്ടുപോകുന്നതിന് ഡ്രൈവർ അധികസമയം ജോലിചെയ്യേണ്ടതാണ് എന്നും അവധി ദിവസങ്ങളിൽ ഗ്രാമസഭകൾ മുതലായ പ്രവർത്തനങ്ങൾക്കായി വാഹനം ആവശ്യമാണെങ്കിൽ സെക്രട്ടറിയുടെ നിർദേശപ്രകാരം ജോലിക്ക് ഹാജരാകണമെന്നും വ്യവസ്ഥയുണ്ട്. എന്നാൽ പ്രസ്തുത നിർദേശങ്ങൾക്ക് വിരുദ്ധമായി ഗ്രാമപഞ്ചായത്തിൽ എല്ലാ അവധി ദിനങ്ങളിലും വാഹനം ഡ്രൈവ് ചെയ്യുന്നതിന് ശ്രീ. കിഷോർ എന്ന വ്യക്തിക്ക് ദിവസവേതനം നൽകുന്നുണ്ട്.

<u>ഇന്ധനഉപയോഗം</u>

ഡീസൽ ഓർഡർ ബുക്ക്, ഫ്യുവൽ രജിസ്റ്റർ എന്നിവ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

ലോഗ്ബുക്കിൽ ഫ്യുവൽ അക്കൗണ്ട് രേഖപ്പെടുത്തുന്ന കോളത്തിൽ വർഷാരംഭത്തിൽ അളവ് രേഖപ്പെടുത്തിയിട്ടില്ല.. സ.ഉ(എം.എസ് )നം.170/07/ ത.സ്വ.ഭ.വ 30-6-2007 പ്രകാരം കസ്റ്റോഡിയൻ ഓഫീസറുടെയോ/ അദ്ദേഹം ചുമതലപ്പെടുത്തുന്ന ആഫീസറുടേയോ സാന്നിദ്ധ്യത്തിലോ വാഹനത്തിന്റെ ഇന്ധന ടാങ്കിൽ പൂർണ്ണമായും ഇന്ധനം നിറയ്ക്കേണ്ടതാണെന്ന് നർദ്ദേശിച്ചിട്ടുണ്ട്. ഇന്ധനം നിറച്ച തിയതി, ടാങ്കിലെ ഇന്ധനത്തിന്റെ അളവ്, ഹാജരായിരുന്ന ആളുടെ പേര്, ഉദ്യോഗപേര്, ഒപ്പ് എന്നിവ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

എന്നാൽ മേൽ പറഞ്ഞ നടപടിക്രമങ്ങളൊന്നും സെക്രട്ടറി പാലിച്ചിട്ടില്ല. ഫ്യുവൽ അക്കൗണ്ട് ലോഗ് ബുക്കിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടുമില്ല.

<u>വാഹനഉപയോഗം</u>

ജിപ്പിന്റെ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയ പല യാത്രകളും ഔദ്യോഗിക യാത്രകളല്ല. ( മരണവീടുകൾ സന്ദർശിക്കാൻ മെമ്പർമാർ നടത്തുന്ന യാത്രകൾ തുടങ്ങിയവ) . യാത്രയുടെ ഉദേശം ലോഗ് ബുക്കിൽ കൃത്യമായി രേഖപ്പെടുത്തുന്നമില്ല. ഉദാ : പ്രസിഡന്റ് / അംഗങ്ങൾ റോഡ് പരിശോധിക്കുവാൻ,സ്ഥലം സംബന്ധിച്ച പരാതി പരിശോധിക്കുവാൻ എന്നിങ്ങനെയാണ് രേഖപ്പെടുത്തുന്നത്. സ്ഥലപേര് , റോഡിന്റെ പേര് തുടങ്ങിയ വിവരങ്ങളൊന്നും ചേർക്കുന്നില്ല. -അതിനാൽ ഇവ ഔദ്യോഗികയാത്രയിൽ ഉൾപ്പെടുമോ എന്ന് പരിശോധിക്കുവാനും സാധിക്കുകയില്ല.

ചട്ടം 26 പ്രകാരം സവിശേഷ സാഹചര്യങ്ങളിൽ ഒഴികെ (ഉദാ. ഔദ്യോഗികയോഗങ്ങൾ) സാധാരണ പ്രവർത്തിസമയം കഴിഞ്ഞ് വാഹനം ഉപയോഗിക്കാൻ പാടുള്ളതല്ല.എന്നാൽ ലോഗ് ബുക്ക് പരിശോധിച്ചതിൽ, പ്രവർത്തിസമയം

കഴിഞ്ഞും സ്ഥിരമായി വാഹനം ഉപയോഗിക്കുന്നതായി കാണുന്നു. കൂടാതെ എല്ലാ അവധിദിവസങ്ങളിലും വാഹനം ഉപയോഗിക്കുന്നുണ്ട്.

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലകൾ

ഓരോ അർദ്ധവർഷത്തിന്റെയും ആരംഭത്തിൽ മുൻ അർദ്ധവർഷത്തെ ചെലവിന്റെയും വരവിന്റെയും റിപ്പോർട്ട് സെക്രട്ടറി , ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ ഒരു റിപ്പോർട്ട് സെക്രട്ടറി സമർപ്പിക്കുകയോ കമ്മിറ്റി പരിശോധിക്കുകയോ ചെയ്തിട്ടില്ല.

ആമ്പുലൻസിന്റെ ഉപയോഗം

ഗ്രാമപഞ്ചായത്തിന്റെ വാഹനങ്ങളിൽ യുണൈറ്റഡ് ബ്രൂവറീസ് എന്ന കമ്പനി വാങ്ങി നൽകിയ ആമ്പുലൻസും ഉൾപ്പെടുന്നു. വാഹനത്തിന്റെ ആവർത്തന, പരിപാലന ചെലവുകൾ (ഡീസൽ, ഡ്രൈവറുടെ ദിവസവേതനം, റിപ്പയർ തുടങ്ങിയവ) ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നുമാണ് വഹിക്കുന്നത്. ആമ്പുലൻസിന്റെ വാടകയായി ഈടാക്കുന്ന തുക ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നുണ്ട്.

2017-18 ൽ വാഹനവാടകയായി ലഭിച്ചത് 162576 രൂപയാണ്. തൻവർഷം ഡ്രൈവറുടെ ദിവസവേതനമായി 200000 രൂപയോളം ചെലവഴിച്ചിട്ടുണ്ട്. കൂടാതെ ഡീസലിന് 78000 രൂപയും ചെലവഴിച്ചിട്ടുണ്ട്. ചെലവ് തുകയുടെ 60 % മാത്രമാണ് വരവായി ലഭിക്കുന്നത്. ആമ്പുലൻസിന്റെ വരവു ചെലവും ക്രമീകരിച്ച് പഞ്ചായത്ത് ഫണ്ടിന് അധികബാധ്യത

ഓഡിറ്റ് നിർദേശങ്ങൾ

1. സർക്കാർ ഉത്തരവ് പ്രകാരം കസ്റ്റോഡിയൻ ഓഫീസർ സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്
2. വാഹനത്തിന്റെ ലോഗ് ബുക്ക്, ഡ്രൈവർ സൂക്ഷിക്കുന്ന ഹിസ്റ്ററി എന്നിവ നിരീക്ഷിച്ച് വാഹനത്തിന്റെ ശരിയായ ഉപയോഗം ഉറപ്പുവരുത്തേണ്ടതാണ്.
3. ഔദ്യോഗിക ആവശ്യങ്ങൾക്ക് മാത്രമേ വാഹനം ഉപയോഗിക്കപ്പെടുന്നുള്ളു എന്ന് കസ്റ്റോഡിയൻ ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്. അനൗദ്യോഗിക ആവശ്യങ്ങൾക്കായി വാഹനം ഉപയോഗിക്കുമ്പോൾ നിയമാനുസൃത നിരക്കിൽ വാടക ഈടാക്കേണ്ടതാണ്.
4. ആസ്തി സംരക്ഷണപദ്ധതി അനുസരിച്ചുള്ള റിപ്പയറുകളും സർവീസുകളും സമയബന്ധിതമായി നടത്തേണ്ടതാണ്.

# 3-20 തെരുവ് വിളക്ക് പരിപാലനം - അവലോകനം

സ്ട്രീറ്റ് ലൈറ്റുകളുടെ പരിപാലനത്തിനായി 2017-18 വർഷത്തിൽ 449648/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

പ്രൊജക്ട് -തെരുവ് വിളക്ക് മെയിന്റനൻസ് - 278/18

അടങ്കൽ -209637/- (തനത് ഫണ്ട്)

ചെലവ് –2,09,637/-രൂപ

2. തെരുവ് വിളക്ക് മെയിന്റനൻസ് - 2/18

അടങ്കൽ -1000000/- (തനത് ഫണ്ട്)

ചെലവ് –962468/-രൂപ

21700281/8.6.17 - 369495

21700657 /30.8.17 – 526835

21700936/13.11.17-446955

നിർവഹണം -സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015-ലെ ജി2-44274/2015 നമ്പർ ഉത്തരവ് പ്രകാരം തെരുവ് വിളക്കുകളുടെ പരിപാലനത്തിന് പൊതു മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം തെരുവ് വിളക്കുകളുടെ പരിപാലനം ചിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ തരം, എണ്ണം അവ സ്ഥാപിച്ചിട്ടുള്ള പോസ്റ്റ് നമ്പർ ഉൾപ്പടെ വാർഡ് തിരിച്ച് കണക്ക് വൈദ്യുതി ബോർഡിൽ നിന്നും ലഭ്യമാക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

ശ്രീ.ജഗദീഷ് കുമാർ, മാഗ്ന വിഷൻ എന്ന ഇലക്ട്രിക്കൽ കോൺട്രാക്ടറുടെ ടെണ്ടർ അംഗീകരിച്ച് ഒരു വർഷത്തെ തെരുവ് വിളക്ക് പരിപാലനത്തിനായി 6/ 1.12.16 ന് കരാർ ചമച്ചിട്ടുണ്ട്. മെറ്റീരിയൽ & ലേബർ ചാർജ് ഉൾപ്പെടെയാണ് കരാർ നൽകിയിട്ടുള്ളത്.

തെരുവ് വിളക്കുകൾക്കുള്ള സ്പെയർ പാർട്ട്സുകളുടെ സ്റ്റോക്ക്, വിനിയോഗ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. തെരുവ് വിളക്കുകളുടെ കൃത്യമായ കണക്കുകൾ സൂക്ഷിക്കാത്തതിനാൽ സ്പെയർപാർട്ട്സുകളുടെ ആവശ്യകത ഉറപ്പാക്കാനാവുന്നില്ല. ഗ്യാരന്റി കാലാവധി കഴിയുന്നതിന് മുൻപ് തന്നെ ബൾബുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നുണ്ടോ എന്നും നിർവഹണ ഉദ്യോഗസ്ഥൻ പരിശോധിക്കുന്നില്ല. കരാറുകാരൻ സമർപ്പിച്ച ബിൽ അടിസ്ഥാനമാക്കി തുക നൽകുകയാണ് ഗ്രാമപഞ്ചായത്ത് ചെയ്തിട്ടുള്ളത്. വാർഡ്

മെമ്പർമാരുടെ സാക്ഷ്യപത്രം മാത്രമാണ് ബില്ലിനോടൊപ്പം സമർപ്പിച്ചിട്ടുള്ളത്.കരാർ വ്യവസ്ഥ പ്രകാരം കെ.എസ്.ഇ. ബി. ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലാണ് അറ്റകുറ്റപണികൾ നടത്തേണ്ടത്. എന്നാൽ വൈദ്യുതി ബോർഡിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കാതെയാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്ക് സംബന്ധിച്ച പരാതി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ വിളക്കുകൾ പ്രവർത്തിക്കാത്തത് എന്നുമുതലാണ് എന്നും അവ എന്ന് റിപ്പയർ ചെയ്തു തുടങ്ങിയ വിവരങ്ങളും ലഭ്യമല്ല.

ഓഡിറ്റ് എൻക്വയറിക്ക് (12/7.3.19) ന് മറുപടിയായി പഞ്ചായത്ത് പ്രദേശത്തെ എല്ലാ വാർഡുകളിലേയും വിവരങ്ങൾ ക്രോഡീകരിച്ച് തെരുവ് വിളക്ക് രജിസ്റ്റർ, സ്പെയർ പാർട്സ് രജിസ്റ്റർ , സ്റ്റോക്ക് രജിസ്റ്റർ, ഇഷ്യൂ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്.

ഗ്രാമപ്പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവു വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പടെ രേഖപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കേണ്ടതും, ഇതിന്റെ അടിസ്ഥാനത്തിൽ സ്പെയർ പാർട്സുകൾ വാങ്ങേണ്ടതുമാണ്. ഇലക്ട്രിക്കൽ സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിക്കേണ്ടതും, സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ ഇഷ്യൂ വിവരം കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. പഞ്ചായത്തിന്റെ അനിവാര്യ ചുമതലയും പ്രധാന ആവർത്തന ചെലവ് ഇനവുമായ തെരുവ് വിളക്കുകളുടെ പരിപാലനം കാര്യക്ഷമവും, സുതാര്യവുമാക്കുന്നതിനാവശ്യമായ സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# 3-21 മാലിന്യ സംസ്കരണം - അവലോകനം

ഗ്രാമപഞ്ചായത്തിലെ വീടുകളിൽ നിന്നും കുടുംബശ്രീ അംഗങ്ങൾ മുഖേന പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതിന് ( 1 വാർഡിൽ 6/8 പേർ മാസം 4 തവണ) ദിവസവേതനം 300 രൂപ നിരക്കിൽ 778374 രൂപ നൽകിയിട്ടുണ്ട്. കൂടാതെ ശേഖരിച്ച പ്ലാസ്റ്റിക് സോഡിയാക് , കഞ്ചിക്കോട് എന്ന സ്ഥാപനത്തിൽ എത്തിക്കുന്നതിന് വാഹനവാടകയായി vr. 21700628/26.8.1 പ്രകാരം 36650 രൂപയും നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനവുമായി കരാറിലേർപ്പെടുകയോ സ്ഥാപനം , പ്ലാസ്റ്റിക് വേസ്റ്റ് എപ്രകാരം റീസൈക്കിൾ/നിർമാർജനം ചെയ്തു എന്ന് പരിശോധിക്കുകയോ ചെയ്തിട്ടില്ല.

ഹരിതമിഷൻ മാർഗരേഖ പ്രകാരം അജൈവമാലിന്യശേഖരണത്തിന് ഗ്രാമപഞ്ചായത്തുകളിൽ വീടുകളിൽ നിന്നും കുറഞ്ഞത് 50 രൂപ നിരക്കിൽ യൂസർഫീ ഈടാക്കേണ്ടതാണ്. എല്ലാ കെട്ടിടത്തിനും സേവനത്തിനുള്ള ഫീസ് നിർബന്ധമായും ഈടാക്കേണ്ടതാണ് എന്നും വ്യവസ്ഥയുണ്ട്. ഓഡിറ്റ് എൻക്വയറി നമ്പർ 9/6.3.19 ന് മറുപടിയായി 15.6.17 ലെ ഭരണസമിതി തീരുമാനപ്രകാരമാണ് (നം- 5(4)) പ്രതിദിനം 300 രൂപ നിരക്കിൽ വേതനം നൽകിയത് എന്നും 2018 നവമ്പർ മാസത്തെ ഗ്രാമസഭയിൽ യൂസർ ഫീ പിരിക്കുവാൻ തീരുമാനം എടുത്തിട്ടുണ്ട് എന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ

നാളിതുവരെ ഇത് സംബന്ധിച്ച് ഭരണസമിതി തീരുമാനമെടുക്കുകയോ തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

2015-16 ൽ ODF പദ്ധതിക്കായി പ്ലാൻ ഫണ്ടിൽ നിന്നും നൽകിയ തുക തിരികെ ലഭിച്ചതിൽ (9504000) നിന്നുമാണ് പ്ലാസ്റ്റിക് മാലിന്യ ശേഖരണത്തിന് തുക ചെലവഴിച്ചിട്ടുള്ളത്. ആകെ 850753 രൂപ ഇപ്രകാരം ചെലവഴിച്ചിട്ടുണ്ട്. ODF പദ്ധതിക്കായി പ്ലാൻഫണ്ടിൽ നിന്നും മുൻകൂറായി നൽകിയ തുക തിരികെ ലഭ്യമായത് പ്ലാൻ മാർഗരേഖ അനുസരിച്ച് പദ്ധതി തയ്യാറാക്കി ചെലവഴിക്കേണ്ടതാണ് എന്ന വ്യവസ്ഥ പാലിക്കാതെ പദ്ധതിയേതരചെലവുകൾക്കാണ് വിനിയോഗിച്ചത്. ഖരമാലിന്യസംസ്കരണം അനിവാര്യ ചുമതലയായതിനാലാണ് പദ്ധതിയിൽ ഉൾപ്പെടുത്താതിരുന്നത് എന്ന വിശദീകരണം അംഗീകരിക്കാവുന്നതല്ല. പദ്ധതി മാർഗരേഖയിലെ വ്യവസ്ഥകൾ പ്രകാരം പദ്ധതി രൂപീകരിച്ച് അംഗീകാരം വാങ്ങാതെ പദ്ധതി ഫണ്ട് ( ODF തിരികെ ലഭിച്ചതുൾപ്പെടെ) ചെലവഴിക്കാവുന്നതല്ല.

പതിമൂന്നാം പദ്ധതിയുടെ മാർഗ്ഗരേഖ സ.ഉ(കൈ)നം.17/2018/തസ്വഭവ തിയതി 2-2-2018 ലെ ഖണ്ഡിക 11 പ്രകാരം പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് നടത്തിയതിനുശേഷം ലഭിക്കുന്ന ഷ്രെഡ്ഡ്, റോഡ് നിർമ്മാണത്തിന് ഉപയോഗപ്പെടുത്തുന്നതിനായി നിർദ്ദേശിച്ചിട്ടുണ്ട്. പത്ത് ശതമാനം റോഡ് പ്രവൃത്തികളിലെങ്കിലും ഇത് ഉപയോഗിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി ക്ലീൻ കേരള കമ്പനിയുടെ സഹായം ലഭ്യമാക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ ഷ്രെഡ്ഡിംഗ് മെഷീൻ സ്ഥാപിച്ചിട്ടില്ല. ഷ്രെഡ്ഡിംഗ് മെഷീൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

ആളോഹരി ഖര-ദ്രവ-ഇ മാലിന്യങ്ങളുടെ അളവ് കുറയ്ക്കുന്നതിനും മാലിന്യത്തിൽ നിന്ന് ഊർജ്ജം എന്ന ആശയത്തിന് ഊന്നൽ നൽകുന്നതിനും ദീർഘവീക്ഷണത്തോടുകൂടിയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണെന്ന മാർഗരേഖയിലെ നിർദ്ദേശ പ്രകാരമുള്ള പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല

സ.ഉ(കൈ)നം.22/2018/തസ്വഭവ തിയതി 14-02-2018 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.8 ഖര-ദ്രവ മാലിന്യ സംസ്കരണത്തിനായി അനുവദിക്കാവുന്ന സബ്സിഡിയുടെ വിവരം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആവശ്യമായ പ്രൊജക്ടുകൾ ആവിഷ്കരിച്ച് വികേന്ദ്രീകൃത മാലിന്യ സംസ്കരണം ഉറപ്പാക്കുവാൻ ഗ്രാമപഞ്ചായത്ത് ശ്രമിച്ചിട്ടില്ല. അനുവദനീയമായ ഇനങ്ങൾക്ക് സബ്സിഡി അനുവദിച്ച് പരമാവധി മാലിന്യം വീടുകളിൽ തന്നെ സംസ്കരിക്കുന്നതിനുള്ള പ്രോൽസാഹനം നൽകേണ്ടതുണ്ട്.

ശുചിത്വം, മാലിന്യ സംസ്കരണം എന്ന വർക്കിംഗ് ഗ്രൂപ്പിൽ മറ്റ് പല തീരുമാനങ്ങൾ കൈക്കൊള്ളുന്നുണ്ടെങ്കിലും ആയത് പ്രാവർത്തികമാക്കുന്ന വിധത്തിൽ തുടർനടപടികൾ ഒന്നും തന്നെ സ്വീകരിക്കുന്നില്ല.

ഓഡിറ്റ് നിർദേശങ്ങൾ

1. 2016 ലെ വിവിധ കേന്ദ്ര ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് സോളിഡ്, പ്ലാസ്റ്റിക്, ഇ-വേസ്റ്റ്, എന്നിങ്ങനെയുള്ള മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് സംസ്കരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
2. ഹരിത കർമ്മസേനയുടെ പ്രവർത്തനം ആരംഭിക്കേണ്ടതും വീടുകളിലെ മാലിന്യം നീക്കം കാര്യക്ഷമമാക്കേണ്ടതുമാണ്.
3. എല്ലാ വാർഡുകളിലും ശുചിത്വത്തിനേയും മാലിന്യത്തേയും കുറിച്ച് ബോധവത്കരണ പരിപായികൾ നടത്തേണ്ടതാണ്.
4. പൊതു സ്ഥലത്ത് മാലിന്യങ്ങൾ വലിച്ചെറിയുകയും പുഴയിലേക്ക് ഒഴുക്കിവിടുന്നവർക്കുമെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.
5. പ്ലാസ്റ്റിക്കിനു പകരമായി ഉപയോഗിക്കാവുന്ന ബദൽ മാർഗ്ഗങ്ങൾ കണ്ടെത്തി പ്രോൽസാഹിപ്പിക്കേണ്ടതാണ്.
6. പ്ലാസ്റ്റിക് മാലിന്യങ്ങൾ, ഇ-വേസ്റ്റ്, അജൈവ മാലിന്യങ്ങൾ എന്നിവ വേർതിരിച്ച് ശേഖരിക്കുന്നതിനായി എം.ആർ.എഫ് സെന്ററുകൾ നിർമ്മിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.
7. സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള സബ്സിഡി അനുവദിച്ച് വീടുകളിൽ നിന്നുള്ള മാലിന്യം പ്ലാന്റിൽ എത്തുന്നത് കുറയ്ക്കേണ്ടതാണ്.
8. ഖരമാലിന്യ പ്ലാൻെറ് സ്ഥാപിച്ച് പ്ലാന്റിലെ ജൈവമാലിന്യം വളമാക്കി മാറ്റുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.
9. മാലിന്യ സംസ്കരണ മേഖലയിൽ ഗ്രാമപഞ്ചായത്ത് തിരിച്ചറിഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-22 മുൻകൂറായി അനുവദിച്ച തുകകൾ തിരികെ ഈടാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ 2 സാക്ഷരതാ പ്രേരകുമാരുടെ ഹൊണറേറിയം ഓഡിറ്റ് വർഷം ഏപ്രിൽ മാസത്തിൽ തനത് ഫണ്ടിൽ നിന്നുമാണ് നൽകിയിട്ടുള്ളത്. 2017-18 ൽ ചെലവഴിച്ച 22500 രൂപ തിരികെ ലഭിച്ചിട്ടുണ്ടെങ്കിലും മുൻവർഷങ്ങളിൽ തനത്ഫണ്ടിൽ നിന്നും ഹൊണറേറിയം ഇനത്തിൽ അനുവദിച്ച 67045 രൂപ നാളിതുവരെ ക്രമീകരിച്ചിട്ടില്ല.സാക്ഷരതാ മിഷനിൽ നിന്നും ഫണ്ട് ലഭ്യമാക്കി ഗ്രാമപഞ്ചായത്ത് മുൻകൂറായി അനുവദിച്ച തുകകൾ പൂർണ്ണമായും ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-23 ഡെപ്പോസിറ്റ് പ്രവർത്തികൾ-

# വിനിയോഗവിവരം ലഭ്യമാക്കണം

വിവിധ ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി സെക്രട്ടറി താഴെ പറയും പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| പ്രോജക്ട് നമ്പരും പേരും | അടങ്കൽ | ചെലവ് തുക | നിർവ്വഹണ എജൻസി/ അക്കൗണ്ട് നം. |
|---|---|---|---|
| 10/18-സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 1200000 | 1199964 | അസി.എക്സി. എഞ്ചിനീയർ, ഇലക്ട്രിക്കൽ വിഭാഗം, |
| 285/18-കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2297195 | 1231489 | വാട്ടർ അതോറിറ്റി |

ഡെപ്പോസിറ്റ് പ്രവർത്തികളുടെ നിർവഹണം മോണിറ്റർ ചെയ്യേണ്ടതും കരാർ കാലാവധിക്കകം എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവർത്തികൾ പൂർത്തിയാക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. പ്രവർത്തി പൂർത്തിയായ ശേഷം ഡെപ്പോസിറ്റ് തുകയുടെ വിനിയോഗവിവരങ്ങൾ ലഭ്യമാക്കി ചെലവഴിക്കാത്ത തുക തിരികെ ഈടാക്കേണ്ടതുമാണ്.

# 3-24 കുടുംബശ്രീ റിവോൾവിംഗ് ഫണ്ട്

പ്രൊജക്ട് - കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട്246/18

അടങ്കൽ - 200000(പ്ലാൻ)

ചെലവ് - 200000( ബിൽ - 12/19.2.18)

നിർവഹണം - അസി.സെക്രട്ടറി

പദ്ധതി പ്രകാരം തുക പിൻവലിച്ച് കുടുംബശ്രീ അക്കൗണ്ടിലേക്ക് 28.2.18 ന് ക്രഡിറ്റ് ചെയ്തിട്ടുണ്ട്. 20 കുടുംബശ്രീ യൂണിറ്റുകൾക്ക് 10000 രൂപ വീതം നൽകുന്നതിനുള്ള പദ്ധതി പ്രകാരമാണ് തുക അനുവദിച്ചത്. 27.6.18 വരെ പദ്ധതി ഫണ്ട് കുടുംബശ്രീ അക്കൗണ്ടിൽ ചെലവഴിക്കാതെ സൂക്ഷിച്ചതായും തുടർന്ന് 19 യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് അനുവദിച്ചതായും കാണുന്നു. ധനശ്രീ എന്ന യൂണിറ്റിന് ഗ്രേഡിംഗ് കഴിഞ്ഞിട്ടില്ലാതിരുന്നതിനാലാണ് തുക നൽകാതിരുന്നത് എന്നും 2019 ൽ തുക പ്രസ്തുത യൂണിറ്റിന് നൽകിയിട്ടുണ്ട് എന്നും ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടി നൽകിയിട്ടുണ്ട്. ഗ്രേഡിംഗ് കഴിയാത്ത യൂണിറ്റിനെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തിയത് ക്രമപ്രകാരമല്ല.

<u>ഓഡിറ്റ് നിർദേശങ്ങൾ</u>

1. പദ്ധതിഫണ്ട് ട്രഷറിയിൽ നിന്നും പിൻവലിച്ച് കാലതാമസം കൂടാതെ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് കൈമാറ്റം ചെയ്യേണ്ടതാണ്.

2. പദ്ധതിക്കായി കുടുംബശ്രീ യൂണിറ്റുകളെ തിരഞ്ഞെടുക്കുമ്പോൾ അർഹതാ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

# 3-25 ആശ്രയ പദ്ധതി -ചെലവഴിക്കാത്ത തുക തിരിച്ചടക്കേണ്ടതാണ്

പ്രൊജക്ട് – ആശ്രയ (ജനറൽ) - 303/18

അടങ്കൽ -400000

ചെലവ് -400000(ബിൽ - 10/23.2.18)

ആശ്രയ (എസ്.ടി)- 314/18

അടങ്കൽ -505000

ചെലവ് -505000(ബിൽ - 11/19.2.18)

ആശ്രയ പദ്ധതിക്കായി 2017-18 ൽ അനുവദിച്ച തുകകൾ കുടുംബശ്രീയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ആശ്രയ (എസ്.ടി) പദ്ധതിക്കായി അനുവദിച്ച തുക നാളിതുവരെ ചെലവഴിച്ചിട്ടില്ല. ജനറൽ പദ്ധതിക്കായി 2017-18 വരെ ആകെ അനുവദിച്ച പ്ലാൻ ഫണ്ട് തുകയിൽ 1176281 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്.

ആശ്രയപദ്ധതി അവസാനിച്ച സാഹചര്യത്തിൽ പദ്ധതി ഫണ്ട് സർക്കാരിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

# 3-26 സബ്സിഡി തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് ട്രഷറിയിൽ നിന്നും നേരിട്ട് നൽകേണ്ടതാണ്

2017-18 സാമ്പത്തിക വർഷത്തിൽ കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ 'നെൽ കൃഷിക്ക് കൂലി ചെലവ്" എന്ന പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| 8/18 | നെൽ കൃഷിക്ക് കൂലി ചെലവ് സബ്സിഡി | 12080693 (5952805-Plan Fund-General+2451155-Block Share+3501650-DP Share+ 175083 (മറ്റുള്ളവ)) | 11905610 (5952805-Plan Fund-General+2451155-Block Share+3501650-DP Share) |

പദ്ധതി നടപ്പിലാക്കിയതിൽ സബ്സിഡി തുക (ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം) മുഴുവനായും കർഷകർക്ക് നേരിട്ട് നൽകാതെ ഭാഗികമായി തുക നേരിട്ട് നൽകിയും, ബാക്കി തുക സർവ്വീസ് സഹകരണ ബാങ്കിന് (കഞ്ചിക്കോട് സർവ്വീസ് സഹകരണ ബാങ്ക്, പാലക്കാട് അർബൻ ബാങ്ക് ) നൽകിയിരിക്കുമാണ് ചെയ്തിരിക്കുന്നത്.

സബ്സിഡി മാർഗരേഖ പ്രകാരം ഗുണഭോക്താക്കൾക്കുള്ള ധനസഹായം നേരിട്ട് അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നതിന് പകരം സഹകരണ ബാങ്കുകളുടെ സെക്രട്ടറി/ മാനേജർക്ക് ഷെഡ്യൂൾഡ് ബാങ്കിലുള്ള അക്കൗണ്ടിലേക്കാണ് സബ്സിഡി തുകയുടെ ഒരു ഭാഗം മാറ്റിയിരിക്കുന്നത്. പിന്നീട് ബന്ധപ്പെട്ട സഹകരണ ബാങ്ക് (ടി ബാങ്കിൽ അക്കൗണ്ടുള്ള) ഗുണഭോക്താക്കൾക്ക് അവരുടെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയാണ് ചെയ്തിരിക്കുന്നത്.

ഗുണഭോക്താക്കൾക്ക് തുകകൾ നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിഭാഗം | ചെലവഴിച്ച തുക | | | |
|---|---|---|---|---|
| | നേരിട്ട് | ട്രഷറിയിൽ നിന്നും കഞ്ചിക്കോട് സർവ്വീസ് സഹകരണ ബാങ്കിന്റെ അക്കൗണ്ടിലേക്ക് മാറ്റിയ തുക | ട്രഷറിയിൽ നിന്നും പാലക്കാട് അർബൻ ബാങ്കിന്റെ അക്കൗണ്ടിലേക്ക് മാറ്റിയ തുക | ആകെ |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1105545 | 1331470 | 14140 | 2451155 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 1579350 | 1902100 | 20200 | 3501650 |
| ആകെ | 2684895 | 3233570 | 34340 | 5952805 |

മേൽ വിഷയം സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് (നം.16/07-03-2019) മറുപടി ലഭ്യമായില്ല. സഹകരണബാങ്കുകൾ സബ്സിഡിതുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

നടപടിക്രമത്തിലെ അപാകതകൾ ആവർത്തിക്കാതെ സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-27 അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികൾ - പൊതുവായ വിവരങ്ങൾ:

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭിച്ച 74 പ്രൊജക്റ്റുകളിൽ 58എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. വിശദവിവങ്ങൾ ചുവടെ ചേർക്കുന്നു.

| | സ്പിൽ ഓവർ | പുതിയത് | ആകെ |
|---|---|---|---|
| അംഗീകാരം ലഭിച്ചത് | 83 | 98 | 181 |
| പൂർത്തിയാക്കി ബിൽ തുക അനുവദിച്ചത് | 72 | 58 | 130 |

ചെലവഴിച്ച തുകയുടെ വിവരം:

| ഫണ്ടിനം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 10033436 | 7838433 | 78.12 |
| വികസന ഫണ്ട് (എസ്.സി.പി) | 2840000 | 2001335 | 70.47 |
| വികസന ഫണ്ട് (ടി.എസ്.പി) | 805670 | 299884 | 37.22 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 12819148 | 10012226 | 78.1 |
| ലോക ബാങ്ക് ധനസഹായം | 2018900 | 1979542 | 98.05 |
| തനത് ഫണ്ട് | 23412643 | 16979496 | 72.52 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 17967146 | 12124861 | 67.48 |

| | | | |
|---|---|---|---|
| മെയ്റ്റനൻസ് ഫണ്ട് (റോഡിതരം) | 5049488 | 2576209 | 51.02 |
| ആകെ | 74946431 | 53811986 | 71.8 |

അനുവദിച്ച തുകയുടെ 71.8% ചെലവഴിച്ച് ഏറ്റെടുത്ത പ്രവൃത്തികളിൽ 71.82% പൂർത്തീകരിച്ചിട്ടുണ്ട്. ത്രിതല പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്കായി തയ്യാറാക്കപ്പെട്ട ബഡ്ജറ്റ് മാന്വലിലെ സമയക്രമമനുസരിച്ച് തുടർ വർഷങ്ങളിൽ പദ്ധതി ആവിഷ്കരിച്ച് സമയബന്ധിതമായി പൂർത്തീകരിച്ച് സർക്കാരിൽ നിന്നും ലഭിക്കുന്ന ഫണ്ടിന്റെ 100% ഗ്രാമ പഞ്ചായത്തിന് പ്രയോജനപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-28 വൃന്ദാവൻ നഗർ റോഡ് റീടാറിങ്ങ് - ബിൽതുക നൽകിയതിലെ അപാകതകൾ:

പ്രൊജക്ടിന്റെ നമ്പർ, പേര്: 170/18(152/17): വൃന്ദാവൻ നഗർ റോഡ് റീടാറിങ്ങ്

കരാർ തുക: 300,000/- കരാർ നം: 90/01.02.17

കരാറുകാരൻ: ശ്യാം കുമാർ അളവു പുസ്തകം: 58/17

ചെലവു തുക:300,000/- ബിൽ നം.62/24.03.18

എന്ന പ്രൊജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടു.

1.പ്രവൃത്തിയുടെ ടെണ്ടർ 30.12.2016ന് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ കരാർ വെച്ചത് 01.02.2017നാണ്. കരാർ ഒപ്പിടുന്നതിലെ കാലതാമസത്തിനുള്ള പിഴ ഈടാക്കിയിട്ടില്ല.

| ക്രമ നം. | ടെണ്ടർ അംഗീകരിച്ച തീയതി | സെലക്ഷൻ നോട്ടീസ് | ഈടാക്കേണ്ട പിഴ |
|---|---|---|---|
| 1 | 30.12.2016 | 4.1.17 | 3000 |

₹.3000/- കരാറുകാരനിൽ നിന്നും ഈടാക്കി തനതു ഫണ്ടിൽ അടവാക്കേണ്ടതാണ്.

2.ബിറ്റുമെൻ ബാരൽ വില ഈടാക്കിയിട്ടില്ല:

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമെൻ റേറ്റാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ ബിറ്റുമെൻ ബാരൽ വില ഈടാക്കാതെയാണ് അവസാന ബിൽ തുക അനുവദിച്ചിരിക്കുന്നത്. ഈയിനത്തിൽ ഈടാക്കേണ്ട ₹.2250/- ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. ഈ തുകയോടൊപ്പം ഈടാക്കുന്ന നികുതി ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ അടവാക്കേണ്ടതാണ്.

വിശദ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| അളവു പുസ്തകം പ്രകാരം ബിറ്റുമെൻ അനുവദിച്ച ബാരലുകളുടെ എണ്ണം | 9 |
| ഈടാക്കേണ്ട തുക | ₹.250*9= 2250/- |

ഈ പ്രവൃത്തിയുടെ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.15/07-03-2019) മറുപടിയിൽ തുക അടവാക്കാമെന്ന് പരാമർശിച്ചിട്ടുണ്ട്.

# 3-29 മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണത്തിലെ കാലതാമസത്തിന് പിഴ ഈടാക്കണം

കരാർ പ്രകാരം പൂർത്തിയാക്കേണ്ട കാലയളവിൽ പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ അനുവദിച്ച സമയത്തിന്റെ അഞ്ചിൽ ഒന്ന് സമയം ഗ്രേസ് പിരിയഡ് ആയി ഓരോ മൂന്നു മാസത്തിലും 2% നിരക്കിലും പിഴ ഈടാക്കിക്കൊണ്ടുമാത്രമേ പൂർത്തീകരണ സമയം നീട്ടി നൽകുകയുള്ളൂവെന്ന അസിസ്റ്റന്റ് എഞ്ചിനീയറും കോൺട്രാക്ടറും തമ്മിൽ ഒപ്പുവെച്ച കരാറിന്റെ ഖണ്ഡിക 7ൽ വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ താഴെ പറയുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ പിഴ ഈടാക്കിയതായി കാണുന്നില്ല.

1.പ്രൊജക്റ്റ് നം./പേര് : 225/18:കുഴൽകിണറുകളുടെ GI പൈപ്പ് മാറ്റി PVC പൈപ്പ് സ്ഥാപിക്കൽ

അടങ്കൽ: രു:300000/- [പ്ലാൻ(ജ)]

ചെലവ്: രു:273805/- (ബിൽ നം.39/13.9.17-part bill) & 61/31.3.18)

കരാർ നം.125/10.3.17 കരാർ തുക:₹.295894/- കരാറുകാരൻ: ശ്രീ.രാജമാണിക്യം

അളവു പുസ്തകം നം.375/16 ആകെ പ്രവൃത്തി മൂല്യം: രു:273805/-

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി:9.5.17 പൂർത്തീകരിച്ച തീയതി: 8.2.18

ഈടാക്കേണ്ട പിഴയുടെ വിവരം ചുവടെ ചേർക്കുന്നു.

പിഴ: 10.5.17 മുതൽ 19.05.17വരെ: ഗ്രേസ് പിരിയഡ് = 0 .00

പിഴ: 20.05.17 മുതൽ 19.08.17 വരെ:*1% =2959.00

പിഴ: 20.08.17മുതൽ 19.11.17വരെ: *2% =5918.00

<u>പിഴ: 20.11.17മുതൽ 8.02.17വരെ: *2% =5918.00</u>

ആകെ =14795.00

(Audit enquiry19/7.3.19)

2. പ്രൊജക്ട് നം./പേര് : 170/18:വൃന്ദാവൻ നഗർ റോഡ് റീടാറിങ്

അടങ്കൽ: രൂ:300000/- [എം.ജി(റോഡ്)]

ചെലവ്: രൂ:300000/- (ബിൽ നം.62/24.1.18)

കരാർ നം.90/1.2.17 കരാർ തുക:₹.300000/- കരാറുകാരൻ: ശ്രീ.ശ്യാംകുമാർ

അളവു പുസ്തകം നം.58/17 ആകെ പ്രവൃത്തി മൂല്യം: രൂ:300000/-

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി:30.6.17 പൂർത്തീകരിച്ച തീയതി: 16.10.17

ഈടാക്കേണ്ട പിഴയുടെ വിവരം ചുവടെ ചേർക്കുന്നു.

പിഴ: 1.7.17 മുതൽ 31.07.17വരെ: ഗ്രേസ് പിരിയഡ് = 0 .00

പിഴ: 1.08.17 മുതൽ 16.10.17 വരെ:*1% =3000.00

ആകെ =3000.00
(Audit enquiry- 15/7.3.19)

3.പ്രൊജക്ട് നം./പേര് :

148/18(109/17): പഞ്ചായത്ത് സ്ഥലത്ത് കുടിവെള്ള പദ്ധതി

അടങ്കൽ: രൂ:880000/- (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ്: രൂ:868429/-

കരാർ നം.34/30.08.2016

കരാർ തുക:₹.863275/- കരാറുകാരൻ: ശ്രീ.സി.ശിവദാസ്

അളവു പുസ്തകം നം.361/16 & 367/16

ആകെ പ്രവൃത്തി മൂല്യം: രൂ:878088/-

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി:31.03.17 പൂർത്തീകരിച്ച തീയതി:20.06.17

ഈടാക്കേണ്ട പിഴയുടെ വിവരം ചുവടെ ചേർക്കുന്നു.

പിഴ:01.04.17 മുതൽ 09.05.2017വരെ: ഗ്രേസ് പിരിയഡ് = 0 .00

പിഴ: 09.05.17 മുതൽ 19.06.17 വരെ:*1% =8632.00

ആകെ =8632.00

(Audit enquiry19/7.3.19)

ഈയിനത്തിൽ ഈടാക്കേണ്ട 26427.00 രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി തനതുഫണ്ടിൽ അടവാക്കേണ്ടതാണ്.

# 3-30 സ്പിൽ ഓവർ പ്രവൃത്തികൾ പൂർത്തിയാക്കാത്തത്:

താഴെ പറയുന്ന സ്പിൽ ഓവർ പ്രവൃത്തികൾ 2017-18ൽ പൂർത്തീകരിച്ച് ബിൽ തുക നൽകിയതായിട്ടില്ല.

| ക്രമ നം. | പ്രൊജക്ട് നമ്പരും പേരും | അടങ്കൽ തുക (₹) | ഫണ്ടിനം |
|---|---|---|---|
| 1 | 181/18:ചാക്കാൻകാട് ചെക്ക് ഡാം ഷട്ടർ നിർമ്മാണം | 225,000 | MG(NR) |
| 2 | 182/18: പെരുമാളടി അട്ടപ്പള്ളം എന്നീ ചെക്ക്ഡാമുകളുടെ ഷട്ടർ നിർമ്മാണം | 450,000 | MG(NR) |
| 3 | 192/18: നട്ടപ്പതി കുടിവെള്ള പദ്ധതി | 205,670 | PI (TSP) |
| 4 | 214/18: കിഴക്കേമുറി തെക്കുഭാഗം റോഡ് ഡ്രെയ്നേജ് | 410,000 | PI (GI) |
| 5 | 217/18: കിഴക്കേമുറി അംഗൻവാടി റോഡ് കൾവർട്ട് നിർമ്മാണം | 200,000 | CFC Award |
| 6 | 223/18: കിഴക്കേ കോങ്ങാൻപാറ കുടിവെള്ള പദ്ധതി | 300,000 | PI (GI) |
| 7 | 224/18: അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ നൽകൽ | 59,577<br>140,423<br>488 | PI (GI)<br>CFC Award<br>MG(NR) |

സർക്കാർ ഉത്തരവ് നം. പ്രകാരം സ്പിൽ ഓവർ പ്രവൃത്തികൾ അതേ വർഷം തന്നെ പൂർത്തീകരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മേൽ പറഞ്ഞ പ്രവൃത്തികൾ പൂർത്തീകരിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/06.03.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. സ്പിൽ ഓവർ പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്.

# 3-31 കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ പ്രകാരം പണി സ്ഥലത്ത് സ്ഥാപിക്കേണ്ട ബോർഡ് നിർബന്ധമായും സ്ഥാപിക്കണം:

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ചട്ടം.17ൽ പഞ്ചായത്ത് നടത്തുന്ന പൊതുമരാമത്ത് പണിയുടെ സംക്ഷിപ്ത വിവരം അടങ്ങിയ ഒരു നോട്ടീസ് അതത് പണിസ്ഥലത്ത് പ്രകടമായി കാണാവുന്ന തരത്തിലും സ്ഥലത്തും പ്രദർശിപ്പിച്ചിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

29.03.2017ലെ സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നം.72/2017/ത.സ്വ.ഭ.വ ഖണ്ഡിക6.6(5)ൽ നിർമ്മാണ പ്രവൃത്തികളുടെ പൊതുവിവരങ്ങൾ അടങ്ങുന്ന ബോർഡ് പ്രവൃത്തിസ്ഥലത്ത് സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറും കരാറുകാരനും ഒപ്പുവെക്കുന്ന കരാറിന്റെ ഖണ്ഡിക 28ൽ പ്രവൃത്തി സ്ഥലത്ത് വിവരങ്ങൾ കാണിക്കുന്ന സ്ഥാപിക്കുന്നതാണെന്ന് കരാറുകാരൻ സമ്മതിക്കുന്നുണ്ട്. ഇനി മേലിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ ബോർഡ് സ്ഥാപിക്കുന്നതിനുള്ള ചെലവു കൂടി ഉൾപ്പെടുത്തേണ്ടതും കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ചട്ടം–17ൽ പറയും പ്രകാരമുള്ള വിവരങ്ങൾ ഉൾപ്പെടുത്തി പ്രവൃത്തി സ്ഥലത്ത് ബോർഡ് സ്ഥാപിക്കേണ്ടതുമാണ്.

ചട്ടപ്രകാരം താഴെ പറയുന്ന വിവരങ്ങൾ ബോർഡിൽ ഉൾപ്പെടുത്തേണ്ടതാണ്.

1. പ്രവൃത്തിയുടെ പേര്:

2. പ്രവൃത്തി നിർവ്വഹിക്കുന്നത് നേരിട്ടോ, കരാർ മുഖേനയോ, ഗുണഭോക്തൃക്കമ്മറ്റി മുഖേനയോ എന്നത്.

3. കരാറുകാരന്റെ / ഗുണഭോക്തൃക്കമ്മറ്റി കൺവീനറിടേയും നിർവ്വഹണക്കമ്മറ്റി അംഗങ്ങളുടേയും പേരും വിലാസവും.

4. എസ്റ്റിമേറ്റ് തുകയും പൂർത്തീകരണ കാലയളവും.

5. പ്രവൃത്തി ആരംഭിക്കുന്ന തീയതിയും പൂർത്തീകരിക്കുന്ന തീയതിയും.

6. പ്രവൃത്തിക്കാവശ്യമായ സാധന സാമഗ്രികളുടേയും അവയുടെ ഗുണനിലവാരത്തിന്റെയും അവ എവിടെനിന്ന് എങ്ങനെ കൊണ്ടുവരും എന്നതിന്റെയും വിവരം.

7. കരാറുകാരന് അനുവദിച്ച ടെണ്ടർ നിരക്ക്.

8. ഗ്രാമ പഞ്ചായത്ത് നേരിട്ടോ ഗുണഭോക്തൃക്കമ്മറ്റി മുഖേനയോ നടപ്പാക്കുന്ന പ്രവൃത്തികളുടെ കാര്യത്തിൽ സാധന സാമഗ്രികളുടെ മാർക്കറ്റ് നിരക്ക്, ആവശ്യമായ തൊഴിലാളികളുടെ എണ്ണം, കൂലി നിരക്ക് തുടങ്ങിയ വിവരങ്ങൾ.

9. ഈ പ്രവൃത്തിക്കായി അനുവദിച്ച മുൻകൂർ തുകയുടെ വിവരം.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് [നം.10/06-03-2019] മറുപടി ലഭ്യമാക്കിയിട്ടില്ല.

# 3-32 പ്രവർത്തനക്ഷമമല്ലാത്ത പദ്ധതികൾ പ്രവർത്തനക്ഷമമാക്കി ഉപയോഗപ്പെടുത്തണം:

2017-18 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട പദ്ധതി പ്രദേശങ്ങൾ 6.3.2019ന് സന്ദർശിക്കുകയുണ്ടായി. അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെ പറയുന്ന പ്രൊജക്ട് ജനങ്ങൾക്ക് പ്രയോജനപ്പെടുന്നില്ല എന്ന് കണ്ടെത്തി. വിശദവിവരം ചുവടെ കൊടുക്കുന്നു.

പ്രൊജക്ടിന്റെ നമ്പർ, പേര്: 148/18(109/17): പഞ്ചായത്ത് സ്ഥലത്ത് കുടിവെള്ള പദ്ധതി

അടങ്കൽ: 880000/- (ധനകാര്യ കമ്മീഷൻ അവാർഡ്)

കരാർ തുക: 863275/- കരാർ നം: 34/30.08.2016

കരാറുകാരൻ: ശ്രീ.സി.ശിവദാസ് അളവു പുസ്തകം: 361/16 & 367/16

ചെലവു തുക:868429/-

₹.135,600/- ചെലവഴിച്ച് രണ്ട് കുഴൽകിണറുകൾ കുഴിച്ചെങ്കിലും വെള്ളം ലഭിക്കാത്തതിനാൽ വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈനിൽ നിന്നും വെള്ളം ലഭ്യമാക്കാനായി 233 മീറ്റർ GI പൈപ്പ് സ്ഥാപിച്ചു. എന്നാൽ നാളിതുവരെ വാട്ടർ അതോറിറ്റിയിൽ നിന്നും കണക്ഷൻ ലഭ്യമായിട്ടില്ല. ഗ്രാമ പഞ്ചായത്ത് വാങ്ങി നൽകിയ ഭൂമിയിൽ പഞ്ചായത്തിന്റെ ധനസഹായം ഉപയോഗിച്ച് വീട് നിർമ്മിച്ച കുടുംബങ്ങൾ വെള്ളം ലഭിക്കാത്ത സാഹചര്യത്തിൽ ഇവിടേക്ക് താമസം മാറ്റാനാവാതെ വിഷമിക്കുകയാണ്. ജല ലഭ്യത ഉറപ്പാക്കാതെ തന്നെ കോൺക്രീറ്റ് പില്ലറിൽ പ്ലാറ്റ് ഫോം നിർമ്മിച്ച് 5000ലിറ്റർ ഉള്ളളവുള്ള രണ്ട് വാട്ടർ ടാങ്ക് സ്ഥാപിച്ചത് പ്രയോജനപ്പെടാതെ കിടക്കുകയാണ്. ഈ സാഹചര്യത്തിൽ ഈ പദ്ധതിക്കായി ചെലവഴിച്ചിരിക്കുന്ന ₹.868429/-ഉം പ്ലാൻ ഫണ്ടിൽ നിന്നും ഭൂമിക്കും ഭവനങ്ങൾക്കുമായി ചെലവഴിച്ച തുകയും പാഴ്ച്ചെലവാകാതിരിക്കാൻ വെള്ളം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 2451155 | 8/18- ഉഴവ്കൂലി | 2451155 | 0 |
| | | 210000 | 237/18 -ഉഴവ്കൂലി | 210000 | 0 |
| | | 150000 | 7/18- സ്കോളർഷിപ്പ് | 150000 | 0 |
| | | 2398220 | 271/18 - പാൽ സബ്സിഡി | 2398220 | 0 |
| | | 1489900 | സ്ഥലം വാങ്ങൽ | 0 | 1489900 |
| ജില്ലാ പഞ്ചായത്ത് | | 3501650 | 8/18- ഉഴവ്കൂലി | 3501650 | 0 |
| | | 120000 | 237/18 -ഉഴവ്കൂലി | 120000 | 0 |
| | | 510000 | 271/18 – പാൽ സബ്സിഡി | 510000 | 0 |

മുൻവർഷങ്ങളിൽ ലഭിച്ച 100000രൂപ ( ബ്ലോക്ക് പഞ്ചായത്ത്) ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്.

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

വിവിധ ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി താഴെ പറയും പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പദ്ധതി പൂർത്തിയാക്കിയതിന്റയും തുക വിനിയോഗിച്ചതിന്റെയും വിവരങ്ങൾ ലഭ്യമല്ല.

| പ്രോജക്ട് നമ്പരും പേരും | ബിൽ നമ്പരും തിയ്യതിയും | അടങ്കൽ | ചെലവ് തുക | നിർവ്വഹണ എജൻസി/ അക്കൗണ്ട് നം. |
|---|---|---|---|---|
| 10/18-സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 4/22.8.17-1364724<br>9/14.9.127-158550<br>54/21.3.18 - 1199964 | 2724145 | 2723238 | അസി.എക്സി. എഞ്ചിനീയർ, ഇലക്ട്രിക്കൽ വിഭാഗം, |
| പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ 285/18 | 16/31.10.17 – 564735<br>17/31.10.17-2498465<br>37/17.2.18-133639<br>38/17.2.18 – 55813<br>39/17.2.18-900851<br>41/26.2.18-876256<br>42/26.2.18 – 430014<br>50/21.3.18-299420 | 7050151 | 5759193 | ജലഅതോറിറ്റി |
| 312/18 പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | 21/27.2.17 – 1097424 | 1098653 | 1097424 | വാട്ടർ അതോറിറ്റി |
| 285/18- | | | | |

പദ്ധതി പൂർത്തിയാക്കി തുക വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.ചെലവഴിക്കാത്ത തുക തിരികെ ഈടാക്കേണ്ടതുമാണ്.

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല

# 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല

# 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 17500266 |
| തൻവർഷം നിക്ഷേപിച്ച തുക | 35600000 |
| ആകെ | 53100266 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 10600266 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 42500000 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | തുക |
|---|---|---|
| 1 | കാനറ ബാങ്ക് ,കഞ്ചിക്കോട് | 1 കോടി |
| 2 | പഞ്ചാബ് നാഷണൽ ബാങ്ക് | 25 ലക്ഷം |
| 3 | ഇൻഡ്യൻ ഓവർസീസ് ബാങ്ക് | 1 കോടി |
| 4 | പാലക്കാട് ജില്ലാ സഹകരണ ബാങ്ക് | 1.5 കോടി |
| 5 | കഞ്ചിക്കോട് സർവീസ് സഹകരണ ബാങ്ക് | 50 ലക്ഷം |
| ആകെ | | 4.25 കോടി |

ഓഡിറ്റ് തിയതിയിലുള്ള നിക്ഷേപങ്ങളുടെ ( 6കോടി) ഭൗതികപരിശോധന നടത്തിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമനമ്പർ | ബാങ്ക് / F.D നമ്പർ | Maturity date | തുക |
|---|---|---|---|
| | കഞ്ചിക്കോട് സർവീസ് | | |

| | | | |
|---|---|---|---|
| | സഹകരണബാങ്ക് | | |
| | 129988/13.9.18 | 7.2.19 | 5000000 |
| | 135040/1.2.19 | 1.2.2020 | 2,00,00,000 |
| | 133517/20.12.18 | 19.6.2019 | 2,00,00,000 |
| | പാലക്കാട് ജില്ല സഹകരണ ബാങ്ക് | | |
| | 37777/14.4.2019 | 180 ദിവസം | 50,00,000 |
| | 37503/4.2.19 | 180 ദിവസം | 1,00,00,000 |

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് / വൗച്ചർ നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | 2(5) | 600 | (തൊഴിൽ നികുതി) | 41700269/ 16.12.17 |
| | | 1200 | | 41700270/ 16.12.17 |
| | | 6300 | ഈശ്വരി ഇലക്ട്രിക്കൽസ് | 41700271/ 16.12.17 |
| | | 900 | ഖാലിദ് | 117070107678/ 19.12.17 |
| | | 1050 | ജീ.ബി.കെമിക്കൽസ് | 117070107619/ 19.12.17 |
| | | 26100 | ഇൻഡ്യൻ പ്രൈാഡക്ട്സ് | 117070500436/ 20.12.17 |
| | | 480 | സ്നേഹലക്ഷ്മി | 117070107742/ 20.12.17 |
| | | 36630 | | |

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഒന്നുമില്ല

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ) | : | 276265218 |
| | | |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 219838807 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 70570 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1299485 |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 6633 | ശ്രീമതി.അഫ്സ<br>ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 3-7 | | 25000 | ശ്രീമതി.സെലീന. ബി.എച്ച്.<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-17 | | 7260 | ശ്രീ ബാലചന്ദ്രൻ.എം സെക്രട്ടറി |
| 3-28(1) | | 3000 | ശ്രീ സജീവൻ.എ.ഇ |
| 3-28(2) | | 2250 | ശ്രീ. സജീവൻ.എ.ഇ |
| 3-29 | | 26427 | ശ്രീ. സജീവൻ.എ.ഇ |
| | | 70570 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 450000.00 | ശ്രീ ശിവകുമാർ, വെറ്ററിനറി സർജൻ |
| 3-8 | 369600.00 | ശ്രീമതി. ശാന്തി കമ്മത്ത്<br>കൃഷി ഓഫീസർ |
| 3-11 | 100000 | ഡോ.ചന്ദ്രിക .സി.സി<br>മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-12 | 74800 | ഡോ.ചന്ദ്രിക .സി.സി<br>മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| | | |

| | | |
|---|---|---|
| 3-17 | 225085 | ശ്രീ ബാലചന്ദ്രൻ.എം സെക്രട്ടറി |
| 3-18 | 80000 | ശ്രീ ബാലചന്ദ്രൻ എം സെക്രട്ടറി |
| ആകെ | 1299485 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

2-1

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.അഫ്സ.എം.എസ്<br>ഡയറി<br>എക്സ്റ്റൻഷൻ ഓഫീസർ | മലമ്പുഴ ബ്ലോക്ക് | ഗസൽ<br>ഹൗസ് നം - 16<br>സാഗരിക നഗർ<br>കല്ലേക്കുളങ്ങര പി.ഒ<br>പാലക്കാട് |
| ശ്രീമതി.സലീന.ബി.എച്ച്<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ | | പാലക്കളത്തിൽ<br>ആന്ത്രാംകുന്ന്<br>കല്ലേക്കാട് (പി.ഒ)<br>678006 |
| ഡോ.ചന്ദ്രിക.സി.സി | | വെള്ളായിൽ ഹൗസ് |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | | കസബ പോലീസ് സ്റ്റേഷൻ,പുതുശ്ശേരി |
| ശ്രീ.ബാലചന്ദ്രൻ എം<br>സെക്രട്ടറി | വിരമിച്ച | സുരഭി<br>വടക്കേത്തറ<br>കൊട്ടേക്കാട്,പാലക്കാട് |
| ശ്രീ.സജീവൻ.കെ.സി<br>എ.ഇ | വിരമിച്ച | "ശ്രീ"<br>വെസ്റ്റ് യാക്കര<br>പാലക്കാട് – 1 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1995-96 | എൽ.എഫ്.പി.14/386/10/ 4.11.11 | ഓഡിറ്റ് റിപ്പോർട്ട് |
| 1996-97 | എൽ.എഫ്.പി.7/59/02/19.3.2002 | ഓഡിറ്റ് റിപ്പോർട്ട് |
| 1997-98 | എൽ.എഫ്.പി.7/76/02/19.3.2002. | ഓഡിറ്റ് റിപ്പോർട്ട് |
| 1998-99 | എൽ.എഫ്.പി.14/997/06/10.10.06 | സർചാർജ്ജ് നടപടികൾ |
| 1999-00 | എൽ.എഫ്.പി.14/645/07/9.1.2008 | സർചാർജ്ജ് നടപടികൾ |
| 2000-01 | എൽ.എഫ്.പി.14/1516/08/19.3.09 | ഫർദർറിമാർക്സ് |
| 2001-02 | എൽ.എഫ്.പി.14/1552/07/ 10.06.08 | ഓഡിറ്റ് റിപ്പോർട്ട് |
| 2002-03 | എൽ.എഫ്.പി.14/468/09/8.1.10 | ഓഡിറ്റ് റിപ്പോർട്ട് |
| 2003-04 | എൽ.എഫ്.പി.14/469/06/3.2.10 | ഓഡിറ്റ് റിപ്പോർട്ട് |
| 2004-05 | എൽ.എഫ്.പി.14/470/09/5.3.10 | ഓഡിറ്റ് റിപ്പോർട്ട് |
| 2005-06 | എൽ.എഫ്.പി.14/1994/12/3.4.13 | ഓഡിറ്റ് റിപ്പോർട്ട് |
| 2006-07 | എൽ.എഫ്.പി.14/335/10/25.1.11 | ഓഡിറ്റ് റിപ്പോർട്ട് |
| 2007-08 | എൽ.എഫ്.പി.14/2019/12/3.4.13 | ഓഡിറ്റ് റിപ്പോർട്ട് |
| 2008-09 | എൽ.എഫ്.പി.14/1732/12/10.9.12 | ഓഡിറ്റ് റിപ്പോർട്ട് |
| 2009-10,<br>2010-11 | എൽ.എഫ്.പി.14/1486/13/19.3.14 | ഓഡിറ്റ് റിപ്പോർട്ട് |
| 2011-12 | എൽ.എഫ്.പി.14/1965/14/7.5.15 | ഓഡിറ്റ് റിപ്പോർട്ട് |
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| 2012-13 | നം.കെ.എസ്.എ.പി.കെ.ഡി14-1622/2015/15-2-16 | ഓഡിറ്റ് റിപ്പോർട്ട് |
| 2013-14 & 2014-15 | കെ.എസ്.എ.പി.കെ.ഡി.14/1448/16/ 10.08.16 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | കെ.എസ്.എ.പി.കെ.ഡി.14/ /16/ | ഓഡിറ്റ് റിപ്പോർട്ട് |
| 2016-17 | കെ.എസ്.എ.പി.കെ.ഡി.14 | ഓഡിറ്റ് റിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്.

# അനുബന്ധം - 1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-പികെഡി.21/1904(87)/2018 തിയതി:29-8-2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ(സാധാ)1413/ 2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പുതുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്

ഡെപ്യൂട്ടി ഡയറക്ടർ

2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വസ്തു നികുതി: സഞ്ചയയിലെ തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
2. 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ തുക വാർഷിക കണക്കിലെ ഇൻകം & എക്സ്പെൻഡിച്ചറുമായി പൊരുത്തപ്പെടുന്നില്ല.
3. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
4. ആസ്തികൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ്ക്കുള്ള ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല
5. capital work in progress എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പാർട്ട് ബിൽ തുകയ്ക്ക് വർക്ക്ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
6. ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വേണ്ടി നിർവ്വഹണ ഏജൻസികൾക്ക് നൽകുന്ന തുകകൾ “Advance to implementing agencies” എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുന്നില്ല.
7. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്റ്റോക്ക് വാല്യു സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം -2 വിവിധ പത്രികകൾ

RECEIPT & PAYMENT STATEMENT

RECEIPT & PAYMENT STATEMENT

For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 84138387.00 |
| Cash | Cash | RP-40(a) | 170574.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 14882494.00 |
| 130000000 | Rental income from Panchayat Properties | RP-3 | 1200.00 |
| 140000000 | Fees & User Charges | RP-4 | 2488878.00 |
| 150000000 | Sale & Hire Charges | RP-5 | 308376.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 103269324.00 |
| 171000000 | Interest Earned | RP-9 | 2486424.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 20487991.00 |
| 350000000 | Other Liabilities | RP-36 | 4310156.00 |
| | Non Operating | | |
| 170000000 | Income from Investments | RP-8 | 1463178.00 |
| 180000000 | Other Income | RP-10 | 14626.00 |
| 340000000 | Deposits Received | RP-34 | 346762.00 |
| 350000000 | Other Liabilities | RP-36 | 1483025.00 |
| 410000000 | Fixed Assets | RP-38 | 21436.00 |
| 420000000 | Investments | RP-41 | 10600000.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 27994732.00 |
| 460000000 | Loans, Advances and Deposits | RP-47 | 1797655.00 |
| | Grand total | | 276265218.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4660990.00 |
| 220000000 | Administrative Expenses | RP-12 | 3100086.00 |
| 230000000 | Operations & Maintenance | RP-13 | 15142630.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 13803960.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 27018158.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 5473480.00 |
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 6160626. |
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State | RP-19 | 1515831.00 |

| | | | |
|---|---|---|---|
| | Sponsored Schemes | | |
| 255000000 | Maintenance Projects | RP-20 | 9684545.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 1049553.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 10000.00 |
| 280000000 | Prior Period item | RP-26 | -218620.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 7865830.00 |
| 350000000 | Other Liabilities | RP-36 | 11531825.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 22160.00 |
| 280000000 | Prior Period Item | RP-26 | -139461.00 |
| 340000000 | Deposits Received | RP-34 | 167242.00 |
| 350000000 | Other Liabilities | RP-36 | 4391588.00 |
| 410000000 | Fixed Assets | RP-38 | 37246276.00 |
| 412000000 | Capital work in Progress | RP-40 | 14549117.00 |
| 420000000 | Investments | RP-41 | 35600000.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 19068426.00 |
| 460000000 | Loans, Advances and Deposits | RP-47 | 2134565.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 56167349.00 |
| Cash | Cash | RP-40(b) | 259062.00 |
| | Grand Total | | 276265218.00 |

INCOME & EXPENDITURE STATEMENT

For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 36080126.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 77322.00 |
| 140000000 | Fee & User Charges | I-4(b) | 4513357.00 |
| 150000000 | Sale & Hire Charges | I-5(b) | 308376.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 221521438.00 |
| 170000000 | Income from Investments | I-7 | 1463178.00 |
| 171000000 | Interest Earned | I-8 | 2486424.00 |
| 180000000 | Other Income | I-9 | 425160.00 |
| | Total Income | | 266875381.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 16056554.00 |

| | | | |
|---|---|---|---|
| 220000000 | Administrative Expenses | I-11(b) | 3106556.00 |
| 230000000 | Operations & Maintenance | I-12(b) | 16373223.00 |
| 240000000 | Interest & Finance Charges | I-13 | 22160.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 18942914.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 48280578.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 5473480.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 6160626.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 87028131.00 |
| 255000000 | Maintenance Projects | I-14(e) | 9684545.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 1049553.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 10000.00 |
| 272000000 | Depreciation | I-17(a) | 0.0 |
| | Total Expenditure | | 212188320.00 |
| | Gross Surplus/ Deficit of income over Expenditure | | 54687061.00 |
| 280000000 | Prior Period Item | I-18 | 2936446.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 51750615.00 |

BALANCE SHEET

For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 193531712.65 |
| 312000000 | Reserves | B-3 | 73309500.00 |
| | Total Reserve & Surplus | | 266841212.65 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 6937893.00 |
| | Total Grants, Contributions for Specific Purposes | | 6937893.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 927919.00 |
| 341000000 | Deposits Works | B-8 | 0.0 |
| [illegible] | [illegible] | [illegible] | [illegible] |

| | | | |
|---|---|---|---|
| 350000000 | Other Liabilities | B-9 | 3733016.05 |
| | Total Current Liabilities and Provisions | | 4660935.05 |
| | TOTAL LIABILITIES | | 278440040.70 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 124318188.00 |
| 411000000 | Accumulated Depreciation | B-11 | 10037102.00 |
| 412000000 | Capital Work in Progress | B-11(a) | 8060033.00 |
| | Total Fixed Assets | | 142415323.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 42500000.00 |
| | Total Investments | | 42500000.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 35348977.70 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 56426411.00 |
| | | | |
| 460000000 | Loand, Advances and Deposits | B-18 | 1749329.00 |
| | Total Current Assets, Loans and Advances | | 0.0 |
| | Total Current Assets, Loans and Advances | | 93524717.70 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 278440040.70 |

ഡെപ്യൂട്ടി ഡയറക്ടർ